പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ 20-ാം തീയതി സമർപ്പിച്ചത്

(Presented on 20th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

(PUBLIC WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

844/2013.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 74 |

## സബ്ജക്ട് കമ്മിറ്റി V

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
(2011–2013)

### ഘടന

ചെയർമാൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

,, ബെന്നി ബെഹനാൻ*

,, ജോസ് തെറ്റയിൽ

,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. കെ. മുരളീധരൻ

,, കെ. രാജു

,, സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

* 27-6-2012-ലെ 226-ാം നമ്പർ ബുള്ളറ്റിൻപ്രകാരം ശ്രീ. ബെന്നി ബെഹനാനെ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ലെ അംഗമായി നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

## അവതാരിക

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 18-4-2012, 24-4-2012, 8-5-2012, 12-6-2012, 17-7-2012, 13-12-2012, 13-2-2013 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 18-4-2012, 24-4-2012 എന്നീ തീയതികളിലെ യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 8-5-2012-ലെ യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടിന്റെ പരിഗണനയ്ക്കുമാണ് ചേർന്നത്. സമിതിയുടെ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണനയ്ക്കും, കരട് ചട്ടങ്ങളുടെ പരിഗണനയ്ക്കുമായി 12-6-2012-ലും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണനയ്ക്കായി 13-12-2012-ലും യോഗം ചേർന്നു. സമിതിയുടെ 2011-12 വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി 17-7-2012-ലും "2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ" പരിഗണിക്കുന്നതിനായി 13-2-2013-ലും സമിതി യോഗം ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 58% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത് ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവരങ്ങളും സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും യോഗനടപടിക്കു റിപ്പുകളിലെയും ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച ബില്ലുകളും കരട് ചട്ടങ്ങളും സമിതി സാധൂകരണം നൽകിയ എസ്.ആർ.ഒ.കളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്ത് സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 15-5-2013-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ.*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2013 മേയ് 15.

# റിപ്പോർട്ട്

## ഭാഗം 1

സമിതി 2012-13 വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 18-4-2012, 24-4-2012 എന്നീ തീയതികളിൽ നടത്തുകയും 8-5-2012-ന് കരട് റിപ്പോർട്ട് പരിഗണിക്കുകയും ചെയ്തു:

ധനാഭ്യർത്ഥന നമ്പർ IX —വാഹനനികുതികൾ

ധനാഭ്യർത്ഥന നമ്പർ XV —പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL —തുറമുഖം

ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 11-6-2012-ന് സഭയിൽ സമർപ്പിച്ചു. സമിതിയുടെ 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-7-2012-നും സമിതിയുടെ 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 28-6-2012-നും സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ:

## (2005-2006)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

പൊതുമരാമത്ത് വകുപ്പിനായി 2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1104,51,16,000 രൂപയാണ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. സമിതി മുമ്പാകെ നൽകപ്പെട്ട വിവരങ്ങൾ അനുസരിച്ച് ഏകദേശം 820 കോടി രൂപ കുടിശ്ശികയിനത്തിൽ കരാറുകാർക്ക് (31-1-2005 വരെ) കൊടുത്ത് തീർക്കാനുണ്ട്. ഈ ഭീമമായ കുടിശ്ശിക കൊടുത്ത് തീർക്കാത്തതുകൊണ്ട് കരാർ പണികൾ സുഗമമായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലവിലുളളതെന്ന് സമിതി മനസ്സിലാക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം യഥാർത്ഥത്തിൽ അപ്രസക്തമായിത്തീരുന്ന ഒരു സ്ഥിതിവിശേഷമാണ് ഇതുമൂലം സംജാതമായിരിക്കുന്നത്. ഈ കുടിശ്ശിക തുക എത്രയും വേഗം കൊടുത്ത് തീർക്കേണ്ടത് പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങളും വരുംകാല ജോലികളും ഒരളവുവരെയെങ്കിലും സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് മാത്രമായി മതിയായ തുക ബഡ്ജറ്റിൽ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

## സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം കൃത്യമായി കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിഞ്ഞിരുന്നില്ല. സാമ്പത്തിക പ്രതിസന്ധി മാറിയസ്ഥിതിക്ക് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു.

## ശുപാർശ

പുതിയ പാലങ്ങളുടെ നിർമ്മാണം, ജീർണ്ണിച്ച പാലങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ ജോലികൾ പ്ലാൻ സെക്ടറിൽ ഏറ്റെടുത്ത് ചെയ്യാൻ പല കരാറുകാരും മുന്നോട്ടുവരാത്ത ഒരു സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അടിയന്തര സ്വഭാവമുള്ള ചില ജോലികൾ നോൺ പ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി ചെയ്തു തീർക്കാനുള്ള വകുപ്പിന്റെ ശ്രമങ്ങൾ ഇതിലേക്കായി അധികതുക ചെലവഴിക്കുന്നതി ലുള്ള കടുത്ത നിയന്ത്രണങ്ങൾമൂലം പലപ്പോഴും പരാജയപ്പെടുകയാണ്. ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ഈ നിയന്ത്രണങ്ങളിൽ അയവ് വരുത്തുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അടിയന്തിര സ്വഭാവമുള്ളതും സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതുമായ ജോലികളെങ്കിലും നോൺ പ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി ചെയ്ത് തീർക്കുന്നതിലേക്കായി ആവശ്യമായ അധികതുക ഉചിതമായ മാർഗ്ഗത്തിൽ അനുവദിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സ്വീകരിച്ച നടപടി

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ആവശ്യമായ തുക അനുവദിച്ചു നൽകി.

## ശുപാർശ

ഏതാണ്ട് 8000 കിലോമീറ്റർ വരുന്ന മറ്റു ജില്ലാ റോഡുകൾ (ഒ.ഡി.ആർ.) അടുത്ത കാലത്തായി പ്രധാന ജില്ലാ റോഡുകളുടെ (എം.ഡി.ആർ.) ശ്രേണിയിലേക്ക് മാറ്റുക യുണ്ടായി. വളരെയധികം ഗതാഗത പ്രാധാന്യമുള്ള കുറെ റോഡുകളാണ് ഇങ്ങനെ മാറ്റിയത്. ഒ.ഡി.ആർ. ആയി തുടർന്നാൽ വേണ്ടത്ര സംരക്ഷണവും അറ്റകുറ്റപ്പണികളും സമയത്ത് ലഭ്യമാക്കാനാവാതെവന്ന സാഹചര്യത്തിലാണ് അവയെ എം.ഡി.ആർ. ശ്രേണിയിലേക്ക് ഉയർത്താൻ സർക്കാർ നിർബന്ധിതമായത്. എന്നാൽ ഇവയുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും പ്രത്യേകമായ പരിഗണനയോ അലോട്ട്മെന്റോ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ഈ റോഡുകളുടെ സംരക്ഷണ ചെലവുകൾ കൂടി കണക്കിലെടുത്താൽ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണ്. 8000 കിലോമീറ്റർ റോഡുകൾ കൂടി എം.ഡി.ആർ. ശ്രേണിയിൽ ഉൾപ്പെടുത്തിയതു മൂലമുള്ള അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് നോൺ പ്ലാൻ വിഭാഗത്തിൽ അനുസൃതമായ വർദ്ധന അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരമുള്ള 8000 കി.മീ. റോഡുകൾ കൂടി എം.ഡി.ആർ. ശ്രേണിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. ആയതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പിനെ ഏല്പിച്ച നിർമ്മാണ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെയിരിക്കുന്ന സാഹചര്യം പല സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും തങ്ങളുടേതായ പ്രത്യേക സിവിൽ എഞ്ചിനീയറിംഗ് വിംഗ് വേണമെന്ന് ആവശ്യപ്പെടുന്നതിന് ഇടയാക്കിയിരിക്കുകയാണ്. ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം സമാന്തര സംവിധാനങ്ങൾ സർക്കാരിന് ആവർത്തന സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ പ്രവൃത്തികളുടെ ഗുണനിയന്ത്രണം ഉറപ്പുവരുത്തുന്നതിനും പരിമിതികൾ ഉണ്ടാകാം. ഇതരവകുപ്പുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ആ വകുപ്പുകളുടെ നിർമ്മാണ ജോലികൾക്കായി പ്രയോജനപ്പെടുത്തണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ 18-10-2002-ലെ ഉത്തരവ് നടപ്പാക്കി പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പ് മറ്റ് വകുപ്പുകൾക്കായി ഏറ്റെടുക്കുന്ന നിർമ്മാണ ജോലികളുടെ ബിൽ തീർപ്പാക്കൽ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തിയാക്കാൻവേണ്ട സാഹചര്യം സൃഷ്ടിക്കണമെന്നും ഇതിനായി വേണ്ട വ്യക്തമായ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും അടിയന്തിരമായി പുറപ്പെടുവിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുക അനുവദിച്ചു നൽകുന്നതിന് കാലതാമസം നേരിടുകയും സർക്കാരിന്റെ സാമ്പത്തികം മെച്ചപ്പെട്ടുവന്ന മുറയ്ക്ക് തുടർവർഷങ്ങളിൽ കരാറുകാർക്ക് കുടിശ്ശിക തുക അനുവദിച്ചു നൽകിവരുന്നു.

ശുപാർശ

5054-04-800-89(01), 5054-04-800-89(02)—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ

ഈ സാമ്പത്തിക വർഷം നബാർഡിന്റെ സഹായത്തോടെയുള്ള നിർമ്മാണ പ്രവൃർത്തികൾക്കായി പ്രത്യേകം തുകയൊന്നും വകകൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. നബാർഡിൽ നിന്നും പദ്ധതികൾക്കായി റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ മാത്രമെ സഹായം ലഭിക്കുകയുള്ളു എന്നതിനാൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം മാറ്റിക്കൊടുക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ഇതിനായി തുക കണ്ടെത്താൻ വകുപ്പിന് പലപ്പോഴും നിർവ്വാഹമില്ലാത്തതിനാൽ നബാർഡിൽ നിന്നും ലഭിക്കേണ്ട തുക യഥാസമയം വാങ്ങിയെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രത്യേക വിഹിതം നീക്കിവയ്ക്കാതിരിക്കുന്നത് നബാർഡിന്റെ സഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി കരുതുന്നു.

ഇതിലേക്ക് മാറ്റിവയ്ക്കുകയും ചെലവാക്കുകയും ചെയ്യുന്ന തുകയത്രയും താമസംവിനാ റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതായിട്ടും, ആവശ്യമായ തുക അനുവദിക്കാതിരുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. മറ്റു സംസ്ഥാനങ്ങൾക്കായി നബാർഡ് നീക്കിവച്ച തുകയിൽ വേണ്ടത്ര പ്രോജക്റ്റുകൾ ലഭിക്കാതിരിക്കുന്നത് കാരണം സർപ്ലസ് ആയി അവശേഷിക്കുന്ന തുക നമ്മുടെ സംസ്ഥാനത്തെ പ്രോജക്ടുകൾക്കായി വാങ്ങിയെടുക്കാവുന്ന ഒരു സാഹചര്യംപോലും ഇന്നുണ്ട്. ഇതിനായി പരമാവധി പ്രോജക്റ്റുകൾ തയ്യാറാക്കി നൽകിയാൽ മാത്രംമതി. സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി പ്രോജക്റ്റുകൾക്കുള്ള പ്രൊപ്പോസൽ കാലതാമസം ഒഴിവാക്കി നബാർഡിന് സമർപ്പിച്ചാൽ ഈ അധിക സഹായവും നമുക്ക് നേടിയെടുക്കാനാവും. കഴിഞ്ഞ സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലും (2004-05) ഈ ഇനത്തിൽ സമിതി ആവശ്യമായ തുക അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തിരുന്നെങ്കിലും വേണ്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ ഇനത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി വീണ്ടും ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അനുവദിച്ചു.

<u>ശുപാർശ</u>

3054-80-800-99—<u>സാധാരണ അറ്റകുറ്റപ്പണികൾ</u>

ബിറ്റുമിൻ ലഭിക്കുന്നതിലേക്ക് പണം മുൻകൂറായി നൽകണമെന്ന റിഫൈനറികളുടെ നിബന്ധനമൂലം ബിറ്റുമിൻ ആവശ്യത്തിനും യഥാസമയത്തും ലഭിക്കാത്ത ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ബിറ്റുമിൻ വാങ്ങിയ വകയിൽ ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുകയും ചെയ്യുന്നു. ആവശ്യാനുസരണം ബിറ്റുമിൻ ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥമൂലം മരാമത്തുജോലികളിൽ, പ്രത്യേകിച്ച് റോഡ് പണികളിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ സ്ഥിതിവിശേഷം അതിജീവിക്കുന്നതിനായി അധിക ഫണ്ട് ലഭ്യമാക്കണമെന്ന് കഴിഞ്ഞ വർഷങ്ങളിൽ സമിതി ശുപാർശ നൽകിയിരുന്നെങ്കിലും ഇക്കാര്യത്തിൽ വേണ്ട നടപടികൾ ഇതുവരെയും സ്വീകരിച്ചതായി കാണുന്നില്ല. റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും പുനർനിർമ്മാണവും ഒരു പുതിയ ഉണർവോടെ ഏറ്റെടുത്ത് നടത്തിവരുന്ന ഇക്കാലത്ത് ബിറ്റുമിന്റെ ലഭ്യത സുഗമമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ബിറ്റുമിൻ വാങ്ങിയ വകയിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക നൽകി ബിറ്റുമിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 75 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അനുവദിച്ചു.

## (2006-2007)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

<u>ശുപാർശ</u>

പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് 31-3-2006 വരെ നൽകുവാനുള്ള കുടിശ്ശിക തുക 645 കോടി രൂപയാണ്. സമിതിയുടെ 2005-06-ലെ അഞ്ചാമത് റിപ്പോർട്ടിൽ കരാർ കുടിശ്ശിക യഥാസമയം കൊടുത്തുതീർക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാണിച്ചിരുന്നു. കുടിശ്ശിക തുക സമയബന്ധിതമായി കൊടുത്തു തീർത്താൽ മാത്രമെ മരാമത്ത് പണികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളു എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. കരാറുകാരുടെ കുടിശ്ശിക തുക വർഷംതോറും കൂടിവരികയാണെന്നും, കോടതി ഉത്തരവിലൂടെ പലിശകൂടി നല്കേണ്ട സാഹചര്യവും കണക്കിലെടുത്ത് കരാർ കുടിശ്ശിക തീർക്കാൻ മതിയായ തുക തന്നാണ്ടിലെ ബഡ്ജറ്റിൽ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി വീണ്ടും ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ കരാറുകാർക്കുള്ള കുടിശ്ശിക തുക സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം നൽകാൻ കഴിഞ്ഞിട്ടില്ല. 2009-2010-ഓടെ പൂർണ്ണമായും കൊടുത്തു തീർത്തു.

<u>ശുപാർശ</u>

**2. പ്ലാൻ പദ്ധതി**

ഈ സാമ്പത്തിക വർഷം (2006-07) റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി വകകൊള്ളിച്ച തുക ചുവടെ ചേർക്കുന്നു:

(1) സംസ്ഥാന പാത —പാലങ്ങളും കലിങ്കുകളും—3.26 കോടി

(2) സംസ്ഥാന പാത —വികസനവും പുനരുദ്ധാരണവും—7.31 കോടി

(3) ജില്ലാതല റോഡുകൾ —പാലങ്ങളും കലിങ്കുകളും—3.52 കോടി

(4) ജില്ലാതല റോഡുകൾ —വികസനവും പുനരുദ്ധാരണവും—8.58 കോടി

കഴിഞ്ഞ സാമ്പത്തികവർഷം റോഡുകളുടേയും പാലങ്ങളുടേയും വികസനത്തിനായി സർക്കാർ 370 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ഈ വകുപ്പിൽ നിന്ന് സാങ്കേതിക അനുമതി 250 കോടി രൂപയായി നിജപ്പെടുത്തുകയുണ്ടായി. ആയതിനാൽ 100 കോടിയോളം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നാളിതുവരെ നൽകിയിട്ടില്ലെന്ന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ വ്യക്തമാക്കി. ഈ സാമ്പത്തിക വർഷം 2936 നിർമ്മാണപ്രവൃത്തികൾ ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളളതിൽ 1500-ൽപ്പരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ 2006-07-ൽ നീക്കിവച്ചിട്ടുള്ള 22.68 കോടി രൂപ കഴിഞ്ഞ വർഷം ഇതേ ആവശ്യത്തിന് അനുവദിച്ച തുകയേക്കാൾ വളരെ കുറവാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ ഈ സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയുടെ തുക 350 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം 2006-07 വർഷം അധിക തുകയൊന്നും അനുവദിച്ചില്ല. പ്ലാൻ ഇനത്തിൽ 96.29 കോടി രൂപയുടെ പുതിയ ഭരണാനുമതി നൽകുകയുണ്ടായി.

<u>ശുപാർശ</u>

**നോൺ പ്ലാൻ പദ്ധതി**

ഈ സാമ്പത്തിക വർഷം (2006-07) സംസ്ഥാനത്തുടനീളം വരുന്ന അറ്റകുറ്റപ്പണികൾക്കായി വകകൊളളിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

| | | | (രൂപ കോടിയിൽ) |
|---|---|---|---|
| 1. | സാധാരണ അറ്റകുറ്റപ്പണികൾ | .. | 97 |
| 2. | ഉപരിതല പുതുക്കൽ | .. | 119 |
| 3 | പ്രത്യേക അറ്റകുറ്റപ്പണികൾ | .. | 62 |
| 4 | വെള്ളക്കെടുതി അറ്റകുറ്റപ്പണികൾ | .. | 21 |
| | ആകെ | .. | 299 |

സംസ്ഥാനത്തുടനീളമുള്ള 17708 കി.മീ. ദൈർഘ്യമുള്ള റോഡുകളിൽ വർഷംതോറും 80% സാധാരണ അറ്റകുറ്റപ്പണികളും 20% ഉപരിതലം പുതുക്കലും നടത്തിവരുന്നതായും ഈ വർഷത്തെ അറ്റകുറ്റപ്പണികൾക്ക് 395 കോടി രൂപ ആവശ്യം ആണെന്നും സമിതി മനസ്സിലാക്കുന്നു. കാലാകാലങ്ങളിൽ (80% കുഴിയടക്കലും 20% ഉപരിതലം പുതുക്കലും) കൃത്യമായി ചെയ്യാതിരുന്നതിനാലും കാലവർഷക്കെടുതി കൊണ്ടും റോഡുകൾ ശോചനീയമായ അവസ്ഥയിലാണ്. റോഡുകളുടെ അറ്റകുറ്റപ്പണി കൾക്കായി 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിച്ചു.

## III. (2007-08)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശുപാർശ

2059-01-051—ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്ക് 2007-08 വർഷത്തേക്ക് 5 കോടി 5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ അധികമായി 3 കോടി 85 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 385 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

2059-01-53—ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 41 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 32,53,60,000 രൂപ അപര്യാപ്തമായതിനാൽ 8,96,40,000 രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക അധികമായി അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

2059-60-051—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും, കൂടാതെ വി.ഐ.പി. വിസിറ്റിന് ആവശ്യംവരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 8,25,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,50,00,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ ശീർഷകത്തിൽ 6,75,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ആകെ ചെലവിനം 598.80 ലക്ഷമാണ്. അതിൽ 448.80 ലക്ഷം രൂപ അധികമായി അനുവദിച്ചതാണ്.

<u>ശുപാർശ</u>

2059-80-001-99—ചീഫ് എഞ്ചിനീയർ—ഭരണവും നടത്തിപ്പും

കെട്ടിട വിഭാഗത്തിലെ ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളയിനത്തിൽ 3 കോടി 10 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2,27,72,000 രൂപയെ അനുവദിച്ചിട്ടുള്ളു. ഈ ശീർഷകത്തിൽ 82,28,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2059-80-052—ജനറൽ—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപ്പണികളും മുതലായവ ഉൾപ്പെട്ടിരിക്കുന്ന ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്ന സ്ഥാനത്ത് 20.01 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും ആവശ്യമായി വന്നില്ല.

<u>ശുപാർശ</u>

2059-80-053—ജനറൽ—സംരക്ഷണവും അറ്റകുറ്റപണികളും

കെട്ടിടങ്ങളുടെ സംരക്ഷണം അറ്റകുറ്റപ്പണികൾ, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കൽ, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം എന്നിവയിലേക്ക് 26,75,00,000 രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. 20,45,80,000 രൂപ അനുവദിച്ചതിന് പുറമേ 6,30,00,000 രൂപ കൂടി ഉചിതമാർഗ്ഗത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

2059-80-800—മറ്റു ചെലവുകൾ

ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നത് 201.92 ലക്ഷം രൂപയായിരുന്നെങ്കിലും അനുവദിച്ചത് 96.04 ലക്ഷം രൂപയാണ്. ന്യൂഡൽഹിയിലെ കേരളാ ഹൗസിൽ ധാരാളം പണികൾ ചെയ്ത് തീർക്കാനുള്ളതിനാൽ അധികമായി 105 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

3054-01-001-99—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. അനുവദിച്ചിരിക്കുന്ന 1,65,11,000 രൂപ അപര്യാപ്തമായതിനാൽ 24 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

മൊത്തം ചെലവ് 1,45,27,961 രൂപ ആയതിനാൽ അധികമായി തുക ആവശ്യം വന്നില്ല.

ശുപാർശ

3054-01-001-98—മേൽനോട്ടവും—നിർവ്വഹണവും

ദേശീയപാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധതരം പരിശോധനകൾക്കും അടിയന്തിര ആവശ്യങ്ങൾക്കുമായി ഡിവിഷണൽ എഞ്ചിനീയർമാർ കൂടുതൽ യാത്ര ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ഓഫീസ് ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ., മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നിവയിൽ 23 ലക്ഷം രൂപ കൂടി അധികമായി ഉചിതമാർഗ്ഗത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഓഫീസ് ചെലവ് മറ്റ് ഇനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ മൊത്തം ചെലവ് അനുവദിച്ച തുകയേക്കാൾ കുറവായിരുന്നതിനാൽ അധികതുക ആവശ്യപ്പെടേണ്ടിവന്നില്ല. ഈ ശീർഷകത്തിലെ മൊത്തം ചെലവ് 18,47,31,369 ആണ്.

ശുപാർശ

3054-01-104-800—നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണം

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിന് 1,01,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 1,59,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ഈ ഇനത്തിലെ മൊത്തം ചെലവ് 27,77,118 രൂപയാണ്. അധികമായി ആവശ്യം വന്ന തുക അനുവദിച്ച് കിട്ടിയിട്ടുണ്ട്.

ശുപാർശ

3054-01-800-99—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന എൻ.എച്ചിന്റെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന 61,75,000 രൂപ അപര്യാപ്തമാണ്. ആകയാൽ 1,38,25,000 രൂപ കൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ഈ ഇനത്തിലെ മൊത്തം ചെലവ് 60,58,928 രൂപയാണ്. അധികമായി തുക ആവശ്യം വന്നില്ല.

ശുപാർശ

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന ആഴൂർക്കടവ് പാലത്തിന്റെ ഈ വർഷത്തെ തുടർനടപടികൾക്കായി അനുവദിച്ചിരിക്കുന്ന 596.20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 303.80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 596.20 ലക്ഷം രൂപ ചില സാങ്കേതിക കാരണങ്ങളാൽ നടപ്പ് വർഷം ചെലവാക്കാൻ സാധിച്ചില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ

3054-05-337-99—സി.ആർ.എഫ്. റോഡുകൾ—സാധാരണ വിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽ വരുന്ന റോഡുകൾ, കടപ്ര-വീയപുരം റോഡ് എന്നിവയ്ക്കായി മൊത്തം 75 കോടിയോളം രൂപ ചെലവ് വരും എന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 40 കോടിക്ക് പുറമേ 35 കോടി രൂപകൂടി അനുവദിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 28.87 കോടി രൂപ മാത്രമേ ചെലവായിട്ടുള്ളു. ആയതിനാൽ അധികതുക ആവശ്യമായി വന്നിട്ടില്ല.

ശുപാർശ

3054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം, അമരവിള-പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികളുടെ മൂന്നാം ഘട്ടം അടിയന്തിരമായി തീർക്കേണ്ടതിനാൽ നിലവിലുള്ള 172.70 ലക്ഷം രൂപയ്ക്ക് പുറമേ 52.30 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ഉചിതമാർഗ്ഗത്തിൽ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

2007-2008-ൽ തുകയൊന്നും ചെലവാക്കിയിട്ടില്ലാത്തതിനാൽ അധികതുക ആവശ്യമായി വന്നിട്ടില്ല.

ശുപാർശ

3054-80-001-99—റോഡുകളും പാലങ്ങളും (ഭരണവും നടത്തിപ്പും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റ് ഓഫീസ് ചെലവുകൾ കൂടാതെ എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിന് വേണ്ടിയുള്ള സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ അപ്രിന്റീസുകൾക്കുള്ള സ്റ്റൈപ്പന്റുകൾ എന്നിവ ഈ ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനാൽ അനുവദിച്ചിട്ടുള്ള 367.55 ലക്ഷം രൂപ

പര്യാപ്തമല്ല. യാത്രാചെലവ്, ഓഫീസ് ചെലവ്, പി.ഒ.എൽ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി 18 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 295.23 ലക്ഷത്തിന് പുറമെ യാത്രാച്ചെലവ്, ഓഫീസ്ച്ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി 7 ലക്ഷം രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എൻജിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സി.എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2007-08-ൽ വകയിരുത്തിയിട്ടുള്ള 6519.36 ലക്ഷം രൂപ കൂടാതെ ഓഫീസ് ചെലവുകൾക്കായി 10 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾക്കായി 10 ലക്ഷം രൂപയും മറ്റു ചെലവുകൾക്ക് 1 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 40 ലക്ഷം രൂപയും ഉൾപ്പെടെ 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-004-98—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോളർ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ) ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകൾക്കുമായി 218.89 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്നു. ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി ചെലവ് വരുമെന്നുള്ളതിനാൽ പ്രസ്തുത തുക ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാ പഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായ പഠനം നടത്തുവാനായി 2007-08 വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-107-97—റെയിൽവേ സുരക്ഷിതത്വപണികൾ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനും മറ്റുമായി റെയിൽവേക്ക് നൽകേണ്ട കുടിശ്ശിക ഏകദേശം 150 ലക്ഷം ആണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം കൂടാതെ കുടിശ്ശിക നൽകുന്നതിനായി 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-99—റോഡുകളും പാലങ്ങളും ജനറൽ സാധാരണ അറ്റകുറ്റപ്പണികൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 9827.25 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള തുകയും റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനും ഉപയോഗിക്കുന്നു. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനും പണി തടസ്സംകൂടാതെ നടത്തുന്നതിനാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനും ഉചിതമാർഗ്ഗേണ 361 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്ന ഇനത്തിൽ കരാറുകാർക്ക് കഴിഞ്ഞ വർഷം മാത്രം ഏകദേശം 107 കോടി രൂപ കൊടുത്തു തീർക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 2007-08-ലേക്ക് അനുവദിച്ചിരിക്കുന്ന 120,77,21,000 രൂപ അപര്യാപ്തമായതിനാൽ 195 കോടി രൂപകൂടി ഉപധനാഭ്യർത്ഥനവഴി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-95—റോഡ് സുരക്ഷിതത്വങ്ങൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വചാലുകൾ മുതലായവ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 47 ലക്ഷം രൂപ കുടിശ്ശികയുണ്ട്. എന്നാൽ ബഡ്ജറ്റ് വിഹിതമായി യാതൊരു തുകയും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-94(1)—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾക്കായി 2007-08-ൽ 11,56,99,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. ഈ ഇനത്തിൽ കുടിശ്ശികമാത്രം 366 കോടി രൂപയായിരിക്കുകയാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 40 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

പൊതുമരാമത്ത് (ദേശീയപാത) അധികമായി തുക ആവശ്യമായി വന്നില്ല. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-94(02)—കടത്ത് സൗകര്യങ്ങൾക്കുള്ള സഹായം

കടത്ത് സൗകര്യങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുംവേണ്ടി 2007-08-ൽ 40.23 ലക്ഷം മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ വളരെയധികം തുക കുടിശ്ശിക കൊടുത്തുതീർക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

പൊതുമരാമത്ത് (ദേശീയപാത) അധികമായി തുക ആവശ്യമായി വന്നില്ല. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-94(07)—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 2 കോടി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

പൊതുമരാമത്ത് (ദേശീയപാത) അധികമായി തുക ആവശ്യമായി വന്നില്ല. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

4059-01-051-96—പൊതുമരാമത്ത് മൂലധനച്ചെലവ്, ഭൂനികുതി

ഭൂനികുതി വകുപ്പിലെ വിവിധ പണികൾക്കായി നടപ്പുവർഷം 212.1 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5,40,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഭരണാനുമതി ലഭിച്ച പല വില്ലേജ് ഓഫീസുകളുടേയും കെട്ടിട നിർമ്മാണത്തിനുവേണ്ടി വളരെയധികം തുക ആവശ്യമായിവന്നിരിക്കുകയാണ്. ആയതിനാൽ 206.70 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

ഭൂനികുതി വകുപ്പിലെ മരാമത്ത് പണികളുടെ 2007-08-ൽ ആകെ ചെലവ് 20.50 ലക്ഷമാണ്. അതിൽ 15.10 ലക്ഷം രൂപ അധികമായി അനുവദിച്ചതാണ്.

ശുപാർശ

4059-01-051-95—പൊതുമരാമത്ത് മൂലധനച്ചെലവ് മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി 26,61,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പല രജിസ്ട്രാർ ഓഫീസുകളും പഴക്കംചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ പുതിയ കെട്ടിടനിർമ്മാണം ആവശ്യമായതിനാൽ 221.49 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികളുടെ ആകെ ചെലവ് 43.91 ലക്ഷം രൂപയാണ്. അതിൽ 17.30 ലക്ഷം രൂപ അധികമായി അനുവദിച്ചുതന്നതാണ്.

ശുപാർശ

4059-01-051-94—പൊതുമരാമത്ത് മൂലധനച്ചെലവ് സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 652 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 37.43 ലക്ഷം രൂപ മാത്രമാണ് അനുവദിക്കപ്പെട്ടത്. വകുപ്പിലെ പല മേജർ പണികളും പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ 614.57 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ മരാമത്ത് പണികൾക്കായി ആകെ ചെലവ് 210.51 ലക്ഷം അതിൽ 173.08 ലക്ഷം അധികമായി അനുവദിച്ചുതന്നതാണ്.

ശുപാർശ

4059-01-051-93—പൊതുമരാമത്ത് മൂലധനച്ചെലവ്—വിൽപ്പന നികുതി

വാണിജ്യ നികുതി വകുപ്പിന്റെ പല പുതിയ ജോലികളും ഈ വർഷം ഏറ്റെടുക്കേണ്ടതായുണ്ട്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 26,61,000 രൂപ തീരെ അപര്യാപ്തമായതിനാൽ 406.35 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

വാണിജ്യ നികുതി വകുപ്പിന്റെ മരാമത്ത് പണികളുടെ അകെ ചെലവ് 389.47 ലക്ഷമാണ് അതിൽ 362.86 ലക്ഷം അധികമായി അനുവദിച്ചുതന്നതാണ്.

ശുപാർശ

4059-01-051-91—പൊതുമരാമത്ത് മൂലധനച്ചെലവ്—സെക്രട്ടേറിയറ്റ് സർവ്വീസ്

2007-08 വർഷത്തെ പണികൾക്കായി 57 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5,40,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 51,60,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-90—പൊതുമരാമത്ത് മൂലധനച്ചെലവ്—ട്രഷറിയും അക്കൗണ്ട് ഭരണവും

സംസ്ഥാനത്തെ ട്രഷറികളുടെ നിർമ്മാണത്തിനായി 2007-08 വർഷത്തേക്ക് 37.43 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ വർഷം വളരെയധികം പണികൾ ചെയ്തു തീർക്കേണ്ടതിനാൽ അധികമായി 68.85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ട്രഷറികളുടെ നിർമ്മാണത്തിനായി 2007-08-ൽ ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ ഓഫീസ് കെട്ടിടങ്ങളുടെ വിവിധ സിവിൽ പണികൾക്കായി 2007-08-ലേക്ക് 2,52,42,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഭരണാനുമതി ലഭിച്ച സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണ ജോലികൾ ഏറ്റെടുക്കുന്നതിനും നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും കുടിശ്ശിക തീർക്കാനുമായി നടപ്പുവർഷം 15 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ഓഫീസ് കെട്ടിടങ്ങളുടെയും വിവിധ സിവിൽ സ്റ്റേഷനുകളുടെയും മരാമത്ത് പണികൾക്കായി ആകെ ചെലവ് 2390.52 ലക്ഷമാണ്. അതിൽ 2138.10 ലക്ഷം അധികമായി അനുവദിച്ചുതന്നതാണ്.

ശുപാർശ

4059-01-051-76(01)—പൊതുമരാമത്ത് മൂലധനച്ചെലവ്—ഫയർ സ്റ്റേഷൻ

XII-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ചെയ്യുന്ന പണികൾക്കായി ഈ വർഷം ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-76(02)—പൊതുമരാമത്ത് മൂലധനച്ചെലവ്—ജുഡീഷ്യറി

XII-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പണികൾക്കായി ഈ ശീർഷകത്തിൽ 2007-08-ലേക്ക് തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. മാത്രമല്ല പൂർത്തിയാക്കിയ പണികൾക്കായി 14.68 ലക്ഷം രൂപ കുടിശ്ശിക നൽകാനുമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

XII-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പണികളുടെ ആകെ ചെലവ് 5.89 ലക്ഷം രൂപയാണ്. ഈ തുക അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

4059-60-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്—നീതിന്യായം

ഹൈക്കോടതിയുടെയും മറ്റ് കോടതി കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ള 655.98 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഉപധനാഭ്യർത്ഥന വഴി 720 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

ഹൈക്കോടതികളുടെയും മറ്റു കോടതികളുടെയും നിർമ്മാണത്തിനായി ആകെ ചെലവ് 717.26 ലക്ഷം രൂപയാണ് അതിൽ 61.28 ലക്ഷം രൂപ അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

4059-60-051-88—പൊതുമരാമത്ത് മൂലധനച്ചെലവ്—ജയിലുകൾ

ജയിൽ വകുപ്പിന്റെ പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 21.42 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുളളത്. പുതിയ പണികൾ ഏറ്റെടുക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനുമായി ഈ സാമ്പത്തികവർഷം അനുവദിച്ച തുകയ്ക്ക് പുറമെ 308.58 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ജയിൽ വകുപ്പിന്റെ മരാമത്ത് പണികൾക്കായി ആകെ ചെലവായത് 159.13 ലക്ഷമാണ് ആയതിനാൽ 137.71 ലക്ഷം രൂപ അധികമായി അനുവദിച്ചു കിട്ടിയതാണ്.

ശുപാർശ

4059-60-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾ, ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ പണികൾ വാണിജ്യവകുപ്പിന്റെ കെട്ടിടങ്ങളുടെ പണികൾ എന്നിവയ്ക്ക് ആവശ്യമായ തുക ഈ ശീർഷകത്തിലാണ് വകകൊള്ളിച്ചിരിക്കുന്നത്. നടന്നുകൊണ്ടിരിക്കുന്നതും, ഭരണാനുമതി ലഭിച്ച പണികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയും കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 328.29 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളുടെയും മറ്റു പല വകുപ്പുകളുടെയും കെട്ടിടങ്ങളുടെയും പണികൾക്കായി ആകെ ചെലവഴിച്ചത് 203.57 ലക്ഷം രൂപയാണ് ഈ തുക മുഴുവനും അധികമായി അനുവദിച്ചുതന്നിട്ടുള്ളതാണ്.

### ശുപാർശ

4059-60-051-85—പൊതുമരാമത്ത് മൂലധനച്ചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും 369.50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപ്പുസാമ്പത്തികവർഷത്തേക്ക് 83.86 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. നടപ്പ് പണികൾക്കും പുതിയ ജോലികൾക്കും കുടിശ്ശിക തീർക്കാനുമായി 285.64 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

### സ്വീകരിച്ച നടപടി

ഫയർ സ്റ്റേഷനുകളുടെ മരാമത്ത് പണികൾക്കായി ആകെ ചെലവഴിച്ചത് 97.91 ലക്ഷം രൂപയാണ് അതിൽ 14.05 ലക്ഷം രൂപ അധികമായി അനുവദിച്ചുതന്നിട്ടുള്ളതാണ്.

### ശുപാർശ

4059-60-051-77—പൊതുമരാമത്ത് മൂലധനച്ചെലവ് നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

നിയമസഭാ സമാജികർക്കുവേണ്ടിയുള്ള ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് 2007-08 ബഡ്ജറ്റിൽ 4.12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ 95.88 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

### സ്വീകരിച്ച നടപടി

നിയമസഭ സാമാജികരുടെ ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി 2007-08-ൽ 27.87 ലക്ഷം രൂപ ചെലവഴിച്ചു. അതിൽ 23.75 ലക്ഷം രൂപ അധികമായി അനുവദിച്ചുകിട്ടിയതാണ്.

### ശുപാർശ

5054-01-052-99—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങാൻ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം തുകയൊന്നും അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ

5054-03-101-99—സംസ്ഥാന രാജപാതകൾ—പാലങ്ങളും കലുങ്കുകളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി 2006-07 വർഷത്തിന്റെ 50% തുകയേ 2007-08 വർഷം വകയിരുത്തിയിട്ടുള്ളു. നിലവിലുള്ള സംസ്ഥാന രാജപാതയിലെ പാലങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകുക യുണ്ടായി.

ശുപാർശ

5054-03-337-98—സംസ്ഥാന രാജപാതകൾ—വികസനവും പരിഷ്ക്കരണവും

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം പരിഷ്കരണം മുതലായ ജോലികൾക്കുള്ള തുകയാണ് ഈ കണക്കിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ സംസ്ഥാന രാജപാതകളുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകുക യുണ്ടായി.

ശുപാർശ

5054-04-800-98—പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ കണക്കിലാണ് ഉൾക്കൊളളിച്ചിരിക്കുന്നത്. 9425 കി.മീ. റോഡുകളുടെ വികസനത്തിനും പരിഷ്കരണത്തിനും 10,000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ച് നൽകി

<u>ശുപാർശ</u>

5054-04-800-97—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്ക് വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ ടി ഇനത്തിൽ 100 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ച് നൽകി.

<u>ശുപാർശ</u>

5054-04-600-93—മലമ്പാതകൾ

മലമ്പാതകളുടെ നിർമ്മാണത്തിനും അവയിലെ പാലങ്ങളുടെയും കലുങ്കുകളുടെയും വികസനം, പരിഷ്കരണം എന്നിവയ്ക്കുമാണ് ഈ ഹെഡ്ഡിൽ തുക വകയിരുത്തിയിരിക്കുന്നത്. ടി ഹെഡ്ഡിൽ ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 100 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ച് നൽകി.

<u>ശുപാർശ</u>

5054-04-800-89(01)—നബാർഡ് സഹായത്തോടെയുള്ള പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന 7001.65 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. മാത്രമല്ല റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക ഒന്നും വകയിരുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ 60 കോടി രൂപ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

5054-80-052-98—റോഡുകളും പാലങ്ങളും, പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന്

റോഡുകൾക്കും കലുങ്കു നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനുംവേണ്ടി തുകയൊന്നും അനുവദിച്ചതായി കാണുന്നില്ല. ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

5054-80-800-96—റോഡുകളും പാലങ്ങളും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്ക്കരണം

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡുകളുടെ നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്ക് ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. ഈയിനത്തിൽ 355.63 ലക്ഷം രൂപ കുടിശ്ശികയുണ്ട്. കൂടാതെ ഈ വർഷം അനുവദിച്ച പണികൾ ഏറ്റെടുത്ത് നടത്തേണ്ടതുമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

5054-80-800-82—പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി അനുവദിച്ച 4.12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

5054-80-800-81—റെയിൽവേ സുരക്ഷിതത്വപണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി വകയിരുത്തിയിട്ടുള്ള 32.95 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചുനൽകി.

പൊതു ശുപാർശ

ധനാഭ്യർത്ഥന XV പ്രകാരം പൊതുമരാമത്ത് വകുപ്പിനുവേണ്ടി 2007-08-ലേക്ക് ആകെ 1699.98 കോടി രൂപ വകകൊളളിച്ചിട്ടുണ്ട് (പ്ലാൻ ഇനത്തിൽ 728.90 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 911.08 കോടി രൂപയും). ദേശീയപാത അടക്കം റോഡുകളും പാലങ്ങളും വിഭാഗത്തിലും കെട്ടിട വിഭാഗത്തെ സംബന്ധിച്ചും നടന്നുകൊണ്ടിരിക്കുന്ന പണി പൂർത്തിയാക്കാനും പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനുമായി റവന്യൂ കണക്കിലും മൂലധന കണക്കിലുമായി 2007-08-ലേക്ക് ഇപ്പോൾ വകയിരുത്തിയ അടങ്കലുകൾ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമേ 1625.75 കോടി രൂപ (പ്ലാൻ ഇനത്തിൽ 765.18 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 860.57 കോടി രൂപയും) അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ സമിതി ശുപാർശ പ്രകാരം പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും ആവശ്യമായ തുക അനുവദിച്ച് നൽകി.

ശുപാർശ

C.R.F. പണികൾക്ക് 10 കോടി രൂപയാണ് കേന്ദ്രം അനുവദിക്കുന്നത്. വർക്കിന്റെ എസ്റ്റിമേറ്റ് 12 കോടിയോ അതിൽ കൂടുതലോ ആകാറുണ്ട്. അനുവദിക്കുന്ന തുകയുടെ 10 ശതമാനം കൂടി കേന്ദ്ര സർക്കാർ നൽകുന്നുണ്ട്. ബാക്കിവരുന്ന ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. എന്നാൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ അധികമായി വരുന്ന തുക അനുവദിക്കുന്നതിന് പലപ്പോഴും സംസ്ഥാന സർക്കാരിന് കഴിയുന്നില്ല. സംസ്ഥാന സർക്കാർ തുക അനുവദിക്കാത്തതിനാൽ പൂർത്തിയാകാതെ കിടക്കുന്ന C.R.F. വർക്കുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

2007-2008-ൽ C.R.F. പണികൾക്ക് ഫണ്ട് ദൗർലഭ്യംമൂലം അനുമതി കിട്ടിയ പ്രവൃത്തികളൊന്നും പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിട്ടില്ല. അന്ന് നിലവിലുണ്ടായിരുന്ന പണികളിൽ ഏഴെണ്ണം പൂർത്തീകരിക്കുകയും ഒരെണ്ണം പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

ശുപാർശ

15 ലക്ഷം രൂപയിൽ താഴെവരുന്ന റോഡുപണികൾക്കായുള്ള ടാർ വകുപ്പ് വാങ്ങി നല്കുകയും 15 ലക്ഷത്തിൽ കൂടുതലുള്ളത് കോൺട്രാക്ടർമാർ വാങ്ങുകയുമാണ് ചെയ്യുന്നത്. എം.എൽ.എ./എം.പി.-മാരുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന റോഡുപണികളിൽ ടാറിന് എക്സസ് വന്നാൽ വകുപ്പ് അത് അനുവദിക്കാത്തതുകാരണം പല പണികളും മുടങ്ങിക്കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ടാർ വാങ്ങിയ ഇനത്തിൽ നിലവിലുള്ള എക്സസ് ബില്ലുകൾ നൽകുന്നതിന് ധനകാര്യവകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതായിട്ടില്ല.

ശുപാർശ

നടപടിക്രമങ്ങൾ പൂർത്തിയാക്കിയ റോഡുകൾ, നബാർഡ്, പി.എം.ജി.എസ്.വൈ. എന്നീ സ്കീമുകളിലുള്ള റോഡുകൾ എന്നിവ അടിയന്തരമായി പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് പൂർത്തീകരിക്കണമെന്നും, ബഡ്ജറ്റിൽ തുക വകയിരുത്താത്തതുമൂലം മുടങ്ങിക്കിടക്കുന്ന ഹിൽ ഹൈവേയുടെ പ്രവൃത്തികൾ നബാർഡിൽ നിന്നോ മറ്റ് ഏജൻസികളുടെയോ സഹായംതേടി പൂർത്തീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ഹിൽ ഹൈവേയുടെ അലൈൻമെന്റ് സർക്കാർ തലത്തിൽ നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ സമിതിയുടെ ശുപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ

റോഡുകളുടെ ഉപരിതലം പുതുക്കാൻ 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച 160 കോടി രൂപ ബഡ്ജറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തണമെന്നും അത്യാവശ്യഘട്ടത്തിൽ 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വർക്കുകൾക്ക് വകുപ്പുതന്നെ ടാർ വാങ്ങി നൽകുവാൻ നടപടി സ്വീകരിക്കണമെന്നും കരാറുകാർക്ക് കൊടുത്തുതീർക്കേണ്ട കുടിശ്ശികതുക ഏപ്രിൽ മാസത്തിൽ തന്നെ കൊടുത്തുതീർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

### സ്വീകരിച്ച നടപടി

സമിതി ശുപാർശ നടപ്പിലാക്കി.

### ശുപാർശ

സംസ്ഥാനത്തെ റോഡുപണികൾക്കായി നബാർഡിൽ നിന്നും 400 കോടി രൂപ വർഷംതോറും വായ്പയെടുക്കാറുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വർഷവും പ്രസ്തുത വായ്പയെടുത്ത് റോഡുകളുടെ പണികൾക്ക് ഉപയോഗപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

### സ്വീകരിച്ച നടപടി

2007-08 വർഷം 25.84 കോടി രൂപയുടെ ലോൺ അനുവദിച്ച് നബാർഡ് പണികൾ ഏറ്റെടുക്കുകയുണ്ടായി.

## IV. 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മൂന്നാമത് റിപ്പോർട്ട്

### ശുപാർശ

സമാന്തര സർവ്വീസുകൾ കാരണം പല റൂട്ടുകളിലും വരുമാനം കുറയുകയാണെന്നും കെ.എസ്.ആർ.ടി.സി.-ക്ക് ഫലപ്രദമായി സർവ്വീസ് നടത്താൻ കഴിയുന്ന റൂട്ടുകളിൽ നിന്നെങ്കിലും സമാന്തര സർവ്വീസ് പൂർണ്ണമായി ഒഴിവാക്കുന്നതിന് പോലീസിന്റെയും മോട്ടോർ വാഹനവകുപ്പിന്റെയും കർശന ഇടപെടൽ ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

[ഖണ്ഡിക 20(4)]

### സ്വീകരിച്ച നടപടി

മോട്ടോർ വാഹന വകുപ്പ് ഈ വിഷയത്തിൽ കഴിയാവുന്ന പരമാവധി പ്രയത്നങ്ങൾ ചെയ്തുവരുന്നുണ്ട്. ആദ്യ കാലങ്ങളിൽ പോലീസ് വകുപ്പിൽ നിന്നും ഇതിലേക്കായി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിരുന്നു. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സമാന്തര സർവ്വീസുകൾ പിടിച്ചെടുത്താൽ ആയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥലസൗകര്യം നിലവിലില്ലാത്തത് ഒരു പോരായ്മയാണ്. പാരലൽ സർവ്വീസുകൾ പരിശോധിക്കുകയും പിടിച്ചെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പലപ്പോഴും പാരലൽ സർവ്വീസുകാരിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും കടുത്ത എതിർപ്പ് നേരിടേണ്ടിവരാറുണ്ട്. എന്നിരുന്നാലും ഇത്തരം പരിമിതികളിൽ നിന്നുകൊണ്ടുതന്നെ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സഹായത്തോടുകൂടി തിരുവനന്തപുരത്തിന്റെ അഞ്ച് ഭാഗങ്ങളിൽ പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിച്ച് പോരുന്നു. സംസ്ഥാനത്തിന്റെ മറ്റ് ഇടങ്ങളിലും സമാന്തര സർവ്വീസ് തടയാനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

ശുപാർശ

2059-01-051—ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്ക് 2008-09 വർഷത്തേക്ക് 1 കോടി 35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യപ്പെട്ടിരിക്കുന്ന 3 കോടി 65 ലക്ഷം രൂപക്ക് ഉപരിയായി 2 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ആകെ ചെലവ് 238.09 ലക്ഷമാണ്. അതിൽ 103.09 അധികമായി അനുവദിച്ചതാണ്.

ശുപാർശ

2059-01-053—ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സാമ്പത്തികവർഷം 53 കോടി 60 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 33,88,30,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ ബാക്കിവരുന്ന 19,72,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

2059-60-051—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും കൂടാതെ വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 8,35,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2,15,00,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളു. ഈ ശീർഷകത്തിൽ 6,20,00,000 രൂപകൂടി ഉചിതമാർഗ്ഗത്തിൽകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

ആകെ ചെലവ് 279.59 ലക്ഷമാണ് അതിൽ 64.59 ലക്ഷം അധികമായി അനുവദിച്ചു കിട്ടിയതാണ്.

ശുപാർശ

2059-60-053—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി തുടങ്ങിയ വകുപ്പുകളുടെ കീഴിലുള്ള മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 66 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 37,20,57,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 29,29,45,000 രൂപകൂടി ഉചിതമായ മാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

ആകെ ചെലവ് 4705.27 ലക്ഷമാണ്. അതിൽ 984.70 ലക്ഷം അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

2059-80-003-99—ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പരിശീലനം

ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി 10 ലക്ഷം രൂപകൂടി ഉചിതമാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

2059-80-052—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപ്പണികൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 38,50,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20,01,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 18,49,000 രൂപ ഉചിതമായ മാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

അധികമായി തുകയെന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കൽ, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം എന്നിവയിലേക്ക് 25 കോടി 75 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും ഈയിനത്തിൽ മതിയായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 2,13,05,000 രൂപയ്ക്ക് പുറമേ 4,41,41,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

ആകെ ചെലവ് 1752.89 ലക്ഷം രൂപയാണ്. അതിൽ 1537.84 അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

2059-80-799—സസ്പെൻസ്

സ്റ്റോക്ക്, പലവക മുൻകൂറുകൾ തുടങ്ങിയ സസ്പെൻസ് ഹെഡ്ഡുകളിലെ വിഹിതമായി 7 കോടി 42 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ ബാക്കിവരുന്ന 7 കോടി 37 ലക്ഷം രൂപ ഉചിതമായ മാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ച് കിട്ടിയിട്ടില്ല.

ശുപാർശ

2059-80-800—മറ്റ് ചെലവുകൾ

'മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 2008-2009 വർഷത്തേക്ക് ഒരു കോടി 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 96,04,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ന്യൂഡൽഹിയിലെ കേരളാ ഹൗസിൽ മുടങ്ങിക്കിടക്കുന്ന അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി ബാക്കി തുകയായ 23,96,000 രൂപ ഉചിതമാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

3054-80-001-99—റോഡുകളും പാലങ്ങളും (ഭരണവും നടത്തിപ്പും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, മറ്റ് ഓഫീസ് ചെലവുകൾ കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിന് വേണ്ടിയുള്ള സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ, അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റുകൾ എന്നിവ ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 4,16,73,000 രൂപ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ യാത്രാചെലവ്, ഓഫീസ് ചെലവ്, പി. ഒ. എൽ., മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി 21 ലക്ഷം രൂപക്കൂടി ഉചിതമാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

സമിതി തീരുമാനപ്രകാരം അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 3 കോടി 62 ലക്ഷം രൂപയ്ക്ക് പുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി 10,62,000 രൂപകൂടി ഉചിതമായ മാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

സമിതി തീരുമാനപ്രകാരം അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോടുമുള്ള 2 മെക്കാനിക്കൽ ഡിവിഷണൽ

എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2008-2009-ലേക്ക് വകയിരുത്തിയിട്ടുള്ള 64,70,66,000 രൂപയ്ക്ക് പുറമെ ഓഫീസ് ചെലവുകൾക്കായി 50 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾക്കായി 10 ലക്ഷം രൂപയും മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 83 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സമിതി തീരുമാനപ്രകാരം അധിക തുക അനുവദിച്ച് നൽകി

ശുപാർശ

3054-80-004-99—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ചീഫ് എഞ്ചിനീയർ ഡ്രിക് (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ) ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. മോട്ടോർ വാഹനങ്ങൾ, ഓഫീസ് ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 2008-2009-ലേക്ക് വകയിരുത്തിയിട്ടുള്ള 1,45,91,000 രൂപ 3 കോടിയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

3054-80-004-98—പബ്ലിക് വർക്ക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ & റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിൽ ജീവനക്കാരുടെ ശമ്പളവും അലവൻസുകൾക്കുമായി 2,43,70,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 10,000 രൂപ 25,000 രൂപയായി വർദ്ധിപ്പിക്കുകയും പി.ഒ.എൽ.-ൽ 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെക്കുറിച്ച് വിശദമായി പഠനം നടത്തുന്നതിന് 2008-2009 വർഷത്തേക്ക് 1 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. എൽ.ബി.എസ്.-ന് കൊടുക്കുവാനുള്ള 1 കോടി 27 ലക്ഷം രൂപയും പുതിയ പദ്ധതികൾക്കായി 1 കോടിയും ഉൾപ്പെടെ 3 കോടി 27 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ച് നൽകേണ്ട ആവശ്യം വന്നില്ല.

ശുപാർശ

3054-80-004-94—വിവിധ തന്ത്രപ്രധാനമായ പഠനങ്ങൾ (ലോകബാങ്ക് സഹായമുള്ള പദ്ധതി)

സംസ്ഥാന രാജപാതകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും വികസനത്തിനായി അവയുടെ പണികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് വേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന് വേണ്ടിയുള്ള തുകയാണ് ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 2008-2009-ലേക്ക് വകയിരുത്തിയിട്ടുള്ള 75 കോടി രൂപയ്ക്ക് പുറമേ 100 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-052-98—റോഡുകളും പാലങ്ങളും യന്ത്രോപകരണങ്ങൾ

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾക്കുള്ള അറ്റകുറ്റപ്പണികൾക്കും, അറ്റകുറ്റപ്പണികളുടെ പേമെന്റ് നൽകുവാനുമായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു.

ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-107-97—റെയിൽവേ സുരക്ഷിതത്വപണികൾ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനും മറ്റുമായി 2008-2009 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. റെയിൽവേക്ക് നൽകാനുള്ള കുടിശ്ശിക ഏകദേശം 150 ലക്ഷം രൂപയിൽ കൂടുതലായതിനാൽ 2 കോടി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-800-99—റോഡുകളും പാലങ്ങളും മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 68 കോടി 44 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള തുകയും റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനും ഉപയോഗിക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കായി 160 കോടി രൂപകൂടി ഉചിതമാർഗ്ഗേണ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-800-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി ഈ വർഷം വകയിരുത്തിയിട്ടുള്ള 69 കോടി 82 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 175 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

<u>ശുപാർശ</u>

3054-80-800-97—<u>ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കുള്ള 30 കോടി 68 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 55 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശപ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

<u>ശുപാർശ</u>

3054-80-800-96—<u>വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഈ സാമ്പത്തിക വർഷത്തേക്ക് വകകൊള്ളിച്ചിട്ടുള്ള 10 കോടി 60 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശപ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

<u>ശുപാർശ</u>

3054-80-800-95—<u>റോഡ് സുരക്ഷിതത്വപണികൾ</u>

സംസ്ഥാനമാകെയുള്ള റോഡ് സുരക്ഷിതത്വ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ മുതലായവ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ ഇനത്തിൽ 10 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശപ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-800-94—ട്രാഫിക് സൈൻ ബോർഡ്

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി ഈ സാമ്പത്തികവർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 97 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ അധികമായി 300 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

3054-03-337-94—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപണികൾക്കായി ഈ ശീർഷകത്തിലെ തുക ഉപയോഗിക്കുന്നു. 2008-2009-ലേക്ക് അനുവദിച്ചിട്ടുള്ള 1 കോടി 87 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

3054-80-800-93—ശബരിമല വർക്കുകൾ

ഈ ശീർഷകത്തിൽ 4 കോടി 7 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാവർഷവും ശബരിമല ഉത്സവകാലം ആരംഭിക്കുന്നതിന് മുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത് തീർക്കേണ്ടതുണ്ട്. ഇതിനായി നടപ്പുസാമ്പത്തികവർഷം 15 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധിക തുക അനുവദിച്ച് നൽകി.

ശുപാർശ

3054-80-800-92—കേരളാ റോഡ് ഫണ്ട്

മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിൽ സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ടോക്കൺ

പ്രൊവിഷനായി 40 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 2001-02 മുതൽ 2007-08 വരെയുള്ള വർഷങ്ങളിൽ അടയ്ക്കേണ്ടിയിരുന്ന കുടിശ്ശിക തുകയായ 272,23,33,000 രൂപയും 2008-09 വർഷത്തേക്കുള്ള 30 കോടി രൂപയും നടപ്പുസാമ്പത്തിക വർഷം തന്നെ ഈ ഹെഡ്ഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ച് നൽകിയില്ല.

ശുപാർശ

4059-01-051-97—പൊതുമരാമത്ത് മൂലധനച്ചെലവ്, ഇലക്ഷൻ

ഇലക്ഷൻ വകുപ്പിന്റെ വിവിധ പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് അനുവദിച്ച 13,81,000 രൂപ അപര്യാപ്തമായതിനാൽ 36,19,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

4059-01-051-96—പൊതുമരാമത്ത് മൂലധനച്ചെലവ്, ഭൂനികുതി

ഭൂനികുതി വകുപ്പിലെ വിവിധ പണികൾക്കായി നടപ്പു സാമ്പത്തിക വർഷത്തെ വിഹിതമായ 22,03,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

ഭൂനികുതി വകുപ്പിലെ മരാമത്ത് പണികളുടെ ആകെ ചെലവിനം 39.97 ലക്ഷമാണ്. അതിൽ 17.94 ലക്ഷം രൂപ അധികമായി അനുവദിച്ചു കിട്ടിയതാണ്.

ശുപാർശ

4059-01-051-95—പൊതുമരാമത്ത് മൂലധനച്ചെലവ്, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി 43,99,000 രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. പല രജിസ്ട്രാർ ഓഫീസുകൾക്കും പുതിയ കെട്ടിടനിർമ്മാണം ആവശ്യമായതിനാൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി ആകെ ചെലവ് 161.20 ലക്ഷമാണ്. അതിൽ 117.21 ലക്ഷം രൂപ അധികമായി ലഭിച്ചതാണ്.

ശുപാർശ

4059-01-051-94—പൊതുമരാമത്ത് മൂലധനച്ചെലവ്, സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2008-09-ലേക്ക് 78,20,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. പല മേജർ പണികളും നടപ്പുസാമ്പത്തിക വർഷം പൂർത്തിയാക്കേണ്ടതിനാൽ 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

അധികമായി ലഭിച്ച 131.21 ലക്ഷം രൂപ കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് വിനിയോഗിച്ചു. മൊത്തം ചെലവ് 209.41 ലക്ഷം രൂപയാണ്.

ശുപാർശ

4059-01-051-93—പൊതുമരാമത്ത് മൂലധനച്ചെലവ്, വിൽപ്പന നികുതി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 81,03,000 രൂപ പരിമിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 1,50,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

ആകെ ചെലവ് 121.06 ലക്ഷമാണ്. അതിൽ അധികമായി കിട്ടിയ 40.03 ലക്ഷം രൂപ കുടിശ്ശിക ബില്ലുകൾ കൊടുക്കുന്നതിന് വിനിയോഗിച്ചു.

ശുപാർശ

4059-01-051-92—പൊതുമരാമത്ത് മൂലധനച്ചെലവ്, പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പണികൾക്കായി നടപ്പു സാമ്പത്തികവർഷം വകകൊള്ളിച്ചിട്ടുള്ള 31,61,000 രൂപയ്ക്ക് പുറമെ 44,39,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

4059-01-051-91—പൊതുമരാമത്ത് മൂലധനച്ചെലവ്, സെക്രട്ടേറിയറ്റ് സർവ്വീസ്

നടപ്പുസാമ്പത്തിക വർഷത്തെ പണികൾക്കായി 57 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12,17,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 44,83,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

4059-01-051-90—പൊതുമരാമത്ത് മൂലധനച്ചെലവ്, ട്രഷറിയും അക്കൗണ്ട് ഭരണവും

സംസ്ഥാനത്തെ ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുവർഷം 1,05,98,000 രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 47,51,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. ഈ വർഷം കൂടുതൽ പണികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് 58,47,000 രൂപകൂടി ഉചിത മാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധികം തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്, പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ വിവിധ ഓഫീസ് കെട്ടിടങ്ങളുടെ വിവിധ പണികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തേക്ക് 2,92,26,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിച്ച സിവിൽസ്റ്റേഷൻ, മിനി സിവിൽസ്റ്റേഷൻ തുടങ്ങിയവയുടെ നിർമ്മാണ ജോലികൾ ഏറ്റെടുക്കുന്നതിനും നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും കുടിശ്ശിക തീർക്കാനുമായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 15 കോടി രൂപകൂടി ഉചിത മാർഗ്ഗത്തിൽകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

ആകെ ചെലവ് 2322.72 ലക്ഷമാണ് അതിൽ 2030.46 ലക്ഷം രൂപ അധികമായി ലഭിച്ചതാണ്. ഈ തുക കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് വിനിയോഗിച്ചു.

ശുപാർശ

4059-01-051-82—പൊതുമരാമത്ത് മൂലധനച്ചെലവ്, പ്ലാനിംഗ് ബോർഡ്

നടപ്പുസാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന തുക 30 ലക്ഷം രൂപ പരിമിതമാണെന്നും 40 ലക്ഷം രൂപകൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-76(01)—പൊതുമരാമത്ത് മൂലധനച്ചെലവ്, ഫയർസ്റ്റേഷൻ

XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ചെയ്യുന്ന പണികൾക്കായി 35 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-76 (02)—പൊതുമരാമത്ത് മൂലധനച്ചെലവ്, ജുഡീഷ്യറി

XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പൂർത്തിയാക്കിയ പണികൾക്ക് 14,68,000 രൂപ നൽകുവാനുണ്ടെന്നും ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്, നീതിന്യായം

ഹൈക്കോടതിയുടെയും മറ്റ് കോടതി കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് വകയിരുത്തിയിരിക്കുന്ന 6,58,98,000 രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

4059-60-051-88—പൊതുമരാമത്ത് മൂലധനച്ചെലവ്, ജയിലുകൾ

ഈ ശീർഷകത്തിൽ 2008-09 വർഷത്തേക്ക് 46,83,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ജയിൽ വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുക്കുന്നതിനും, കുടിശ്ശിക തീർക്കുവാനും, നടപ്പുപണികൾക്കുമായി 1,50,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ചതുകയെക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്, പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ റെസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾ, ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ പണികൾ, വാണിജ്യ നികുതിവകുപ്പിന്റെ കെട്ടിടങ്ങളുടെ പണികൾ എന്നിവയ്ക്ക് ആവശ്യമായ തുക ഈ ശീർഷകത്തിലാണ് വകകൊള്ളിച്ചിരിക്കുന്നത്. നടന്നുകൊണ്ടിരിക്കുന്നതും, ഭരണാനുമതി ലഭിച്ച പണികൾ ഏറ്റെടുക്കുന്നതിനുവേണ്ടിയും, കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 8 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

ആകെ ചെലവഴിച്ചത് 364.66 ലക്ഷമാണ് ഈ തുക മുഴുവനും അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

4059-60-051-85—പൊതുമരാമത്ത് മൂലധനച്ചെലവ്—അഗ്നി പ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 1,26,67,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പ് പണികൾക്കും പുതിയ ജോലികൾക്കും കുടിശ്ശിക തീർക്കാനുമായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ആകെ ചെലവ് 151.49 ലക്ഷം. അധികമായി ലഭിച്ച 24.82 ലക്ഷം രൂപ കുടിശ്ശിക ബില്ലുകൾ കൊടുക്കുന്നതിന് വിനിയോഗിച്ചു.

ശുപാർശ

4059-60-051-77—പൊതുമരാമത്ത് മൂലധനച്ചെലവ്. നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 41,18,000 രൂപ അപര്യാപ്തമായതിനാൽ 25,00,000 രൂപ ഉചിതമാർഗ്ഗത്തിൽ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ആകെ ചെലവ് 76.80 ലക്ഷമാണ് അതിൽ 35.42 ലക്ഷം രൂപ അധികമായി കിട്ടിയതാണ്.

ശുപാർശ

4059-60-051-75—റീജിയണൽ വിജിലൻസ് ഓഫീസുകളുടെ നിർമ്മാണം

സംസ്ഥാനത്തെ റീജിയണൽ വിജിലൻസ് ഓഫീസുകൾക്കുള്ള സ്ഥലമെടുപ്പിനും കെട്ടിട നിർമ്മാണത്തിനുമായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

5054-01-052-99—റോഡു പണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങുവാൻ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

5054-03-101-99—റോഡുകളും പാലങ്ങളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള തുകയായ 82,37,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ഇനത്തിൽ 50 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചുതന്നു.

ശുപാർശ

5054-03-337-98—സംസ്ഥാന രാജപാതകൾ

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കായി നടപ്പുസാമ്പത്തിക വർഷം 2,47,12,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന രാജപാതകളുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 50 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചുതന്നു.

ശുപാർശ

5054-03-337-95—(പുതിയ ശീർഷകം)

സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടി എന്ന പദ്ധതി ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 4810 കി.മീ. രാജപാതകളുടെ ഉപരിതല പുനരുദ്ധാരണത്തിനായി 35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

ശുപാർശ

5054-04-800-98—റോഡുകളും പാലങ്ങളും വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നടപ്പു സാമ്പത്തികവർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 6,58,98,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 9425 കി.മീ. റോഡുകളുടെ വികസനത്തിനും പരിഷ്കരണത്തിനുമായി 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചുതന്നു.

ശുപാർശ

5054-04-800-97—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി 35,00,91,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 100 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ച് നൽകി.

ശുപാർശ

5054-04-800-89 (01) & (02)—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-റോഡുകളുടെ നിർമ്മാണവും വികസനവും, പാലങ്ങളുടെ നിർമ്മാണവും വികസനവും.

ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തേക്ക് 12,18,73,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തുലോം കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വർഷം പുതുതായി ആരംഭിക്കുന്ന പണികൾ കണക്കാക്കുമ്പോൾ 80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചുനൽകി.

ശുപാർശ

5054-80-052-98—റോഡുകളും പാലങ്ങളും പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിന്

റോഡുകൾക്കും, കലുങ്കുനിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും ആവശ്യമായ പഴയ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനുള്ള തുക ഉൾക്കൊള്ളുന്ന ഈ ശീർഷകം നിലനിർത്തിയിട്ടില്ല. ഈ ശീർഷകം പുനഃസ്ഥാപിച്ച് 30 ലക്ഷം രൂപ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

ശുപാർശ

5054-80-800-96—റോഡുകളും പാലങ്ങളും—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം

പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര വികസനവുമായി ബന്ധപ്പെട്ട പണികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു നൽകി.

ശുപാർശ

5054-80-800-81—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം എന്നിവയ്ക്കായാണ് ഈ ശീർഷകത്തിലെ തുക ഉപയോഗിക്കുന്നത്. മേൽപ്പാലങ്ങൾക്കുള്ള സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുവാൻ അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു നൽകി

പൊതു ശുപാർശ

ഹിൽ ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിനായി ഉചിതമാർഗ്ഗത്തിൽകൂടി മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ച് നൽകിയിട്ടില്ല.

ശുപാർശ

സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെട്ട നിലവാരമുള്ള റോഡുകളുടെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് പുതിയ റോഡുകളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തണമെന്നും മെച്ചപ്പെട്ട നിലവാരത്തിലുള്ള റോഡുകളുടെ നിർമ്മാണം ഉറപ്പുവരുത്താൻ ക്വാളിറ്റി കൺട്രോൾ സംവിധാനത്തിന് ഊന്നൽ കൊടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സ്വീകരിച്ച നടപടി

സമിതി ശുപാർശ നടപ്പിലാക്കി

ശുപാർശ

കേരളത്തിൽ നിന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ വാഹനങ്ങൾ ഇടയ്ക്ക് നിറുത്തി യാത്രക്കാരെ മറ്റു ബസ്സുകളിൽ കയറ്റി വിടുന്നതുമൂലം യാത്രക്കാർക്ക് ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയാസമയങ്ങളിൽ വാഹന പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കണമെന്നും അനധികൃതമായി

ഇന്റർ സ്റ്റേറ്റ് റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത് നിയന്ത്രിക്കുവാൻ ഡ്രൈവിംഗ് ലൈസൻസും പെർമിറ്റും മറ്റു രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും പരിശോധന കർശനമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടതായിട്ടില്ല.

## V. 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശുപാർശ

3055-00-800-96—കേരള റോഡ് സുരക്ഷാ അതോറിറ്റി

2008 ജനുവരി 1 മുതൽ റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നുവെങ്കിലും ആയതിന് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. റോഡ് സുരക്ഷാ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി 24 കോടി 41 ലക്ഷം രൂപ 2008-09 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

പൊതുശുപാർശ

മോട്ടോർ വാഹന സെസ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകയും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കുന്ന തുകയുടെ നിശ്ചിത ശതമാനവുമാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തന മൂലധനമെന്നതിനാൽ മോട്ടോർ വാഹന സെസ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുക റോഡ് സുരക്ഷാ അതോറിറ്റിക്ക് നേരിട്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

സെസ്സ് തുക ക്രഡിറ്റ് ചെയ്യുന്നതിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടി തുക നേരിട്ട് അതോറിറ്റിക്ക് ലഭ്യമല്ല. ബഡ്ജറ്റ് മുഖേനയാണ് ഫണ്ട് ലഭിക്കുന്നത്. 2011-12 സാമ്പത്തിക വർഷം വരെ 90,00,90,157 രൂപ വകയിരുത്തണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പിന് നല്കിയിട്ടുണ്ട്. വരുന്ന ബഡ്ജറ്റിൽ ടി തുക വകയിരുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ശുപാർശ

2059-01-051—ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളുടെ ഓഫീസ് കെട്ടിടങ്ങൾക്ക് ആവശ്യമായി വരുന്ന ചെറുകിട മരാമത്ത് പണികൾക്ക് 2009-10 വർഷ ത്തേക്ക് 1 കോടി 58 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി കളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

2059-01-053—ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി ഈ സാമ്പത്തിക വർഷം 56 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 31,50,50,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 24 കോടി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ആകെ ചെലവ് 336.00 ലക്ഷമാണ് അതിൽ 210.50 ലക്ഷം രൂപ അധികമായി കിട്ടിയതാണ്.

ശുപാർശ

2059-60-051—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും, കൂടാതെ വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 7 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2 കോടി 41 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 4,59,00,000 രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

2059-60-053—മറ്റ് കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 66 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 48,49,48,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ 18,00,52,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ആകെ ചെലവ് 6297.61 ലക്ഷമാണ്. അതിൽ 1448.13 ലക്ഷം രൂപ അധികമായി കിട്ടിയതാണ്.

ശുപാർശ

2059-80-052—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപ്പണികൾ മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 10,01,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിലെ തുക 30 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

ശുപാർശ

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ, വൈദ്യുതി സാമഗ്രികളുടെ സംരക്ഷണം, രാജ്ഭവൻ സജ്ജീകരിക്കൽ, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 26 കോടി 70 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈയിനത്തിൽ മതിയായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10,14,75,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

<u>ശുപാർശ</u>

2059-80-800—<u>മറ്റ് ചെലവുകൾ</u>

മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 2009-10 വർഷത്തേക്ക് ഒരു കോടി 20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 51,02,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ന്യൂഡൽഹിയിലെ കേരളാ ഹൗസിലെ അറ്റകുറ്റപ്പണികൾ ചെയ്ത് തീർക്കാനുള്ള തിനാൽ ഈ ശീർഷകത്തിലെ തുക ഒരു കോടി 20 ലക്ഷം രൂപയായി ഉയർത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

<u>ശുപാർശ</u>

3054-01-001-99—<u>ഭരണവും നടത്തിപ്പും ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ</u>

ചീഫ് എഞ്ചിനീയർ നാഷണൽ ഹൈവേ ഓഫീസിലെ ജീവനക്കാരുടെ വേതനം, യാത്രാച്ചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് നിർവ്വഹിക്കുന്നത്. ആയതിനാൽ ഓഫീസ് ചെലവ് എന്ന ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 1 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഓഫീസ് ചെലവിനത്തിൽ 4.28 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും മൊത്തം ചെലവ് 2.38 ലക്ഷം രൂപ മാത്രമായിരുന്നു. അധികം തുക ആവശ്യമായി വന്നിട്ടില്ല.

<u>ശുപാർശ</u>

3054-01-001-98—<u>മേൽനോട്ടവും നിർവ്വഹണവും</u>

ദേശീയ പാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധതരം പരിശോധനകൾക്കും അടിയന്തിര ആവശ്യങ്ങൾക്കുമായി ഡിവിഷണൽ എഞ്ചിനീയർമാർ കൂടുതൽ യാത്ര ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ഓഫീസ് ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയിൽ 3 ലക്ഷം രൂപയും പി.ഒ.എൽ. ഇനത്തിൽ 3.07 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 3.51 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

ഓഫീസ് ചെലവിനത്തിൽ ബഡ്ജറ്റ് വിഹിതമായ 21.56 ലക്ഷം രൂപയ്ക്ക് പുറമേ 3.34 ലക്ഷം രൂപകൂടി അധികമായി അനുവദിച്ചു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ., മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

3054-01-104-05—നാഷണൽ ഹൈവേകൾ—മറ്റ് ചെലവ്

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിനുള്ള തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ തുക ഒരു കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

ചെലവ് 23974 രൂപയാണ്. അധികമായി ആവശ്യം വന്ന തുക അനുവദിച്ചു കിട്ടിയിട്ടുണ്ട്.

ശുപാർശ

3054-01-800-99—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന എൻ.എച്ച്-ന്റെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിന് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ തുക 539 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ചെലവ് 22.86 ലക്ഷം രൂപയാണ്. അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന പുതിയ പാലങ്ങളുടെ നിർമ്മാണം ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ അനുവദിച്ചിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ തുക 16 കോടിയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

ചെലവ് 24.03 ലക്ഷം രൂപയാണ്. അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ

3054-05-337-99—സി.ആർ.എഫ്. റോഡുകൾ—സാധാരണ വിഹിതം

നാഷണൽ ഹൈവേയുടെ കീഴിൽവരുന്ന റോഡുകൾ, കടപ്ര-വീയപുരം റോഡ് എന്നിവയുടെ പണികൾക്കായി മൊത്തം 46,16,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അനുമതി ലഭിച്ച പ്രവൃത്തികൾക്കും ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ പ്രവൃത്തി കൾക്കുമായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്കുപുറമെ 28 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ചെലവ് 4658.63 ലക്ഷം രൂപയാണ്. അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

3054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം, അമരവിള-പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികളുടെ മൂന്നുഘട്ടം അടിയന്തിരമായി തീർക്കേണ്ടതിനാൽ 2009-10 വർഷത്തേക്ക് അനുവദിച്ച 1 ലക്ഷം രൂപ 2 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ്, അമരവിള-പെരുങ്കടവിള-വെള്ളറട-പാറശ്ശാല എന്നീ റോഡുകളുടെ പണിക്ക് 2009-10 വർഷത്തിൽ തുകയൊന്നും തന്നെ വിനിയോഗിക്കേണ്ടിവന്നിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് സമയത്ത് പാസ്സാകാത്തതിനാലും കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാത്തതിനാലുമാണ് തുക ചെലവഴിക്കാൻ കഴിയാതെ വന്നത്.

ശുപാർശ

3054-80-001-99—ഭരണവും നടത്തിപ്പും (ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ മറ്റ് ഓഫീസ് ചെലവുകൾ കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിന് വേണ്ടിയുള്ള സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റുകൾ, അപ്രന്റീസുകൾക്കുള്ള സ്റ്റൈപ്പന്റുകൾ എന്നിവ ഈ ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 4,32,14,000 രൂപ അപര്യാപ്തമായതിനാൽ യാത്രാച്ചെലവ്, ഓഫീസ് ചെലവ്, മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി 21 ലക്ഷം രൂപ ഉചിതമാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള 3,31,94,000 രൂപയ്ക്കു പുറമെ യാത്രാച്ചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നിവയ്ക്കുമായി 10,62,000 രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു.

ശുപാർശ

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും, മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽനിന്നും വഹിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 70,50,27,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഫീസ് ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, പുതിയ വാഹനം വാങ്ങൽ എന്നീ ഇനങ്ങളിലായി 2 കോടി 33 ലക്ഷം രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു.

ശുപാർശ

3054-80-004-99—കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു. മോട്ടോർ വാഹനങ്ങൾ ഓഫീസ്

ചെലവുകൾ, വൈദ്യുതി ചാർജ് എന്നിവയ്ക്കായി 1,75,000 രൂപയും, മറ്റുചെലവുകൾ (പ്ലാൻ) ഇനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തിനാൽ 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

3054-80-004-98—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

പൊതുമരാമത്ത് വകുപ്പിന്റെ പ്രധാനപ്പെട്ട കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഘടനാപരമായ രൂപകൽപ്പന തയ്യാറാക്കുന്ന ഡിസൈൻ വിംഗിൽ ഇപ്പോൾ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ വേഗത്തിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ഡിസൈൻ വിംഗ് നവീകരിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച പ്രൊപ്പോസൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

[ഖണ്ഡിക 33 (i)]

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകൾക്കുമായി 2,29,83,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 10,000 രൂപ 25,000 രൂപയായി വർദ്ധിപ്പിക്കുകയും പി.ഒ.എൽ.-ൽ 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും ഒരു പുതിയ കാർ വാങ്ങുന്നതിന് 5.50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

[ഖണ്ഡിക 33 (ii)]

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

3054-80-052-98—റോഡുകളും പാലങ്ങളും യന്ത്രോപകരണങ്ങളും

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾക്കുള്ള അറ്റകുറ്റപ്പണികൾക്കും, അറ്റകുറ്റപ്പണികളുടെ പേയ്മെന്റിനുമായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

3054-80-107-97—റെയിൽവേ സുരക്ഷിതത്വ പണികൾ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിനും മറ്റുമായി 2009-10 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. റെയിൽവേക്ക് നൽകാനുള്ള കുടിശ്ശിക ഏകദേശം 250 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുള്ളതിനാൽ 2 കോടി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-99—റോഡുകളും പാലങ്ങളും—മറ്റുചെലവുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കും റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിനും വകയിരുത്തിയിട്ടുള്ള 78,70,60,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിലെ തുക 240 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ തുക അധികമായി അനുവദിച്ചു.

ശുപാർശ

3054-80-800-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഈ വർഷം വകയിരുത്തിയിട്ടുള്ള 80,29,30,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ തുക 190 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

3054-80-800-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിട്ടുള്ള 35,28,20,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിലെ തുക 90 കോടിയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു.

ശുപാർശ

3054-80-800-96—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ഈ സാമ്പത്തികവർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 12 കോടി 19 ലക്ഷം രൂപ തുലോം കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 77 കോടി 81 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു.

ശുപാർശ

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

സംസ്ഥാനമാകെയുള്ള റോഡ് സുരക്ഷിതത്വ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വചാലുകൾ മുതലായവ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈയിനത്തിൽ 10 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

3054-80-800-94(03)—ട്രാഫിക് സൈൻ ബോർഡുകൾ

വാഹനഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി ഈ സാമ്പത്തികവർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 1,11,55,000 രൂപ തീരെ അപര്യാപ്തമായതിനാൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

3054-80-800-94(07)—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 2009-10 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 2,15,05,000 രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

3054-80-800-92—കേരള റോഡ് ഫണ്ട്

മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതി വരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ടിൽ സർക്കാർ സംഭാവന ഇനത്തിൽ നിക്ഷേപിക്കേണ്ടതാണ്. നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 75 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 2001-02 മുതൽ 2008-09 വരെയുള്ള വർഷങ്ങളിൽ അടയ്ക്കേണ്ടിയിരുന്ന കുടിശ്ശിക തുകയായ 306 കോടി രൂപയും 2009-10-ലേക്കുള്ള മൊത്തം തുകയായ 40 കോടി രൂപയും നടപ്പുസാമ്പത്തിക വർഷംതന്നെ ഈ ഹെഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

4059-01-051-99—പൊതുമരാമത്ത് മൂലധനച്ചെലവ്—സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയുടെ ഗോൾഡൻ ജൂബിലി മ്യൂസിയം, മറ്റു പരിഷ്കരണ ജോലികൾ എന്നിവ പൂർത്തിയാക്കേണ്ടതിനാൽ വകയിരുത്തിയിട്ടുള്ള 16,47,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ചുകിട്ടിയില്ല.

ശുപാർശ

4059-01-051-98—പൊതുമരാമത്ത് മൂലധനച്ചെലവ്—നീതിന്യായ നിർവ്വഹണം

നിലവിൽ പണി നടക്കുന്ന വഞ്ചിയൂർ കോർട്ട് കോംപ്ലക്സ്, കൊട്ടാരക്കര, എറണാകുളം കോർട്ട് കോംപ്ലക്സ്, കേന്ദ്രസഹായ പദ്ധതിയിൽപ്പെട്ട തിരൂർ, കൽപ്പറ്റ കോർട്ട് കോംപ്ലക്സ്, മൂവാറ്റുപുഴ കോർട്ട് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം നടത്തേണ്ട ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 37,07,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി ഉചിതമാർഗ്ഗേണ കണ്ടെത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ചുകിട്ടിയില്ല.

ശുപാർശ

4059-01-051-97—പൊതുമരാമത്ത് മൂലധനച്ചെലവ്—ഇലക്ഷൻ

ഇലക്ഷൻ വകുപ്പിന്റെ വിവിധ പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് അനുവദിച്ച 2,06,000 രൂപ അപര്യാപ്തമായതിനാൽ 2,06,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ചുകിട്ടിയില്ല.

ശുപാർശ

4059-01-051-96—പൊതുമരാമത്ത് മൂലധനച്ചെലവ്—ഭൂനികുതി

ഭൂനികുതി വകുപ്പിലെ പണികൾക്കായി 2009-10 വർഷത്തെ വിഹിതമായ 70,84,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. വില്ലേജ് ഓഫീസുകളുടെ കെട്ടിടനിർമ്മാണവും നവീകരണവും നടത്താനുള്ളതിനാൽ ഈ ശീർഷകത്തിൽ 4,29,16,000 രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

4059-01-051-95—പൊതുമരാമത്ത് മൂലധനച്ചെലവ്—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രേഷൻ വകുപ്പിലെ മരാമത്ത് പണികൾക്കായി 1,11,20,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓഫീസുകളുടെ നവീകരണത്തിനായി 6 കോടി രൂപ അനുവദിക്കുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതിനാലും പല രജിസ്ട്രാർ ഓഫീസുകൾക്കും പുതിയ കെട്ടിടനിർമ്മാണം ആവശ്യമായതിനാലും ഈ ശീർഷകത്തിൽ 7 കോടി രൂപ കൂടി ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ആകെ ചെലവ് 119.56 ലക്ഷമാണ് അതിൽ 8.36 ലക്ഷം രൂപ അധികമായി കിട്ടിയതാണ്.

ശുപാർശ

4059-01-051-94—പൊതുമരാമത്ത് മൂലധനച്ചെലവ്—സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2009-10-ലേക്ക് 94,73,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. പല മേജർ പണികളും നടപ്പു സാമ്പത്തികവർഷം പൂർത്തിയാക്കേണ്ടതിനാൽ 6 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

ആകെ ചെലവഴിച്ചതിൽ (205.28 ലക്ഷം) 110.55 ലക്ഷം രൂപ അധികമായി അനുവദിച്ചുകിട്ടിയതാണ്.

ശുപാർശ

4059-01-051-93—പൊതുമരാമത്ത് മൂലധനച്ചെലവ്—വിൽപ്പനനികുതി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 90,62,000 രൂപ പല പുതിയ പണികളും ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

4059-01-051-92—പൊതുമരാമത്ത് മൂലധനച്ചെലവ്—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പണികൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 22,24,000 രൂപയ്ക്ക് പുറമെ 35 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

ആകെ ചെലവ് 44.92 ലക്ഷമാണ്. അതിൽ 22.68 ലക്ഷം രൂപ അധികമായി കിട്ടിയതാണ്.

ശുപാർശ

4059-01-051-91—പൊതുമരാമത്ത് മൂലധനച്ചെലവ്—സെക്രട്ടേറിയറ്റ് സർവ്വീസ്

നടപ്പുസാമ്പത്തികവർഷത്തെ പണികൾക്കായി 63 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 8,24,000 രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ, അധികമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

അധിക തുകയൊന്നും അനുവദിക്കേണ്ടി വന്നിട്ടില്ല.

ശുപാർശ

4059-01-051-90—പൊതുമരാമത്ത് മൂലധനച്ചെലവ്—ട്രഷറിയും അക്കൗണ്ട് ഭരണവും

സംസ്ഥാനത്തെ ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുവർഷം 150 ലക്ഷം രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 82,37,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 67 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-89—പൊതുമരാമത്ത് മൂലധനച്ചെലവ്—പോലീസ്

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 4,12,000 രൂപ തികച്ചും അപര്യാപ്തമാകയാൽ 1 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

അധികമായി തുകയൊന്നും അനുവദിച്ചിരുന്നില്ല.

ശുപാർശ

4059-01-051-88—പൊതുമരാമത്ത് മൂലധനച്ചെലവ്—ജയിലുകൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 12,36,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. നടപ്പുസാമ്പത്തികവർഷം പല പണികളും ചെയ്തുതീർക്കാനുള്ളതിനാൽ 28 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-85—പൊതുമരാമത്ത് മൂലധനച്ചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിന് നടപ്പുസാമ്പത്തികവർഷത്തേക്ക് 8,24,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പുതിയ കെട്ടിടനിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-84—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുജനാരോഗ്യം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4,12,000 രൂപ ഡയറക്ടറേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസുകൾ എന്നിവയുടെ പണികൾ നിർവ്വഹിക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-01-051-83—പൊതുമരാമത്ത് മൂലധനച്ചെലവ്—രാജ്ഭവൻ മരാമത്ത് പണികൾ

രാജ്ഭവനിലെ മരാമത്ത് പണികൾക്കായി വകയിരുത്തിയിട്ടുള്ള 4,12,000 രൂപ പുതിയ പരിഷ്കരണ നവീകരണ ജോലികൾ ചെയ്യാനുള്ളതിനാൽ 29,12,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-99—പൊതുമരാമത്ത് മൂലധനച്ചെലവ്—സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയിലെ പണികൾക്കായി വകയിരുത്തിയിട്ടുള്ള 8,24,000 രൂപ നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിനും, മറ്റ്

സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുള്ളതിനാൽ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-96—പൊതുമരാമത്ത് മൂലധനച്ചെലവ്—ഭൂനികുതി

ഭൂനികുതിയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾക്കായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4,94,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. താലൂക്ക് ഓഫീസ്, റവന്യൂ ഡിവിഷണൽ ഓഫീസ്, കളക്ടറേറ്റ് എന്നിവയുടെ പണികൾക്കായി 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-95—പൊതുമരാമത്ത് മൂലധനച്ചെലവ്—മുദ്രപ്പത്രങ്ങൾ രജിസ്ട്രേഷൻ

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 6,59,000 രൂപയ്ക്ക് പുറമെ രജിസ്ട്രേഷൻ ഓഫീസ് കോംപ്ലക്സുകൾക്കായി 150 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-94—പൊതുമരാമത്ത് മൂലധനച്ചെലവ്—സ്റ്റേറ്റ് എക്സൈസ്

സ്റ്റേറ്റ് എക്സൈസിന്റെ നിർമ്മാണപ്രവൃത്തികൾക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 5,77,000 രൂപയ്ക്ക് പുറമേ 25 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-89—പൊതുമരാമത്ത് മൂലധനച്ചെലവ്—പോലീസ്

പോലീസ് സ്റ്റേഷനുകളുടെയും സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളുടെയും കെട്ടിടസൗകര്യം വർദ്ധിപ്പിക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3,29,000 രൂപയ്ക്ക് പുറമെ 5 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-89—പൊതുമരാമത്ത് മൂലധനച്ചെലവ്—ജയിലുകൾ

ജയിൽ വകുപ്പിൽ പുതിയ പണികൾ ഏറ്റെടുക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനും 151 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപ്പുസാമ്പത്തികവർഷത്തേക്ക് 25,54,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ, ഈ ശീർഷകത്തിൽ 120 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും പണികൾ, ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ പണികൾ എന്നിവയ്ക്ക് ആവശ്യമായ തുക ഈ ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നത്. നടന്നുകൊണ്ടിരിക്കുന്നതും, ഭരണാനുമതി ലഭിച്ച പണികൾ ഏറ്റെടുക്കുന്നതിനും, കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 450 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

ആകെ ചെലവഴിച്ചത് 488.69 ലക്ഷം രൂപയാണ്. ഈ തുക മുഴുവനും അധികമായി അനുവദിച്ചതാണ്.

ശുപാർശ

4059-60-051-85—പൊതുമരാമത്ത് മൂലധനച്ചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി നടപ്പുസാമ്പത്തികവർഷത്തേക്ക് 1,41,71,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. നടപ്പുപണികൾക്കും പുതിയ ജോലികൾക്കും കുടിശ്ശിക തീർക്കാനുമായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

ആകെ ചെലവിനം അനുവദിച്ച തുകയെക്കാൾ കുറവായതിനാൽ അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-84—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുജനാരോഗ്യം

ആരോഗ്യവകുപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണത്തിന് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 2,47,000 രൂപയ്ക്ക് പുറമെ 3 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

അധികതുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ

4059-60-051-77—പൊതുമരാമത്ത് മൂലധനച്ചെലവ്—നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 56,01,000 രൂപ അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ആകെ ചെലവിനം 318.64 ലക്ഷമാണ്. അതിൽ 262.63 ലക്ഷം രൂപ അധികമായി അനുവദിച്ചതാണ്.

ശുപാർശ

5054-01-052-99—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

റോഡുപണികളുടെ പുരോഗതിയും നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങുവാൻ നടപ്പുസാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

5054-01-337-98—എൻ.എച്ച്.അർബൻ ലിങ്ക് റോഡുകളിലെ പരിഷ്കരണം

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും നിർമ്മാണത്തിനുമായി വകയിരുത്തിയിട്ടുള്ള 8,24,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പുതിയ പണികൾക്കും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി 31 കോടി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

ചെലവ് 15.14 ലക്ഷം രൂപയാണ്. അധിക തുക ആവശ്യമായിവന്നില്ല.

ശുപാർശ

5054-01-800-99—ദേശീയപാതയിലേക്ക് ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് ദേശീയപാതയെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വനടപടികൾ നടപ്പാക്കാൻ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

അധികതുക ആവശ്യമായിവന്നില്ല.

ശുപാർശ

5054-03-101-99—റോഡുകളും പാലങ്ങളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷം അനുവദിച്ച തുകയുടെ 44% മാത്രമാണ് ഈ വർഷം വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ഇനത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

5054-03-337-98—സംസ്ഥാന രാജപാതകൾ—വികസനവും പരിഷ്കരണവും

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കുള്ള തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ സംസ്ഥാന രാജപാതകളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന രാജപാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടിയിൽ ഉൾപ്പെടുത്തി 20% ജോലികൾ ഒരുവർഷം ചെയ്യുന്നതിനായി അധികമായി ആവശ്യമുള്ള 35 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

5054-04-800-98—പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം തുടങ്ങിയവയ്ക്കായി 4,24,22,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധിക തുക അനുവദിച്ചു.

ശുപാർശ

5054-04-800-97—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി 2,06,76,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇത് അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 98 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

5054-04-800-89 (01) & (02)—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ—റോഡുകളുടെ നിർമ്മാണവും വികസനവും, പാലങ്ങളുടെ നിർമ്മാണവും വികസനവും

നബാർഡിന്റെ സാമ്പത്തികസഹായത്തോടെ നിർമ്മിക്കുന്ന പണികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 121,08,73,000 രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ വർഷം പുതുതായി ആരംഭിക്കുന്ന പണികൾക്കായി 50 കോടി രൂപ കൂടുതലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

5054-01-800-87—നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം—പാലങ്ങൾ

വിവിധ കാരണങ്ങളാൽ നാൽപ്പത്തിയഞ്ചോളം പാലങ്ങൾ പണി പൂർത്തിയാക്കാതെ മുടങ്ങിക്കിടക്കുകയാണ്. ആയതിനാൽ നടപ്പുസാമ്പത്തികവർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 40 കോടി രൂപ പരിമിതമാണെന്നും 100 കോടി രൂപകൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

5054-80-800-96—റോഡുകളും പാലങ്ങളും—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം

പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര വികസനവുമായി ബന്ധപ്പെട്ട പണികൾ ഏറ്റെടുത്ത് നടത്തുവാൻ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

5054-80-800-77—റോഡുകളുടെയും ഡ്രെയിനേജുകളുടെയും പുനർനിർമ്മാണവും പുനരധിവാസവും (സുനാമി അടിയന്തിര സഹായപദ്ധതി)

എ.ഡി.ബി. സഹായത്തോടെയുള്ള സുനാമി അടിയന്തരസഹായ പദ്ധതിയിൽപ്പെട്ട മരാമത്ത് പണികൾക്കായി 2009-10 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 18 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

സമിതി ശുപാർശപ്രകാരം ആവശ്യമായ അധികതുക അനുവദിച്ചു.

ശുപാർശ

5054-80-800-81—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം എന്നിവയ്ക്കായാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. കൊല്ലം റെയിൽവേ മേൽപ്പാലത്തിന്റെ പണിക്കും നടപടി ആരംഭിച്ച റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുവാനും അധികമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

തുകയൊന്നും അനുവദിക്കേണ്ട സാഹചര്യം വന്നില്ല.

ശുപാർശ

5055-00-800-91 (P)—റോഡ് സുരക്ഷാ ക്രമീകരണങ്ങൾ

റോഡ് സുരക്ഷാ ഫണ്ട് രൂപീകരിക്കുകയും റോഡ് സുരക്ഷാ അതോറിറ്റി നിലവിൽവരികയും ചെയ്തതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മതിയായ തുക ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സ്വീകരിച്ച നടപടി

2009-2010 സാമ്പത്തികവർഷത്തിൽ വിവിധ റോഡ് സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്നതിനായി സർക്കാർ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരിപാടികളുടെ വിവരണം ചുവടെ കൊടുക്കുന്നു:

(എ) റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള നിരവധി പ്രദർശനങ്ങൾ നടത്തുന്നതിനായി ഒരു എക്സിബിഷൻ വാൻ കെ.എസ്.ആർ.ടി.സി. നിർമ്മിച്ചുവരുന്നുണ്ട്. ടി വാഹനത്തിൽ പ്രദർശിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വാഹനത്തിന്റെ പണി പൂർത്തിയായാൽ റോഡ് സുരക്ഷാ നടപടികളെക്കുറിച്ച് ഒട്ടേറെ പ്രദർശനങ്ങൾ നടത്തുന്നതാണ്.

(ബി) റോഡ് സുരക്ഷയെക്കുറിച്ചുള്ള സെമിനാറുകൾ, ട്രാഫിക് ബോധവൽകരണ കാമ്പയിനുകൾ തുടങ്ങിയവ 2009-10 സാമ്പത്തികവർഷത്തിൽ നടത്തുന്നതിനായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും 10,000 രൂപവീതം നൽകുവാൻ തീരുമാനിച്ചു.

(സി) വിദ്യാലയങ്ങളിൽ രൂപീകരിച്ച റോഡ് സുരക്ഷാ ക്ലബുകൾവഴി പൊതുജനത്തിനെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ റോഡ് സുരക്ഷാ പരിപാടികൾ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

2010-2011 സാമ്പത്തികവർഷത്തിൽ 10 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനം മുഴുവനും റോഡ് സുരക്ഷാ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള 'മൊബൈൽ എക്സിബിഷൻ-കം-ട്രെയിനിംഗ് വാനി'ന്റെ പണി പൂർത്തീകരിക്കുകയും നവീന ഉപകരണങ്ങൾ സ്ഥാപിച്ച് വാനിന്റെ പ്രവർത്തനോദ്ഘാടനം 1-1-2011-ൽ ബഹു. ഗതാഗതവകുപ്പുമന്ത്രി നിർവഹിക്കുകയും ചെയ്തു. റോഡ് സുരക്ഷാ അവബോധന പരിപാടികൾ നടത്തുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്.

പൊതു ശുപാർശ

കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വസ്തുക്കൾക്കും പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകണമെന്ന് എല്ലാ ജില്ലാകളക്ടർമാരോടും ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി യൂണിറ്റ് തലത്തിൽ സ്വീകരിച്ചു. യൂണിറ്റധികാരികൾ ഇതു സംബന്ധിച്ച അപേക്ഷ ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ചുവെങ്കിലും തുടർ നടപടികൾ പുരോഗമിച്ചില്ല. ഇതിനെത്തുടർന്ന് ഈ വിഷയത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) 8-2-2011-ൽ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, കേരള ലാൻഡ് അക്വിസിഷൻ നിയമം കെ.എസ്.ആർ.ടി.സി.-ക്ക് ബാധകമല്ലെന്നും പട്ടയത്തിന് പകരം വസ്തുക്കൾക്ക് കൈവശാവകാശരേഖ നൽകണമെന്നും കാണിച്ച് ജില്ലാകളക്ടർമാർക്കും ലാൻഡ് റവന്യൂ കമ്മീഷണർക്കും നടപടി സ്വീകരിക്കുവാൻ റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ യൂണിറ്റ് തലത്തിൽ കൈവശാവകാശരേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ശുപാർശ

3075-60-001-98-34—മറ്റുചെലവുകൾ

കൊല്ലം ജില്ലയിൽ സ്ഥിതിചെയ്യുന്ന ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ ഓഫീസിലെ ആവശ്യത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20,000 രൂപയ്ക്കുപുറമെ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2009-2010 വർഷത്തിൽ അധികതുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

5075-60-800-96—ഉൾനാടൻ ജലഗതാഗതം (കേന്ദ്രാവിഷ്കൃതം) ഭരണവും നടത്തിപ്പും

90 ശതമാനം കേന്ദ്രസഹായവും 10 ശതമാനം സംസ്ഥാനവിഹിതവും ഉള്ള പദ്ധതികളായ പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ, വേളി-ആക്കുളം തടാകത്തിന്റെ പരിസ്ഥിതി പുനർനിർമ്മാണം, വർക്കലയിലുള്ള രണ്ട് ടണലുകളുടെ വികസനം എന്നിവയ്ക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മതിയായ തുക ഉചിതമാർഗ്ഗേണ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സ്വീകരിച്ച നടപടി

2009-2010 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

യോഗനടപടിക്കുറിപ്പുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി

## 18-12-2007-ലെ യോഗനടപടിക്കുറിപ്പ്

ശുപാർശ

ഒ.ഡി.ആർ.-ൽ വരുന്ന 13000 കിലോമീറ്റർ റോഡ് ടാർ ചെയ്യണമെങ്കിൽ 120 കോടി രൂപ ആവശ്യമുണ്ടെന്നും വർഷങ്ങളായി കാര്യമായി വർക്ക് ചെയ്യാതെ കിടക്കുന്ന റോഡുകളിൽ കുറച്ചെങ്കിലും ഈ വർഷം പണിതീർക്കേണ്ടതുണ്ടെന്നും അതിനായി ധനകാര്യവകുപ്പുമായി ആലോചിക്കണമെന്നും ചെയർമാൻ സമിതിയിൽ വ്യക്തമാക്കി. ഇതിനായി ധനകാര്യവകുപ്പ് ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം അധിക തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ

എ.എസ്. കിട്ടിയ ഒ.ഡി.ആർ. റോഡുകൾക്ക് ടി.എസ്. കിട്ടാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്) സമിതിയെ അറിയിച്ചു. ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു കോടി രൂപയുടെ വർക്കിനുകൂടി ടി.എസ്. കൊടുക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി

തീരുമാനിച്ചു. ഒരുകോടി രൂപയുടെ വർക്കിൽ എടുത്തിട്ടുള്ള എല്ലാ റോഡുകളും എം.ഡി.ആർ.ആയി കൺവെർട്ട് ചെയ്തുകൊണ്ട് പ്രവൃത്തി നടപ്പാക്കുമെന്ന് നിയമസഭയിൽ സർക്കാർ നൽകിയിരുന്ന ഉറപ്പ് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

വിഷൻ 2010 എന്ന സ്കീം പ്രകാരം എല്ലാ എം.എൽ.എ.-മാർക്കും ഒരു കോടി രൂപയുടെ പണികൾ അനുവദിച്ചിരുന്നു. ഇതിൻപ്രകാരം മിക്കവാറും എല്ലാപണികളും എം.ഡി.ആർ. സ്റ്റാൻഡേർഡിൽ ചെയ്തു തീർത്തു.

22-4-2008-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ

റോഡുകളുടെ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി നടപ്പാക്കണമെന്നും റോഡുകളുടെയും പാലങ്ങളുടെയും പേര് രേഖപ്പെടുത്തിയിട്ടുള്ള ഫലകങ്ങൾ വ്യക്തമായി വായിക്കത്തക്ക രീതിയിൽ വൃത്തിയായി സംരക്ഷിക്കണമെന്നും ഈ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് ഉചിതമാർഗ്ഗത്തിൽ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ നടപ്പിലാക്കി.

24-11-2009-ലെ യോഗനടപടിക്കുറിപ്പ്

ശുപാർശ

16-10-2003-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ നമ്പർ 4, 5 എന്നിവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി പരിഗണിച്ച സമിതി, കാസർഗോഡ് താലൂക്കിൽപ്പെട്ട ജാൽസൂർ റോഡ്, പാണത്തൂർ എന്നീ സ്ഥലങ്ങളിൽകൂടി ചെക്ക് പോസ്റ്റുകൾ നിർമ്മിക്കണമെന്ന് ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

വാഹനസാന്ദ്രത കുറവായതിനാൽ കാസർഗോഡ് താലൂക്കിൽപ്പെട്ട ജാൽസൂർ റോഡ്, പാണത്തൂർ എന്നീ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കണമെന്ന സമിതിയുടെ ശുപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

**ഭാഗം 3**

സമിതിയുടെ 13-2-2013-ലെ യോഗത്തിൽ 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 12-6-2012-ലെ യോഗത്തിൽ സമിതി 2011-ലെ കേരള പോർട്ട് സർവ്വീസ് (ഹൈഡ്രോഗ്രാഫിക് സർവ്വേ ബ്രാഞ്ച്) സ്പെഷ്യൽ റൂൾസ്, കേരള ജനറൽ സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**ഭാഗം 4**

'പൊതുമരാമത്ത്' എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന പൊതുമരാമത്ത് വകുപ്പിന്റെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടും 'തുറമുഖങ്ങൾ' എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന തുറമുഖ വകുപ്പിന്റെ 2011-12-ലെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന [5056-00-190-99-(Plan)] കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടും 28-6-2012-ന് സഭയുടെ മേശപ്പുറത്തുവച്ചു.

കൂടാതെ 'വാഹനനികുതികൾ' എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും 'ഗതാഗതം' എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കീഴിൽവരുന്ന ഗതാഗത വകുപ്പിന്റെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 18-12-2012-ന് സഭയുടെ മേശപ്പുറത്തുവച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2013 മേയ് 15.

## അനുബന്ധം

## 18-4-2012-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2012 ഏപ്രിൽ മാസം 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ Vഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മരാമത്ത് വകുപ്പുമന്ത്രിയുമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ
2. „ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. കെ. മുരളീധരൻ
5. „ കെ. രാജു

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. ജോൺ മാത്യൂ, ജോയിന്റ് സെക്രട്ടറി
2. „ കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ

1. ശ്രീ. പി. എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. ആർ. കെ. സിംഗ്, സെക്രട്ടറി, തുറമുഖ വകുപ്പ്
3. ശ്രീ. മുഹമ്മദ് ഹനീഷ്, എം.ഡി., ആർ.ബി.ഡി.സി.കെ.
4. ശ്രീ. ആർ. കൃഷ്ണകുമാർ, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
5. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
6. ശ്രീ. സുരേഷ് ബാബു, എ.എസ്., എം.ഡി., വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് കമ്പനി ലിമിറ്റഡ്
7. ശ്രീ. കെ. എസ്. രാജു, എം.ഡി., കെ.എസ്.സി.സി.
8. ശ്രീ. ടി. ബാബുരാജ്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്)

10. ശ്രീ. ആർ. സുകുമാർ, എ.ഇ.ഇ., ചീഫ് എഞ്ചിനീയറുടെ ഓഫീസ്, റോഡ്സ് ആന്റ് ബ്രിഡ്ജസ്, തിരുവനന്തപുരം

11. ശ്രീമതി ജെ. എസ്. ലീന, ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

12. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (ഡിസൈൻ ആന്റ് അഡ്മിനിസ്ട്രേഷൻ)

13. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പി.

14. ശ്രീമതി എൽ. ശ്യാമള, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

15. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ, തുറമുഖവകുപ്പ്

16. ശ്രീ. കെ. കെ. രാജേന്ദ്രൻ, എം.ഡി., കെ.എസ്.എം.ഡി.സി.എൽ.

17. ശ്രീ. ഹരികേശ്, പി. സി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.എഫ്.ബി.

18. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ

19. ശ്രീ. എസ്. അജിത്, എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റ് ഹെഡ്, വി.ഐ.എസ്.എൽ.

20. ശ്രീ. വി. പ്രഭാകരൻ നായർ, അഡ്വൈസർ, വി.ഐ.എസ്.എൽ.

21. ശ്രീ. ശങ്കരൻ ശർമ്മ, കമ്പനി സെക്രട്ടറി ആന്റ് സി.ഇ.ഒ., വി.ഐ.എസ്.എൽ.

22. ശ്രീ. എ. സലീം, ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ ഡിപ്പാർട്ട്മെന്റ്

23. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, ഫിനാൻസ് ഓഫീസർ, ഡയറക്ടർ ഓഫ് പോർട്ട്സ്, തിരുവനന്തപുരം

24. ശ്രീ. കെ. വി. ശ്രീകുമാർ, ഫിനാൻസ് മാനേജർ, കെ.എസ്.സി.സി., എറണാകുളം

25. ശ്രീ. പി. ചന്ദ്രമോഹനൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീറുടെ ഓഫീസ്, പി.ഡബ്ല്യു.ഡി., എൻ.എച്ച്.

26. ശ്രീ. കെ. വി. മാത്യൂ, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്)

27. ശ്രീ. എൻ. പത്മകുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, പി.ഡബ്ല്യു.ഡി. (റോഡ്സ് ആന്റ് ബ്രിഡ്ജസ്)

28. ശ്രീ. ബി. ശശിധരൻ, എ.ഒ., കെ.ആർ.എഫ്.ബി.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്, ധനാഭ്യർത്ഥന നമ്പർ XL—തുറമുഖങ്ങൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധന നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുൻപാകെ ഹാജരായ ഉദ്യോഗസ്ഥരിൽനിന്നും അധികവിവരങ്ങൾ ആരായുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരുന്ന തുക താഴെപ്പറയും പ്രകാരം വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 4459,22,44,000 രൂപ |
| ചാർജ് ചെയ്തത് | : | 75,69,00,000 രൂപ |

2059-01-051—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 352 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 187.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 164.50 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

2059-01-053—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 3514 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2536 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-60-051—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി എന്നീ വകുപ്പുകളുടെ മറ്റു കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കുള്ള തുകയും കേരള ഹൗസ്, ന്യൂഡൽഹിയുടെ പണികൾക്കുള്ള തുകയും വി.ഐ.പി. വിസിറ്റിന് ആവശ്യംവരുന്ന തുകയും ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 1140 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 505 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 636 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-60-053—മറ്റ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുംവേണ്ടി അനുവദിച്ചിട്ടുള്ള 5297 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 2702.80 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-99—ഭരണവും നടത്തിപ്പും

പ്രസ്തുത ശീർഷകത്തിൽ വാഹനങ്ങൾ വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ 30 വർഷത്തിലേറെ പഴക്കമുള്ള 14 വാഹനങ്ങൾക്കുവേണ്ടി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-98—മേൽനോട്ടം

പ്രസ്തുത ശീർഷകത്തിൽ 15 വർഷം പഴക്കമുള്ള വാഹനങ്ങൾക്കുപകരം പുതിയവ വാങ്ങുന്നതിന് 8 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-001-97—നിർവ്വഹണം

പ്രസ്തുത ശീർഷകത്തിൽ 134.2169 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 115.3985 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സൈറ്റ് ഇൻസ്പെക്ഷൻ, വർക്ക് സൂപ്പർവിഷൻ എന്നിവ ഫലപ്രദമാക്കുന്നതിന് 26 സബ്ഡിവിഷനുകൾക്ക് വാഹനം അനുവദിക്കുന്നതിനുവേണ്ട തുകയായ 1.30 കോടി രൂപ ഉൾപ്പെടെ 18.18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-052—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങളും അറ്റകുറ്റപ്പണികളും മുതലായവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 15.03 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണവും സെക്രട്ടേറിയറ്റിന്റെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പണികൾ എന്നിവയ്ക്ക് വേണ്ടിയുള്ള പ്രസ്തുത ശീർഷകത്തിൽ 31.25 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഈയിനത്തിൽ അനുവദിച്ചിട്ടുള്ള 20.37 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 10.88 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2059-80-800—മറ്റ് ചെലവുകൾ

വസ്തുക്കൾ സബ്സിഡി ഇനത്തിലോ സൗജന്യ നിരക്കിലോ പാട്ടത്തിനു കൊടുക്കാൻവേണ്ട സഹായധനം, സ്റ്റോക്കിലുള്ള നഷ്ടം, യന്ത്രോപകരണങ്ങൾ സൗജന്യനിരക്കിൽ വാടകയ്ക്ക് കൊടുക്കുന്നതിനുള്ള സഹായധനം എന്നിവ ഉൾപ്പെടുന്ന "മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ 10.02 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുള്ള 1.02 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-001-99—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ശമ്പളം, അലവൻസുകൾ, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ഇതിൽ പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ചിട്ടുള്ള 1,23,000 രൂപ 1,50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ച 40.0088 കോടി രൂപയ്ക്ക് പുറമേ വാടക, കരം, നികുതി ഇനത്തിൽ 4 ലക്ഷം രൂപയും സ്കോളർഷിപ്പും സ്റ്റൈപ്പന്റും ഇനത്തിൽ 2 ലക്ഷം രൂപയും മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-337-99—സംസ്ഥാനത്തിന് അകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

പ്രസ്തുത ശീർഷകത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-01-800-99—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി തുക 1 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-99—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ, സാധാരണ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക (വോട്ട് ചെയ്തത്) തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 250 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 108 കോടി രൂപ (വോട്ട് ചെയ്തത്) അപര്യാപ്തമായതിനാൽ ടി തുക 550 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50.40 കോടി രൂപ (വോട്ട് ചെയ്തത്) അപര്യാപ്തമായതിനാൽ ടി തുക 100 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-96—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ വെള്ളപ്പൊക്കകെടുതിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 17 കോടി രൂപ അപര്യാപ്തമായതിനാൽ ടി തുക 100 കോടി രൂപയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-95—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ സംബന്ധിച്ച പണികൾക്കുള്ള തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 6 കോടി രൂപ അപര്യാപ്തമായതിനാൽ 4 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-94—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 3.6 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-03-337-93—ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടിയുള്ള ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 7.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 25 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-04-105-97—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഏറ്റെടുത്ത റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തദ്ദേശസ്വയംരണ സ്ഥാപനങ്ങളിൽനിന്നും ഏറ്റെടുത്ത 8575 കി.മീ. റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ പുതുതായി ആരംഭിച്ച ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1,000 രൂപയ്ക്കുപുറമേ 645 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-05-337-99—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

സി.ആർ.എഫ്. റോഡുകളുടെ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-99—റോഡുകളും പാലങ്ങളും—ഭരണവും നടത്തിപ്പും

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും കൂടാതെ ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിനുവേണ്ടി യുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ശീർഷക ത്തിൽ അനുവദിച്ചിട്ടുള്ള 7.1521 കോടി രൂപയ്ക്കു പുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, വാഹന മെയിന്റനൻസ്, പി.ഒ.എൽ. എന്നീ ഇനങ്ങളിൽ യഥാക്രമം 10 ലക്ഷം, 25 ലക്ഷം, 10 ലക്ഷം, 3 ലക്ഷം, 2 ലക്ഷം എന്നീ തുകകൾ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ അലവൻസുകളും ഒറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5.858 കോടി രൂപയ്ക്കുപുറമേ യാത്രാചെലവ്, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും, പി.ഒ.എൽ. എന്നീ ഇനങ്ങളിലായി ആകെ 24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർ മാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 111.7753 കോടി രൂപയ്ക്കുപുറമേ ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, മറ്റു ചെലവുകൾ, പി.ഒ.എൽ., മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി മൊത്തം 1.9 കോടി രൂപയും പുതിയ കാറുകൾ വാങ്ങുന്നതിനായി 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-004-99—ഗവേഷണവും പരിഷ്ക്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണ ത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കുവേണ്ടിയുള്ള ഈ

ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കറന്റു ചാർജിന് 1 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾക്ക് 1.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്ക് 3 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-004-98—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ എന്നിവയ്ക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2.9812 കോടി രൂപ അപര്യാപ്തമാണ്. മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക 14,000 രൂപയിൽനിന്ന് 75,000 രൂപയായി ഉയർത്തണമെന്നും പി.ഒ.എൽ.-ന് 50,000 രൂപയും ഓഫീസ് ചെലവിന് 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

3054-80-004-96—പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളെകുറിച്ച് വിശദമായ പഠനം നടത്തുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-052-98—വാഹനങ്ങളും അറ്റകുറ്റപ്പണികളും

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ചിട്ടുള്ള 25 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ വർഷത്തെ പേയ്മെന്റ് നൽകുന്നതിന് 10 ലക്ഷം രൂപയും വിവിധ വർക്ക്ഷോപ്പുകളിൽ പണി ചെയ്യാൻ കാത്തുകിടക്കുന്ന റോളറുകൾക്ക് 50 ലക്ഷം രൂപയും ഉൾപ്പെടെ 60 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷം അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-107-97—കാവൽക്കാരില്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

പ്രസ്തുത ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ഓരോ വർഷവും റെയിൽവേയ്ക്ക് നൽകേണ്ട തുക ഏകദേശം 4 കോടി രൂപയാണെന്നതിനാൽ ഈ ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വചാലുകൾ മുതലായവ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-94-03—ട്രാഫിക് സൈൻ ബോർഡുകൾ

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.6 കോടി രൂപ അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3054-80-800-92—കേരള റോഡ് ഫണ്ട് ബോർഡ്

മുന്നാണ്ടത്തെ സംസ്ഥാന മോട്ടോർ നികുതിവരവിന്റെ 10%-ന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് ഫണ്ട് ബോർഡിൽ നിക്ഷേപിക്കേണ്ടതാണ്. കോഴിക്കോട്, കൊച്ചി നഗരവികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് കൂടുതൽ ധനസഹായം ആവശ്യമായതിനാൽ ബോർഡിന് നിലവിൽ നൽകിവരുന്ന വാഹന നികുതിയുടെ 10% തുക 25 ശതമാനമായി വർദ്ധിപ്പിച്ച് നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

4059-01-051-99—പൊതുമരാമത്ത് മൂലധന ചെലവ്, സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 18 ലക്ഷം രൂപയ്ക്ക് പുറമേ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ്—നീതിന്യായ നിർവ്വഹണം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തുടങ്ങിയ ശീർഷകമാണിത്. ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവ നിലവിലുള്ള 50% CSS-ൽ ഉൾപ്പെടുന്നില്ല. 13 കോടതി സമുച്ചയങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക കേന്ദ്ര സഹായത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് അനുവദിക്കുന്നതുവരെ സംസ്ഥാന പദ്ധതിപ്രകാരം ബഡ്ജറ്റ് തുക ആവശ്യമാണെന്നും സമിതി വിലയിരുത്തി. പൂർത്തിയാക്കിയ കൊട്ടാരക്കര, ശാസ്താംകോട്ട കോംപ്ലക്സുകളുടെ പേയ്മെന്റ് കൊടുത്തു തീർക്കാനുണ്ട്. കൂടാതെ എറണാകുളം കോർട്ട് കോംപ്ലക്സ്, ആലപ്പുഴ കോടതിയുടെ എ ബ്ലോക്ക് എന്നിവയുടെ പണി പുരോഗമിക്കുന്നു. വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കണം. കേന്ദ്രസഹായമായി ഒരു നിശ്ചിത തുക മാത്രമാണ് ലഭിക്കുന്നതെന്നതിനാൽ 2 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-97—ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ആരംഭിച്ച ഈ ശീർഷകത്തിൽ 2 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സ്ഥലം അലോട്ട് ചെയ്ത് നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അധികം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-96—പൊതുമരാമത്ത് മൂലധന ചെലവ്—ഭൂനികുതി

ഭൂനികുതി വകുപ്പിലെ പണികൾക്കായി നടപ്പു സാമ്പത്തിക വർഷം 95 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നടപ്പുവർഷം 25 വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ആകെ 1.95 കോടി രൂപ മതിപ്പുചെലവു വരുന്ന പണികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പല ഓഫീസുകളുടെയും പണികൾ നടത്താനുണ്ട്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 1.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-95—പൊതുമരാമത്ത് മൂലധന ചെലവ്—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രേഷൻ വകുപ്പിലെ പണികൾക്കായി നടപ്പുസാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 23 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടങ്ങൾക്ക് ആകെ 9.0969 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പല പണികളും പുരോഗതിയിലുമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-94—പൊതുമരാമത്ത് മൂലധന ചെലവ്—സ്റ്റേറ്റ് എക്സൈസ്

എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പണികൾക്കായി 2012-13 വർഷത്തേക്ക് 3.5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1.3 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ എന്നിവയുടെയും തൃശൂർ അക്കാഡമിയുടെയും പണികൾ പുരോഗതിയിലാണ്. പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-93—പൊതുമരാമത്ത് മൂലധന ചെലവ്—വിൽപ്പനനികുതി

വാണിജ്യനികുതി വകുപ്പിന്റെ പണികൾക്കായി 2012-13 വർഷത്തേക്ക് 3.5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 98.80 ലക്ഷം രപൂയാണ് അനുവദിച്ചിട്ടുള്ളത്. കിള്ളിപ്പാലം സെയിൽസ്ടാക്സ് കോംപ്ലക്സിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പല പണികളും വളരെ വേഗതയിലാണ് നടക്കുന്നത്. കൂടാതെ പുതിയ പല ജോലികളും ഏറ്റെടുക്കേണ്ടിരിയിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-92—പൊതുമരാമത്ത് മൂലധന ചെലവ്—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി 2012-13 വർഷത്തേക്ക് 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 38 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗതിയിലാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-91—പൊതുമരാമത്ത്—മൂലധനച്ചെലവ്—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്

നടപ്പുസാമ്പത്തിക വർഷത്തേക്ക് പ്രസ്തുത ശീർഷകത്തിൽ 30 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ വളരെ പുരോഗതിയിൽ നടക്കുകയാണ്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-90—പൊതുമരാമത്ത്—മൂലധനച്ചെലവ്—ട്രഷറിയും അക്കൗണ്ട് ഭരണവും

പ്രസ്തുത ശീർഷകത്തിലേക്ക് പ്ലാൻ ഇനത്തിൽ 2.5 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ട്രഷറികളുടെ നിർമ്മാണത്തിനായി നടപ്പുവർഷം 35 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-89—പൊതുമരാമത്ത്—മൂലധനച്ചെലവ്—പോലീസ്

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണി ഈ കണക്കിനത്തിൽപ്പെടുന്നു. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷൻ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പല ഓഫീസുകളുടെയും പണികൾ ചെയ്യാനുള്ളതിനാൽ 2 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-88—പൊതുമരാമത്ത്—മൂലധനച്ചെലവ്—ജയിലുകൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച 10 ലക്ഷം രൂപയ്ക്കു പുറമേ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-87—പൊതുമരാമത്ത് വകുപ്പ്—പ്രിന്റിംഗ്

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ പണികൾക്ക് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ 3.50 ലക്ഷം രൂപയ്ക്കു പുറമേ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-86—പൊതുമരാമത്ത് മൂലധനച്ചെലവ്—പൊതുമരാമത്ത് സിവിൽ പണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പല പണികളും പുരോഗതിയിലാണ്. പ്രസ്തുത ശീർഷകത്തിൽ 40 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10.7105 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-85—പൊതുമരാമത്ത്—മൂലധനച്ചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തുനടത്തുവാനുണ്ട്. ആയതിനാൽ, നടപ്പു പണികൾക്കും പുതിയ ജോലി കൾക്കുമായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-84—പൊതുമരാമത്ത്—മൂലധനച്ചെലവ്—പൊതുജനാരോഗ്യം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണത്തിനുവേണ്ടി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 30 ലക്ഷം രൂപ ആവശ്യ പ്പെട്ടിരുന്നെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ഡയറക്ടറേറ്റ്, വയനാട് ജില്ലാ മെഡിക്കൽ ഓഫീസുകളുടേയും പണികൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-82—പൊതുമരാമത്ത്—മൂലധനച്ചെലവ്—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷത്തേക്ക് 2.50 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്ലാനിംഗ് ബോർഡിൽ പുതിയ ലിഫ്റ്റ് സ്ഥാപിക്കൽ ജോലിയും ബോർഡിലെ ഇലക്ട്രിക്കൽ ജോലികളും വളരെ പുരോഗതിയിലാണ് നടക്കുന്നത്. വൈസ് ചെയർമാനുള്ള വസതി യുടെ പണി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.45 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-75—പൊതുമരാമത്ത്—വാണിജ്യനികുതി

വാണിജ്യനികുതി വകുപ്പിന്റെ പണികൾക്കായി നോൺ പ്ലാൻ ഇനത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നോൺ പ്ലാനിൽ തുക പര്യാപ്തമാണ്. എന്നാൽ പ്ലാൻ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-72—പൊതുമരാമത്ത്—മൂലധനച്ചെലവ്—വില്ലേജാഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജാഫീസുകൾക്കുവേണ്ടി ആരംഭിച്ച പുതിയ ശീർഷകത്തിലേക്ക് 5 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-71—പൊതുമരാമത്ത്—മൂലധനച്ചെലവ് മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ—മരാമത്ത് പണികൾ

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട കെട്ടിടവിഭാഗം പ്രവൃത്തികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുളളത് 1,000 രൂപയാണ്. നോൺ പ്ലാൻ വിഹിതമായി 200 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. മാന്ദ്യവിരുദ്ധ

പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണ്. ഇതിൽ എല്ലാ വകുപ്പുകളുടേയും കെട്ടിടംപണി ഉൾപ്പെടുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-01-051-69—പൊതുമരാമത്ത്—മൂലധനച്ചെലവ്—സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ അധികനില നിർമ്മാണം

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പഴയ കെട്ടിടത്തിന്റെ അധികനില നിർമ്മാണത്തിനു വേണ്ടി നടപ്പുസാമ്പത്തികവർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-99—പൊതുമരാമത്ത്—മൂലധനച്ചെലവ്—സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയിലെ പണികൾക്കായി പുതുതായി അനുവദിച്ച ശീർഷകമാണിത്. നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് 3.25 കോടി രൂപ ചെലവിൽ മാറ്റിസ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിയമസഭാ ഹാളിനകത്തെ ഇലക്ട്രോണിക് സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനായി 6 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-98—പൊതുമരാമത്ത്—മൂലധനച്ചെലവ്—നീതിന്യായം (വോട്ട് ചെയ്തത്)

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 12.3558 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 50% കേന്ദ്രസഹായമുള്ള ശീർഷകമാണിത്. 13 കോടതി സമുച്ചയങ്ങളുടെ നിർമ്മാണത്തിന് 75 കോടി രൂപ കേന്ദ്ര സഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്. 18 കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 74.99 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിവിധ കോടതിക്കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. കേന്ദ്രസഹായം ലഭിക്കുന്നതുവരെ സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലേക്ക് 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-88—പൊതുമരാമത്ത്—മൂലധനച്ചെലവ്—ജയിൽ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണം ഉൾപ്പെടുന്നതാണ് ഈ ശീർഷകം. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-86—പൊതുമരാമത്ത്—മൂലധനച്ചെലവ്—പൊതുമരാമത്ത് (സിവിൽ) പണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ്ഹൗസുകളുടെയും മറ്റു കെട്ടിടങ്ങളുടെയും പണികൾക്ക് നടപ്പുസാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ല. നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുന്നതിനും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനുമായി 6 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-85—പൊതുമരാമത്ത്—മൂലധനച്ചെലവ്—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 2012-13 വർഷത്തേക്ക് 3.63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുപണികൾക്കും പുതിയതായി വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം ഏറ്റെടുത്തു നടത്തുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-84—പൊതുമരാമത്ത്—മൂലധനച്ചെലവ്—പൊതുജനാരോഗ്യം

പ്രസ്തുത ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആരോഗ്യവകുപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി 2.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-60-051-77—പൊതുമരാമത്ത്—മൂലധനച്ചെലവ്—നിയമസഭാ സാമാജികർക്കുവേണ്ടി ഫ്ളാറ്റ് നിർമ്മാണം

പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷത്തിൽ 70.02 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമാണ്. പുതിയ പണികൾക്കും നിലവിലെ പണികളുടെ പൂർത്തീകരണത്തിനുമായി 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-051-79—പൊതുമരാമത്ത്—മൂലധനച്ചെലവ്—ജെന്റർ ബഡ്ജറ്റിംഗിന് തുടക്കം

പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷം 2.4712 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 2 കോടി രൂപയുടെയും 1.80 കോടി രൂപയുടെയും ഭരണാനുമതി നൽകിയ പണികൾ ചെയ്തുതീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4509-80-051-78—പൊതുമരാമത്ത്—മൂലധനച്ചെലവ്—സൈനികസ്കൂൾ

സൈനിക സ്കൂളിനായി പുതുതായി തുടങ്ങിയ ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4059-80-051-77—പൊതുമരാമത്ത്—മൂലധനച്ചെലവ്—മുൻഗണനാ പ്രവൃത്തികൾ

പുതുക്കിയ ബഡ്ജറ്റിൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കേണ്ടതിനാൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-052—റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ

റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിന് യന്ത്രോപകരണങ്ങൾ വാങ്ങിക്കുന്നതിന് നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-337-98—ദേശീയ പാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസനം

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 4.1186 കോടി രൂപ അപര്യാപ്തമാണ്. പുതിയ പണികൾക്കും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-01-800-99—ദേശീയ പാതയിലേക്ക് ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

നടപ്പുവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-101-99—പാലങ്ങളും കലുങ്കുകളും

സംസ്ഥാനത്തെ പ്രധാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തികവർഷം 6.1779 കോടി രൂപയാണ് പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന പ്രധാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാൻ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-337-98—സംസ്ഥാന ഹൈവേകൾ—വികസനവും പരിഷ്കരണവും

സംസ്ഥാന പ്രധാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് 16.7463 കോടി രൂപയാണ് പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള സംസ്ഥാന പ്രധാനപാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിന് 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-337-97—കേരള സ്റ്റേറ്റ് ട്രാൻസ്‌പോർട്ട് പ്രോജക്ട് (ലോകബാങ്ക് സഹായിക്കുന്നത്)

കേരള സ്റ്റേറ്റ് ട്രാൻസ്‌പോർട്ട് പ്രോജക്ടിന്റെ റോഡ് പണികൾക്കായുള്ള തുക അനുവദിക്കുന്ന ശീർഷകത്തിൽ നടപ്പുവർഷം അനുവദിച്ചിട്ടുള്ള 25 കോടി രൂപ അപര്യാപ്തമാണ്. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം അനുവദിക്കുന്നതിനുവേണ്ടി തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പ്രധാന പാതകളുടെ ഉപരിതല പുനരുദ്ധാരണ പരിപാടി എന്ന ഒരു പുതിയ പദ്ധതി ഈ വർഷം ആരംഭിക്കുന്നു. പ്രധാന പാതകളുടെ 4342 കി.മീ. ഉപരിതല പുനരുദ്ധാരണം 20% ചെയ്യുകയാണെങ്കിൽ 200 കോടി രൂപ വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 82.37 ലക്ഷം രൂപയ്ക്ക് പുറമെ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-101-99—പ്രധാന ജില്ലാതല റോഡുകൾ—പാലങ്ങളും കലുങ്കുകളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 12.3558 കോടി രൂപ അപര്യാപ്തമാണ്. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 300 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-101-86—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

പാലങ്ങളുടെ വികസനത്തിനായി പ്രസ്തുത ശീർഷകത്തിൽ 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 75 കോടി രൂപ അപര്യാപ്തമായതിനാൽ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-99—പ്രധാന ജില്ലാതല റോഡുകൾ—വികസനവും പരിഷ്കരണവും

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ള 41.1862 കോടി രൂപ അപര്യാപ്തമാണ്. ഈ വർഷം പുതിയ ഭരണാനുമതി നൽകുന്നതിന് 500 കോടി രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-92—മലയോര ഹൈവേ

മലയോര പ്രദേശ ഹൈവേ റോഡുകളിൽ വരുന്ന നിർമ്മാണം, വികസനം, പരിഷ്കരണം തുടങ്ങിയ പണികൾക്കുവേണ്ടി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ പ്രസ്തുത ശീർഷകത്തിലേക്ക് 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-91—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം

പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം പ്ലാൻ ഇനത്തിൽ വകയിരുത്തിയിട്ടുള്ള 2.0593 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. പുതിയ പണികൾക്ക് ഭരണാനുമതി നൽകാൻ 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-89—ശബരിമല റോഡ് പ്രോജക്ട്

ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള റോഡ് പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8.2372 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-83—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായി പ്രസ്തുത ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 4.1186 കോടി രൂപയ്ക്കും നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 1,000 രൂപയ്ക്കും പുറമേ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി 500 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-04-337-82—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇപ്പോൾ നടക്കുന്ന പണികളുടെ ചെലവിലേക്കായി പ്രസ്തുത ശീർഷകത്തിൽ 450 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-05-337-99—പ്രധാന സംസ്ഥാനാന്തര റോഡുകൾ

സാമ്പത്തികമായോ സംസ്ഥാനാന്തരമായോ പ്രാധാന്യമുള്ള റോഡുകൾ, 100% കേന്ദ്രസഹായമുള്ള പദ്ധതിക്കുവേണ്ടി 2012–13 വർഷത്തേക്ക് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-05-337-97—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

സി.ആർ.എഫ്. റോഡുകൾക്കും പാലങ്ങൾക്കുംവേണ്ടി പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 43.47 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 60 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-004-99—ഡ്രിക് ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവും ശക്തിപ്പെടുത്തലും ആധുനികവൽക്കരണവും

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുവേണ്ടി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ ഈ സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 60 ലക്ഷം രൂപ അനുവദിക്കണമെന്നും ആയത് 5054-80-800-82 എന്ന ശീർഷകത്തിൽ നിന്നും റീഅപ്രോപ്രിയേഷൻവഴി നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്തു.

5054-80-052-99—"3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം"

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 5.0807 കോടി അപര്യാപ്തമായതിനാൽ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-190-99—റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്

2012-13 വർഷത്തേക്ക് ആർ.ബി.ഡി.സി.കെ.-യ്ക്ക് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 150 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-81—റെയിൽവെ സുരക്ഷിതത്വ പണികൾ

റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്ക് തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുള്ള 82.37 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-71—കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം

പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷം അനുവദിച്ചിട്ടുള്ള 20.59 ലക്ഷം അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5054-80-800-70—മുൻഗണനാ പ്രവൃത്തികൾ

2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന, മുൻഗണന നൽകി ഉടനെ തുടങ്ങേണ്ട പ്രവൃത്തികൾക്കായി 125 കോടി രൂപയുടെ ഭരണാനുമതി 2011-12 വർഷം നൽകിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നടപ്പുവർഷം 1,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 100 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ധനാഭ്യർത്ഥന XL—തുറമുഖവകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ വകയിരുത്തി യിരുന്ന തുക താഴെപ്പറയുംപ്രകാരം വർദ്ധിപ്പിക്കുവാൻ സമിതി ശുപാർശ ചെയ്തു:

3051-02-001-99—പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ മുതലായവയ്ക്കായി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തേക്ക് 1.5724 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.3549 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയതായി അനുവദിച്ച കാറുകൾ, മോട്ടോർ സൈക്കിൾ എന്നിവയ്ക്ക് ഇന്ധനത്തിനായി 1.32 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപയും 05-4 മറ്റിനങ്ങൾ എന്ന മൈനർ ഹെഡിൽ നിത്യനിദാന ചെലവുകൾക്കായി ഒരു ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-001-98—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്—ഭരണവും നടത്തിപ്പും

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, വിവിധ സർക്കിൾ/ഡിവിഷൻ/സബ് ഡിവിഷൻ ഇവയിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, യാത്രാബത്ത, കെട്ടിട നികുതി, അപ്രന്റീസ് ട്രെയിനികൾക്കുള്ള സ്റ്റൈപ്പെന്റ്, പാർട്ട് ടൈം സ്വീപ്പർമാരുടെ വേതനം തുടങ്ങിയ ചെലവുകൾക്കാണ് ഈ കണക്കിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ശീർഷകത്തിലേക്ക് 17.3602 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 15.7257 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 1.6345 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-005-99—ചെറുകിട തുറമുഖ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

വിഴിഞ്ഞം, തങ്കശ്ശേരി, മുനമ്പം, ബേപ്പൂർ, ആലപ്പുഴ, അഴീക്കൽ തുടങ്ങിയ തുറമുഖങ്ങളുടെ വികസനത്തിനും കാർഗോ തുറമുഖങ്ങളുടെ പര്യവേഷണവും മാതൃകാപഠനവും പരീക്ഷണങ്ങളും നടത്തുന്നതിനും ശാസ്ത്രീയ ഉപകരണങ്ങൾ, കോഡുകൾ, ജേർണലുകൾ എന്നിവ വാങ്ങുന്നതിനും മാതൃകാപഠനം നടത്തുന്ന സ്ഥാപനങ്ങൾക്കുള്ള കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിനുമാണ് പ്രസ്തുത കണക്കിനത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 30.00 ലക്ഷം രൂപയാണ് 2012-13 സാമ്പത്തിക വർഷത്തേക്ക് ആവശ്യപ്പെട്ടിരുന്നതെങ്കിലും 20.00 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 10.00 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-001-93—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷി വികസനവും

കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന, വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലെ തുക, അടിസ്ഥാനസൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണ പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം,

ലാബുകളിലേക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുക, പാഠപുസ്തകങ്ങൾ വാങ്ങുക, പരിശീലനത്തിനുവേണ്ടിയുള്ള വീഡിയോ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ, പരിശീലനക്ലാസ്സുകൾ നടത്തുക, വിദഗ്ദ്ധ അഭിപ്രായം തേടുക, വിദഗ്ദ്ധർക്കുള്ള ഫീസ് നൽകുക എന്നിവയ്ക്കുവേണ്ടി വിനിയോഗിക്കാനുള്ളതാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2012-13 വർഷത്തിൽ 1.55 കോടി രൂപ ആവശ്യപ്പെട്ടിരുന്നതെങ്കിലും 1.5 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-101-98—നിർമ്മാണവും അറ്റകുറ്റപ്പണികളും—ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ വകുപ്പ് എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഗോഡൗണുകൾ, വിളക്കുമരങ്ങൾ മുതലായവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 80.00 ലക്ഷം രൂപയാണ് 2012-13 സാമ്പത്തിക വർഷത്തേക്ക് ആവശ്യപ്പെട്ടിരുന്നത്. 42.35 ലക്ഷം രൂപയാണ് 2012-13 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ബാക്കി 37.65 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-102-99—പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ട് ഓഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും, ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാച്ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കും യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റുചെലവുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 6.7029 കോടിരൂപയാണ്. പുതിയതായി വാങ്ങിയ മൂന്ന് കാറുകളുടെയും ഒരു മോട്ടോർ സൈക്കിളിന്റെയും ഇന്ധനച്ചെലവിനായി 3.15 ലക്ഷം രൂപയും, മെയിന്റനൻസിനായി 0.16 ലക്ഷം രൂപയും കൂടാതെ അഴീക്കൽ തുറമുഖത്ത് മണൽവാരൽ പ്രക്രിയകൾ പരിശോധിക്കുന്നതിനായി ഒരു മോട്ടോർ സൈക്കിൾ വാങ്ങുന്നതിനായി 60,000 രൂപ 21-1 എന്ന മൈനർ ഹെഡിലും ഉൾപ്പെടെ 3.91 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3051-02-103-96—ഡ്രഡ്ജിംഗും സർവേയിംഗും—ഹൈഡ്രോഗ്രാഫിക് സർവ്വേ മൺസൂണിന് മുൻപും പിൻപും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം

കേരളത്തിലെ വിവിധ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ മൺസൂണിനുമുൻപും പിൻപും ഉള്ള ഹൈഡ്രോഗ്രാഫിക് സർവ്വേക്കും മണ്ണുമാന്തലിനു മുൻപും പിൻപുമുള്ള ഹൈഡ്രോഗ്രാഫിക് സർവ്വേക്കും വേണ്ട ചെലവിനങ്ങൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷത്തേക്ക് 15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 11 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉൾനാടൻ ജലപാതകളുടെ സർവ്വേ ജോലികൾ ഏറ്റെടുത്തിരിക്കുന്ന സാഹചര്യത്തിൽ 4 ലക്ഷം രൂപകൂടി പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-01-001-99—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—വിഴിഞ്ഞം ആഴക്കടൽ വികസനം, അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

സംസ്ഥാന സർക്കാർ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വികസിപ്പിക്കുന്നത്. ഇതിന്റെ പദ്ധതിരേഖകൾ അംഗീകരിച്ചുകഴിഞ്ഞു. പ്രസ്തുത ശീർഷകത്തിലേക്ക് നടപ്പുസാമ്പത്തികവർഷം 250 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 223.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇതിലേക്ക് 26.32 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-98—ബേപ്പൂർ കാർഗോ ഹാർബറിന്റെ വികസനം

ബേപ്പൂർ കാർഗോ ഹാർബറിന്റെ വികസനത്തിനായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇന്റർനാഷണൽ ഷിപ്പ് ആന്റ് പോർട്ട് ഫെസിലിറ്റീസ് സെക്യൂരിറ്റി കോഡ് അനുസരിച്ച് ചുറ്റുമതിൽ നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 2.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപകൂടി ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-94—അഴീക്കൽ തുറമുഖം

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിൽ ഉൾപ്പെടുന്ന കാർഗോ ബർത്തിന്റെ നിർമ്മാണം, മറ്റ് പ്രവൃത്തികളായ ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം, റോഡ്, യാർഡ് എന്നിവയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, യാർഡിന്റെ വൈദ്യുതീകരണം എന്നീ പ്രവൃത്തികൾക്കായി 2012-13 വർഷത്തേക്ക് 4 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.9 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. യാർഡ്, ട്രാൻസിറ്റ് ഷെഡ് എന്നിവയുടെ പ്രവൃത്തികൾക്ക് 1.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-91—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ഗവേഷണവും വികസനവും

വിവരസാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ ഓഫീസുകൾ തമ്മിൽ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, സോഫ്റ്റ്‍വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണുമാന്തൽ സംബന്ധിയായി ഉപദേശകരെയും പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ദ്ധരെയും നിയമിക്കുക, പദ്ധതിരേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ദൂഷണത്തിനെതിരെ പഠനം നടത്തുക, സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവയിൽ പങ്കെടുക്കുകയും അവ നടത്തുകയും ചെയ്യുക, തുറമുഖങ്ങൾ സന്ദർശിക്കുക, ജേർണലുകൾ, ആനുകാലികങ്ങൾ പുസ്തങ്ങൾ എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഇതിലേക്ക് 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—തുറമുഖങ്ങളുടെ വികസനം

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപതു തുറമുഖങ്ങളുടെ വികസനത്തിനായി നടപ്പുവർഷം 3.09 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2.55 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഇതിലേക്ക് 54 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-83—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—അഴീക്കൽ തുറമുഖ വികസനം

തദ്ദേശീയവും വിദേശീയവുമായ ചരക്ക്, കണ്ടെയ്നറിലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ഒരു തുറമുഖമായി വികസിപ്പിക്കുന്നതിനും തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ്, പട്രോൾ ബോട്ടുകൾ വാങ്ങുക, തുറമുഖ ഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ്, ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടിയും മണ്ണുമാന്തി വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുള്ളത് 2 കോടി രൂപയാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2.9 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. അനുവദിച്ച തുക അപര്യാപ്തമായതിനാൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-82—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ—വിഴിഞ്ഞം കാർഗോ തുറമുഖം (പോർട്ട്)

ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ്, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റ് സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, ഉപദേശകരെ നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 2.9 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള 70 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 2.2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5051-02-200-81—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തങ്കശ്ശേരി കാർഗോ തുറമുഖം

ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, തുറമുഖ തൊഴിലാളികൾക്ക് സുരക്ഷിതത്വവും ക്ഷേമവും നടപ്പിലാക്കുക, ആശ്രാമത്തെ ഉൾപ്പെടെയുള്ള സ്ഥലത്ത് കെട്ടിടങ്ങളും മറ്റും നിർമ്മിക്കുക, പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും

അറ്റകുറ്റപ്പണികൾ നടത്തുക, തുറമുഖ ഭൂമി പച്ചവിരിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 2012-13 വർഷത്തേക്ക് 5.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-80—തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ആലപ്പുഴ തുറമുഖ വികസനം

കെട്ടിടങ്ങളുടെ നിർമ്മാണം, പരിപാലനം, സജ്ജീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, തുറമുഖ ഭൂമിയെ പച്ചവിരിക്കുക, സൗന്ദര്യ വർദ്ധനം, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, എസ്.കെ.വി.എ. സൗരോർജ്ജം എന്നിവയ്ക്കുവേണ്ടി നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ 1.11 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയ്ക്കുപുറമേ 61 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-79—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—പൊന്നാനി തുറമുഖം

തദ്ദേശീയവും വിദേശീയവുമായ ചരക്ക്, കണ്ടെയ്നറിൽ വരുന്നതും അല്ലാത്തതും കൈകാര്യം ചെയ്യുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തുറമുഖമായി പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി ഉദ്ദേശിക്കുന്നു. തുറമുഖ കെട്ടിടങ്ങളുടെ പുനഃനിർമ്മാണം, വെഹിക്കിൾ ഷെഡ് നിർമ്മാണം, ചുറ്റുമതിലും ഗേറ്റും സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ച വിരിക്കുക, കപ്പലോട്ട നിയമങ്ങൾ അനുസരിച്ച് ചാനൽ മാർക്ക് ചെയ്യുക, തുറമുഖം നടത്തിപ്പിനും വികസനത്തിനുമായ എല്ലാ പ്രവൃത്തികളും നടത്തുന്നതിനായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 20 ലക്ഷംരൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-78—വിഴിഞ്ഞം കാർഗോ ഹാർബർ

വിഴിഞ്ഞം കാർഗോ ഹാർബറിന്റെ നിർമ്മാണം, വിഴിഞ്ഞം പോർട്ടിലെ ട്രാൻസിറ്റ് ഷെഡ് എന്നീ പ്രവൃത്തികൾക്കായി 2012-13 വർഷത്തേക്ക് 8 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിഴിഞ്ഞം പോർട്ടിലെ ട്രാൻസിറ്റ് ഷെഡ് പ്രവൃത്തിക്ക് 4 കോടി രൂപ ആവശ്യമുള്ളതായി സമിതി വിലയിരുത്തി. ആയതിനാൽ 4 കോടി രൂപ പ്രസ്തുത ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-74—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനം

ഏഴ് മീറ്റർ ആഴം തുറമുഖത്തിനകത്തും കപ്പൽ ചാനലിലും ഘട്ടംഘട്ടമായി ഉണ്ടാക്കിയെടുക്കുന്ന തരത്തിൽ ഡ്രഡ്ജ് നടത്തുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യങ്ങളും ഒരുക്കുക, തുറമുഖത്തേക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുക/വാങ്ങുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാ സംവിധാനം ഒരുക്കുക, പൈലറ്റ് പട്രോൾ ബോട്ട് വാങ്ങുക, തുറമുഖ ഭൂമി പച്ചവിരിക്കുക, വേ ബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക എന്നിവയ്ക്കുവേണ്ടി 2012-13 വർഷത്തേക്ക് 3.87 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1.25 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 2.62 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-73—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തിരുവനന്തപുരം-വലിയതുറ തുറമുഖ വികസനം

തിരുവനന്തപുരം നഗരത്തിന്റെ ചരക്ക് നീക്കത്തിന് ഉതകുന്നവിധം തിരുവനന്തപുരം വികസിപ്പിക്കുന്നതിന് വേണ്ടി ഇപ്പോഴുള്ള കടൽപ്പാലം പുതുക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഗോഡൗണുകൾ പുതുക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനും സിഗ്നൽ സ്റ്റേഷൻ, ചുറ്റുമതിൽ, ഗേറ്റ്, കടൽപ്പാലത്തിലേക്കുള്ള ഗേറ്റ്, മറ്റ് സുരക്ഷാ സംവിധാനങ്ങൾ, ജീവനക്കാർക്കുള്ള വസതി, കൂടാതെ ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും തുറമുഖ ഭൂമി പച്ചവിരിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 2012-13 വർഷത്തേക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 1.5 കോടി രൂപയാണ്. പ്രസ്തുത ശീർഷകത്തിലേക്ക് 2.7 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ ഇതിലേക്ക് 1.2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം

എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികൾക്കുവേണ്ടി നടപ്പുവർഷം 1.68 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 1.5 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-80-800-98—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ മൂലധന ചെലവ്—സംഭരണശാലകളുടെയും പണിശാലകളുടെയും വിപുലീകരണം

നീണ്ടകര, കോഴിക്കോട് മെക്കാനിക്കൽ വർക്ക്ഷോപ്പിലേക്കാവശ്യമായ സ്റ്റോർ സാധനങ്ങൾ, ജലവാഹനങ്ങൾക്കും, ക്രെയിനുകൾക്കും ആവശ്യമായ ഉപകരണങ്ങൾ, മെഷീനറി ടെക്നിക്കൽ ആവശ്യങ്ങൾക്കായുള്ള സ്പെയർ പാർട്സ്, ജനറേറ്റർ സെറ്റുകൾ ഉൾപ്പെടെ എല്ലാ സാങ്കേതിക ഉപകരണങ്ങൾ, ചരക്കു കൈകാര്യം ചെയ്യുന്ന ഉപകരണങ്ങൾ, ജലവാഹനങ്ങൾ, വർക്ക്ഷോപ്പ് യൂണിറ്റിനെ വ്യവസായ സ്ഥാപനമാക്കി മാറ്റാൻ ആവശ്യമായവ വാങ്ങുക, വർക്ക്ഷോപ്പിന്റെ പുനർനിർമ്മാണം, ഇൻവെർട്ടർ എന്നിവ വാങ്ങുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി ഈ ശീർഷകത്തിൽ 12.52 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 75.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-80-800-89—കടൽപ്പാലങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും പ്രധാന അറ്റകുറ്റപ്പണികളും വലിയ തോതിലുള്ള നിർമ്മാണവും

കേരളതീരത്ത് നിലനിൽക്കുന്ന തുറമുഖങ്ങളുടെ സ്ട്രക്ചറുകളുടെയും പിയറുകളുടെയും പ്രധാന അറ്റകുറ്റപ്പണികളും കൂട്ടിച്ചേർക്കലുകളും കൂടാതെ അപ്രോച്ച് റോഡുകൾ, പോർട്ട് സ്ട്രക്ചറുകൾ, സിഗ്നൽ സ്റ്റേഷൻ, നാവിഗേഷണൽ സഹായം, കെട്ടിടം, ജലവിതരണ സംവിധാനം, ഫെൻഡറുകൾ, വൈദ്യുതി സംവിധാനം, വിഴിഞ്ഞം തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 2012-13-ലേക്ക് 2.6 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വലിയതുറ കടൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ ഉടനെതന്നെ ചെയ്തുതീർത്തില്ലെങ്കിൽ അത് തകർന്നുവീഴാൻ ഇടയുണ്ടെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-80-800-72—പരവൂർ-ഇരവിപുരം കോസ്റ്റൽ റോഡ്

ഇരവിപുരം-പരവൂർ കോസ്റ്റൽ റോഡിന്റെ ഭാഗമായി ഇരവിപുരത്തുള്ള പാലത്തിന് 2012-13 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 70 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ പാലത്തിന്റെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 3.3 കോടി രൂപ കൂടി പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5051-80-800-62—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—തീരദേശ കപ്പൽ ഗതാഗത വികസനം

റോഡിനുപകരം കടലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക, ഇതിനുവേണ്ടി കപ്പലുകൾ വാങ്ങുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യുക, കൊല്ലം,

കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിനു സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, ഇൻസെന്റീവ് നൽകുക, പ്രോജക്ടുകൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 2.3 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും വകയിരുത്തിയിട്ടുള്ളത് ഒരു കോടി രൂപയാണ്. പ്രസ്തുത തുക അപര്യാപ്തമായ തിനാൽ നടപ്പു സാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൽ 1.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പൊതുമരാമത്ത് വകുപ്പിലെ മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിന്റെ ഭാഗമായി 1077 പ്രവൃത്തികൾക്കുവേണ്ടി 2009-10-ൽ അനുവദിച്ചിരുന്ന 2531.73 കോടി രൂപയുടെ വർക്കിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് വർക്ക് തുടങ്ങിയിട്ടുണ്ടെന്നും, പ്രസ്തുത പാക്കേജ് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷന് രണ്ടു വർഷത്തെ വാലിഡിറ്റിയെ ഉണ്ടാവുകയുള്ളൂ എന്നു പറഞ്ഞിരുന്നെന്നും ടി ഉത്തരവ് നടപ്പാക്കിയാൽ വർക്ക് തുടങ്ങാത്തതും തീർന്നു എന്ന് കണക്കാക്കേണ്ടിവരുമെന്നും അങ്ങനെ സംഭവിക്കാതിരിക്കുന്നതിന് ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെടണമെന്നും പൊതുമരാമത്തുവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്ത എല്ലാ വർക്കുകൾക്കും പണി തുടരുന്നതിന് അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

എം.എൽ.എ.-മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ എന്ന പദ്ധതിയിൽ റോഡ്, പാലം, കെട്ടിടം എന്നിവയും കുടിവെള്ള പദ്ധതികളും ഉൾപ്പെടുമെന്ന് പൊതുമരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതി സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെന്റ് ഉത്തരവു പ്രകാരം ഇതിന്റെ നിയന്ത്രണം ധനകാര്യവകുപ്പിനാണെന്നും എം.എൽ.എ.-മാൽ നിർദ്ദേശിക്കുന്ന വർക്ക് ധനകാര്യവകുപ്പിൽനിന്നുമാണ് പൊതുമരാമത്ത് വകുപ്പിന് നൽകുന്നതെന്നും ഫണ്ട് റിലീസ് ചെയ്യുന്നതും ധനകാര്യവകുപ്പാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അങ്കമാലി മിനി സിവിൽ സ്റ്റേഷന്റെ വർക്കിനുവേണ്ടി 6 കോടി രൂപ എസ്റ്റിമേറ്റ് ചെയ്യുകയും ആദ്യം 4 കോടി രൂപയ്ക്ക് അനുമതി ലഭിക്കുകയും ആദ്യഘട്ട വർക്ക് പൂർത്തിയാവുകയും ചെയ്തെങ്കിലും രണ്ടാം ഘട്ടം ഇതുവരെ തുടങ്ങിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. പ്രസ്തുത വർക്ക് ഈ വർഷം പരിഗണിക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേയായ ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ പണി ഡെവലപ്മെന്റ് സ്കീമിലൊന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നും ശബരിമല പാക്കേജിലുള്ള റോഡാണിതെന്നും സമിതി നിരീക്ഷിക്കുകയും ടി റോഡിന്റെ വീതി കൂട്ടുന്നതുൾപ്പെടെയുള്ള വർക്ക് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.  ടി വർക്കിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടെൻഡർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് സാങ്ഷൻ ചെയ്തു കൊടുക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

കൊച്ചി-മധുര ഹൈവേയുടെ പണി സ്റ്റേറ്റ് ഹൈവേ ഡവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഡെവലപ്പ് ചെയ്യാൻ സാധിക്കില്ലെന്നും NHDP ഫെയ്സ് 4-ൽ ഡെവലപ്പ് ചെയ്യുന്നതിനുള്ള റോഡാണിതെന്നും, കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു. പ്രസ്തുത റോഡിന്റെ വർക്ക് നേര്യമംഗലം വരെയും, നേര്യമംഗലം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള രണ്ടു റീച്ചായിട്ടു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും നേര്യമംഗലം വരെയുള്ളതിൽ കോതമംഗലം, മൂവാറ്റുപ്പുഴ, തൃപ്പൂണിത്തുറ ബൈപ്പാസിന് ബി.ഒ.ടി. കൊടുത്താൽ എം.ഒ.ആർ.ടി.എച്ചിൽ നിന്ന് ഫണ്ട് ലഭിക്കുമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇതിന് കേന്ദ്രത്തിലേക്ക് പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതാണെന്നും ചീഫ് എഞ്ചിനീയർ കൂട്ടിച്ചേർത്തു. ടി വർക്കിന് എസ്റ്റിമേറ്റ് തയ്യാറാക്കി ബി.ഒ.ടി. അടിസ്ഥാനത്തിൽ ടെൻഡർ വിളിക്കുന്നതിന് ക്യാബിനറ്റ് തീരുമാനമെടുക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

അങ്കമാലി ബൈപ്പാസിന്റെ വർക്കിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പി.പി.പി. മോഡലിൽ റിബൺ ഡെവലപ്മെന്റോ ബലൂൺ ഡെവലപ്മെന്റോ ആയിട്ടാണ് ചെയ്യുന്നതെന്നും റോഡിന്റെ ഇരുഭാഗത്തും ഒരുപോലെ ഭൂമിയെടുക്കുന്നതാണ് റിബൺ ഡെവലപ്മെന്റെന്നും ഇടയ്ക്കിടക്ക് ഭൂമിയെടുത്ത് ചില പോയിന്റുകളും നോഡുകളും നിർമ്മിച്ച് കൊമേഴ്സ്യൽ ഉപയോഗത്തിനുവേണ്ടി പൊതുജനങ്ങളുമായി ചേർന്നുകൊണ്ട് ചെയ്യുന്നതാണ് ബലൂൺ ഡെവലപ്മെന്റെന്നും ആർ.ഡി.ബി.സി.കെ. എം.ഡി. സമിതിയെ അറിയിച്ചു.

വാഹന നികുതിയുടെ പത്തുശതമാനം റോഡ് ഫണ്ട് ബോർഡിന് ലഭിക്കുന്നുണ്ടെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി എം.ഡി. സമിതിയെ അറിയിച്ചു.

സംസ്ഥാനത്ത് റയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ചു നടന്ന ചർച്ചയിൽ ആർ.ഒ.ബി.യു.-മായി പൊതുവെയുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും ഇപ്പോൾ കേരളത്തിനുവേണ്ടി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ കൊച്ചി ആസ്ഥാനമാക്കി നിയമിച്ചിട്ടുണ്ടെന്നും ആയതിനാൽ, വർക്കിന്റെ ഡിസൈനും, ഡ്രോയിംഗും എസ്റ്റിമേറ്റ്സും ഇനിമുതൽ കൊച്ചിയിൽത്തന്നെ തയ്യാറാക്കുന്നതാണെന്നും ആർ.ബി.ഡി.സി.കെ. എം.ഡി. സമിതിയെ ധരിപ്പിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറിയും റെയിൽവേയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും കേരള സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയെ ഏൽപ്പിച്ച് മൊത്തം റെയിൽവേ പാലങ്ങളുടെയും നിർമ്മാണം നടത്താനുള്ള സിംഗിൾ കോൺട്രാക്ട് സിസ്റ്റമാണ് ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്നും എം.ഡി. കൂട്ടിച്ചേർത്തു.

റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ള 50 കോടി രൂപ 8750 കി.മീ. റോഡിന് തികയില്ലെന്നും ആയതിനാൽ പുതിയതായി ഏറ്റെടുത്ത എല്ലാ റോഡുകളും പാച്ച് അപ്പ് ചെയ്യാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം വൈകുന്നേരം 3.50-ന് പിരിഞ്ഞു.

## 24-4-2012-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2012 ഏപ്രിൽ മാസം 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ Vഎ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മരാമത്തു വകുപ്പുമന്ത്രിയുമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദും, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ
2. ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ശ്രീമതി കെ. കെ. ലതിക
4. ശ്രീ. കെ. മുരളീധരൻ
5. ,, കെ. രാജു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
2. ,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ മറ്റുദ്യോഗസ്ഥർ</u>

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. കെ. ജി. മോഹൻലാൽ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്
6. ശ്രീ. എൽ. എസ്. പത്മകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി സി. ആർ. വത്സല, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
9. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്
10. ശ്രീമതി എസ്. കെ. ഗിരിജാദേവി, ഡയറക്ടർ, ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറേറ്റ്, കൊല്ലം

11. ശ്രീമതി ബി. ഉഷാദേവി, മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
12. ശ്രീ. എം. ടി. സുകുമാരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്
13. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം
14. ശ്രീ. എ. സന്തോഷ്, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗതവകുപ്പ്
15. ശ്രീ. എൻ. കെ. ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗത വകുപ്പ്
16. ശ്രീമതി കെ. എസ്. പത്മകുമാരി അമ്മ, ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം
17. ശ്രീ. വി. പി. മുകുന്ദൻ, ഡെപ്യൂട്ടി കളക്ടർ, കോഴിക്കോട്
18. ശ്രീമതി ഷീബാ ജോർജ്, ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം
19. ശ്രീ. പി. മണികണ്ഠൻ, ഡെപ്യൂട്ടി കളക്ടർ, മലപ്പുറം
20. ശ്രീ. കെ. പി. മോഹൻദാസ് പിള്ള, ഡെപ്യൂട്ടി കളക്ടർ, എറണാകുളം
21. ശ്രീ. പി. ഒ. ജോസ്, ഡിസ്ട്രിക്ട് ലോ ഓഫീസർ, കളക്ടറേറ്റ്, പാലക്കാട്
22. ശ്രീ. സി. എം. സെയ്ദ് മുഹമ്മദ്, സീനിയർ ഡെപ്യൂട്ടി ട്രാൻസ്ഫോർട്ട് കമ്മീഷണർ
23. ശ്രീമതി പി. ജയലക്ഷ്മി, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
24. ശ്രീ. പി. കെ. ജയരാജൻ, ജനറൽ മാനേജർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
25. ശ്രീ. ജി. വേണുഗോപാൽ, ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്
26. ശ്രീ. ടി. കെ. മുരളീധരൻ പിള്ള, ഹെഡ് (ടെക്നിക്കൽ), ഇൻകെൽ ലിമിറ്റഡ്
27. ശ്രീ. എ. എം. രാമചന്ദ്രൻ, അക്കൗണ്ട്സ് ഓഫീസർ, കേരള റിമോട്ട സെൻസിംഗ് ഏജൻസി
28. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി
29. ശ്രീ. എസ്. ജയകൃഷ്ണൻ, ഫിനാൻസ് മാനേജർ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
30. ശ്രീ. കെ. എസ്. ഷിബുകുമാർ, ഡെപ്യൂട്ടി പ്രോജക്ട് എഞ്ചിനീയർ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്
31. ശ്രീ. എം. കെ. രവി, സീനിയർ ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, മലപ്പുറം
32. ശ്രീ. എം. ശശികുമാർ, അഡ്വൈസർ ഇൻകെൽ ലിമിറ്റഡ്
33. ശ്രീമതി എസ്. മീര, അസിസ്റ്റന്റ് മാനേജർ, ഇൻകെൽ ലിമിറ്റഡ്.

2012-13 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥന നമ്പർ IX വാഹന നികുതികൾ, ധനാഭ്യർത്ഥന നമ്പർ XLI ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകളുടെ അടിസ്ഥാനത്തിൽ സമിതി പ്രസ്തുത ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സമിതി മുമ്പാകെ ഹാജരായ ഉദ്യോഗസ്ഥരിൽനിന്നും അധികവിവരങ്ങൾ ആരായുകയും താഴെപ്പറയും പ്രകാരം ശുപാർശകൾ നൽകുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ IX—വാഹനനികുതികൾ

2041-00-001-99-(04)—വാഹന നികുതികൾ—ഭരണ ചെലവുകൾ—യാത്രാച്ചെലവുകൾ

മോട്ടോർ വാഹനവകുപ്പിലെ ജീവനക്കാരുടെ യാത്രാ ചെലവുകൾക്കായി 9.78 ലക്ഷം രൂപയാണ് 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ളത്. വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ, നവീകരണ പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ഉദ്യോഗസ്ഥർക്ക് അന്യസംസ്ഥാനങ്ങളിൽ പരിശീലനം ലഭ്യമാക്കുന്നതിനും മേഖലാ ഓഫീസുകളിലേയും ആസ്ഥാന ഓഫീസിലേയും പരിശോധന വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും വകുപ്പിലെ യാത്രാച്ചെലവുകൾക്കും ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് മൊത്തം 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-001-99-(05)—ഓഫീസ് ചെലവുകൾ (4)—മറ്റിനങ്ങൾ

മോട്ടോർ വാഹനവകുപ്പിലെ ഓഫീസ് ചെലവുകൾക്കായി നടപ്പുവർഷം 1.4020 കോടി രൂപ പ്ലാൻ ഇനത്തിലും 1000 രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. ഇതിൽ മറ്റിനങ്ങൾ എന്ന ഇനത്തിൽ 89.70 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ടാക്സ് ടോക്കൺ, സുരക്ഷാ കോഡുകൾ എന്നിവ ഉൾപ്പെടുത്തി പ്രത്യേകമായി അച്ചടിക്കുന്ന രസീതുകൾക്ക് വേണ്ടിവരുന്ന പ്രിന്റിംഗ് ചാർജ്, ഫർണിച്ചറുകൾ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവ വാങ്ങുന്നതിനുള്ള തുക, കമ്പ്യൂട്ടർ സ്റ്റേഷനറികൾക്കു വേണ്ടിവരുന്ന തുക എന്നിവ ഉൾപ്പെടുന്ന ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇത് ഒരു കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-001-99-06—ചെറുകിട മരാമത്ത് പണികൾ (17)

സർക്കാരിന്റെ പ്രത്യേക അനുമതിയുള്ള ചെറുകിട മരാമത്ത് പണികൾക്കും ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുമുള്ള ചെലവുകൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുവർഷം 50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക്, ചെക്ക് പോസ്റ്റുകളുടെ നവീകരണം, നിലവിലുള്ള ഉപകരണങ്ങളുടെ റിപ്പയറുകൾ എന്നിവയ്ക്കും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-102-99-06—മോട്ടോർ വാഹനങ്ങളുടെ പരിശോധന—വാടക, കരം, നികുതി

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതിചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ വേണ്ടിവരുന്ന തുക യാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിലെ 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും 13 മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളും വാടക കെട്ടിടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഇനത്തിൽ 2012-13 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള 32 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി ടി തുക 35 ലക്ഷമായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-102-99-06(18)—സംരക്ഷണം

അമരവിള, ആര്യങ്കാവ്, വാളയാർ എന്നീ മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള വെയ് ബ്രിഡ്ജുകളുടെ സംരക്ഷണ ചുമതലയ്ക്കായി നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ 25,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ, ഫോട്ടോ കോപ്പിയറുകൾ, ഫ്രാങ്കിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ആവശ്യമായതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ഇനത്തിൽ മൊത്തം 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2041-00-102-99-21—മോട്ടോർ വാഹനങ്ങൾ—2 സംരക്ഷണവും അറ്റകുറ്റപ്പണികളും

ഹെഡ്ക്വാർട്ടേഴ്സിലെ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർവാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 10 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. വകുപ്പിലെ 135 നാലുചക്രവാഹനങ്ങളുടെയും 23 ഇരുചക്ര വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് അനുവദിച്ച തുക 15 ലക്ഷമായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

3055-00-800-95—കേരള റോഡ് സുരക്ഷ ഫണ്ടിലേക്ക് മാറ്റൽ

റോഡ് സേഫ്റ്റി അതോറിറ്റി ആക്ടു പ്രകാരം പോലീസ് വകുപ്പും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുംകൂടി കളക്ടു ചെയ്യുന്ന കോമ്പൗണ്ടിംഗ് ഫീസും സെസ്സുമാണ് അതോറിറ്റിയുടെ ഫണ്ടെന്നും എന്നാൽ ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് പോകുന്നതെന്നും സമിതി വിലയിരുത്തി. 2011-12 വർഷംവരെ 135 കോടി രൂപയാണ് ഈയിനത്തിൽ ലഭിക്കേണ്ടതെങ്കിലും ഓരോ വർഷവും 15 കോടി രൂപ മാത്രമാണ് അതോറിറ്റിക്ക് ലഭിക്കുന്നതെന്നും സമിതി ചൂണ്ടിക്കാണിച്ചു. ഇത് നിയമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുകയും അതോറിറ്റിക്ക് ഫണ്ട് നേരിട്ട് ലഭിക്കത്തക്കവിധം ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2012-13 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിലേക്ക് 15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. റോഡ് സുരക്ഷയ്ക്കുള്ള ദശവത്സരപദ്ധതികളുടെ ഭാഗമായി 92,38,27,666 രൂപ വിവിധ വകുപ്പുകൾക്ക് അനുവദിക്കുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത പദ്ധതികൾക്ക് അനുവദിക്കുവാൻ അപര്യാപ്തമായതിനാൽ 62,11,72,258 രൂപ '3055-00-800-95—Transfer to Road Safety Fund' എന്ന ശീർഷകത്തിലേക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ—ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

സംസ്ഥാനത്തെ ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി 1.825 കോടി രൂപയാണ് ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3075-60-800-96—കൊച്ചി നഗരത്തിലെ മെട്രോ റയിൽ പദ്ധതി

5075-60-800-83—കൊച്ചി നഗരത്തിലെ മെട്രോ റയിൽ പദ്ധതി

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 15% വീതം ഓഹരി നൽകി 5146 കോടി രൂപ ചെലവിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് ഏതാനും ആഴ്ചകൾക്കുള്ളിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ മൂലധന ഓഹരിയുടെ ഒരു ഗഡു നൽകുന്നതിനുമായി 2012-13 വർഷം 856 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 119 കോടി രൂപയാണ് 3075-60-800-96 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്.

ലാന്റ് അക്വിസിഷനുവേണ്ടി ഡി.പി.ആറിൽ നിശ്ചയിച്ചിരുന്ന തുകയായ 672 കോടി രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ വർഷം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കിയാൽ മാത്രമേ ബാക്കിയുള്ള നിർമ്മാണപ്രവർത്തനവുമായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂവെന്നും ബാക്കിയുള്ള വർക്കുകൾക്കുള്ള പേയ്മെന്റിന് 184 കോടി രൂപ മൂലധനത്തിന്റെ ഭാഗമായി ആവശ്യപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ ലഭിച്ചിട്ടുള്ളത് 119 കോടി രൂപ മാത്രമാണെന്നും ഗതാഗതവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ഡി.എൽ.പി.സി. കൂടി ഫാസ്റ്റ് ട്രാക്ക് രീതിയിൽ ലാൻഡ് അക്വിസിഷൻ നടത്തുന്നതിനു തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി രണ്ടു സ്പെഷ്യൽ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും അക്വിസിഷൻ സംബന്ധിച്ച വർക്കുകൾ വേഗത്തിൽ മുന്നേറുമ്പോൾ അത്രയുംവേഗത്തിൽ പണം കൊടുക്കേണ്ടതായിവരുമെന്നും ലാൻഡ് അക്വിസിഷൻ മുഴുവനും സംസ്ഥാന സർക്കാരിന്റെ എക്സ്പെൻസ് ആയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ആയതിനാൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 119 കോടി രൂപയ്ക്കുപുറമേ 737 കോടി രൂപ വേണമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊച്ചി മെട്രോ റയിൽ പദ്ധതിക്കായി 100 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. ബാക്കി തുക ബ്രിഡ്ജ്‌ലോൺ മുഖേന കണ്ടെത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

5053-02-190-97—കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ വിമാനത്താവളം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ പണം സർക്കാർ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ ബാങ്കുകളിൽ നിന്നുള്ള വായ്പ മുഖേന ലഭിച്ചതിന്റെ തിരിച്ചടവ്, പലിശ, ഗ്യാരന്റി, കമ്മീഷൻ എന്നീ ചെലവുകൾക്കായി 2012-13 വർഷത്തേക്ക് 594.08 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും 50 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, പ്രസ്തുത ശീർഷകത്തിലേക്ക് 544.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5053-02-190-94—ഇടുക്കി എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും

കേരളത്തിൽ കണക്ടിവിറ്റി ഇല്ലാത്ത രണ്ടു സ്ഥലങ്ങളാണ് ഇടുക്കിയും വയനാടും. സംസ്ഥാനത്തെ മേജർ എയർപോർട്ടുമായി ബന്ധിപ്പിച്ച് സർവ്വീസ് നടത്തക്കവിധം ഫീഡർ എയർ പോർട്ട് എന്ന നിലയിൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് ഗതാഗതവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഇടുക്കി ജില്ലയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനായി വേണ്ടിവരുന്ന 409 ഹെക്ടറിൽ 4 ഹെക്ടർ സർക്കാർ ഭൂമി ഒഴികെ ബാക്കി 405 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനും മറ്റുമായി ആവശ്യമായിവരുന്ന തുക 2012-13 വർഷം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, 2012-13 വർഷത്തേക്ക് പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5055-00-800-86(പി)—മോട്ടോർവാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം

വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റോഡ് സുരക്ഷ ഉറപ്പാക്കാനുമായി 3 ചെക്ക് പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ഒരു എൻഫോഴ്സ്മെന്റ് വിഭാഗം ആരംഭിക്കുന്നതിനായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നെങ്കിലും ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിന് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. നിലവിലുള്ള ഉപയോഗശൂന്യമായ ചില വാഹനങ്ങൾ മാറ്റേണ്ടതായുമുണ്ട്. ആയതിനാൽ 30 വാഹനങ്ങൾ വാങ്ങുന്നതിനായി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1.5 കോടി രൂപയ്ക്കുപുറമേ 1.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5055-00-800-83—<u>ജില്ലാ ആസ്ഥാനങ്ങളിൽ സിറ്റി സർവ്വീസ് തുടങ്ങുന്നതിന്</u>

തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സിറ്റി/ടൗൺ സർവ്വീസുകൾ ആരംഭിക്കുന്നതിനായി 100 ബസുകൾ വീതം വാങ്ങുന്നതിന് ഈ ശീർഷകത്തിൽ 32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തിരു-കൊച്ചി മാതൃകയിൽ സിറ്റി/ടൗൺ സർവ്വീസുകൾ ആരംഭിക്കുമെന്നു പറഞ്ഞിരുന്നെങ്കിലും കോട്ടയം നഗരത്തിൽ സിറ്റി സർവ്വീസുകൾ തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 60 കോടി രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5075-60-800-94—<u>ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും, എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്, യന്ത്രോപകരണങ്ങൾ ഷെയർ ഡെബിറ്റ്, മരാമത്ത് പണികൾ</u>

കനാലുകളുടെ വശങ്ങൾ സംരക്ഷിക്കുന്നതിന് റീട്ടെയിനിംഗ് ഭിത്തികളുടെ നിർമ്മാണം, വെസ്സലുകൾക്ക് തടസ്സം കൂടാതെ കടന്നുവരുന്നതിന് ഡ്രെഡ്ജിംഗ്, ഡീസിൽറ്റിംഗ്, കടൽ ചണ്ടികൾ, മറ്റ് പാഴ് വസ്തുക്കൾ എന്നിവയുടെ ക്രമാനുഗതമായ നീക്കം ചെയ്യൽ, ഉൾനാടൻ ജലപാതയുടെയും കനാലുകളുടെയും ആധുനിക വൽക്കരണവും പുരോഗമനപ്രവർത്തനവും, 50 പുതിയ ജട്ടികളുടെ നിർമ്മാണം, നിലവിലുള്ള 50 ജട്ടികളുടെ ആധുനികവൽക്കരണം എന്നീ പരിപാടികൾക്ക് പണം വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. സ്റ്റേറ്റ് സെക്ടർ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള അനേകം പ്രവൃത്തി കളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്ന തിനും ചെയ്തുതീർത്തവയ്ക്കുള്ള ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും ഈ വർഷം നടപ്പിലാക്കാനുള്ള പദ്ധതികൾക്കുമായി 36 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ദേശീയ ജലപാതയുടെ വർക്കിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയാണ് നാഷണൽ വാട്ടർവേയുടെ വർക്ക് ചെയ്യുന്നതെന്നും കൊല്ലംമുതൽ ആലപ്പുഴവരെയുള്ള സ്ട്രെച്ചിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണെന്നും 2013 ജനുവരി മാസത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത പൂർണ്ണമായും കമ്മീഷൻ ചെയ്യുമെന്നും ജലവിഭവവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സീപോർട്ട്-എയർപോർട്ട് കണക്ടിവിറ്റിയെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഇതിന്റെ വിശദമായ സർവ്വേ ഇൻലാൻഡ് വാട്ടർ അതോറിറ്റി നടത്തി കൊണ്ടിരിക്കുകയാണെന്നും പ്രസ്തുത വർക്ക് വേഗത്തിൽ ചെയ്യിക്കുന്നതിനുള്ള നടപടിയെടുക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വടകര മാഹി കനാലുകളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് കനാൽ രൂപം കൊണ്ടിട്ടുള്ള സ്ഥലത്തുനിന്നുതന്നെയാണ് പണി തുടങ്ങുന്നതെന്നും ആദ്യത്തെ 3 കി.മീ. വർക്കുതീർക്കുന്നതിന് 23.50 കോടി രൂപയാണ് എസ്റ്റിമേറ്റെന്നും ഇതിന്റെ അനുമതി നബാർഡിൽനിന്നും ലഭിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ടെക്നിക്കൽ അനുമതിക്കായി ഫയൽ അയച്ചിട്ടുണ്ടെന്നും മറ്റു തടസ്സങ്ങളൊന്നും ഇല്ലാത്തതിനാൽ കനാലിന്റെ പണി ഈ വർഷംതന്നെ തുടങ്ങുന്നതാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പുതിയ പ്രോജക്ട് കൊണ്ടുവരുന്നതിനെക്കാൾ ഉള്ളത് ആഴംകൂട്ടി മെയിന്റയിൻ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും RIDF-ലെയും 13-ാം ധനകാര്യ കമ്മീഷനിലേയും മുൻഗണനാ പദ്ധതിപ്രകാരം ലാൻഡ് ഉള്ളതും കണ്ടിന്യൂവിറ്റി ഉള്ളതും കണ്ടെത്തി വർക്കുചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും നാഷണൽ വാട്ടർവേ കമ്മീഷനിംഗ് ആകുമ്പോൾ അതിലേക്കുള്ള ഫീഡർ കനാൽ എന്ന രീതിയിൽ ശാസ്ത്രീയമായാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

5075-60-800-81—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്-ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതി</u>

ആലപ്പുഴ കനാൽ ശുദ്ധീകരണ പദ്ധതിക്കായി 2012-13 വർഷം തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിയുടെ തുടർനടപടി സ്വീകരിക്കുന്നതിന് ഒരു കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

7055-00-190-99—<u>കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ</u>

ജില്ലാ ആസ്ഥാനങ്ങളിൽ സിറ്റി സർവ്വീസ് തുടങ്ങുമെന്ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെന്നും, തൃശൂർ, കോഴിക്കോട് എന്നീ രണ്ടു നഗരങ്ങളിൽ 100 ബസ്സുകൾ വാങ്ങുന്നതിന് 32 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ടെന്നും ബാക്കി ജില്ലകളിൽകൂടി ഇത് തുടങ്ങുന്നതിന് 28 കോടി രൂപ അധികം വേണമെന്നും ഗതാഗത വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

ബസ് റൂട്ട് അനുവദിക്കുന്നതിന് ഒരു പ്രിൻസിപ്പിൾ വേണമെന്നും നാഷണലൈസ് ചെയ്ത റൂട്ടിന് മുൻഗണന നൽകിക്കൊണ്ട് ആവശ്യത്തിനുള്ള ബസ്സുകൾ അനുവദിക്കണമെന്നും ആർ.റ്റി.എ.യിൽ ബസ്സുകളുടെ സമയക്രമം നിശ്ചയിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.ബസ്സിന് മുൻഗണന നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു. തിരു-കൊച്ചി സർവ്വീസിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് കൊച്ചിയിൽ അൻപതോളം പുതിയ ബസ്സുകൾ തിരു-കൊച്ചി സർവ്വീസായി ഇറങ്ങുമെന്ന് കെ.എസ്.ആർ.ടി.സി. എം.ഡി. സമിതിയെ അറിയിച്ചു.

സർക്കാർ നിർദ്ദേശപ്രകാരം പെൻഷൻ ഏർപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള ബാധ്യത സർക്കാർതന്നെ ഏറ്റെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു. ലാഭകരമല്ലാത്ത റൂട്ടുകൾ നിയന്ത്രിക്കുക, പാരലൽ സർവ്വീസുകൾ കുറയ്ക്കുക, മൈലേജ് കൂട്ടുക തുടങ്ങിയ നടപടികൾ സ്വീകരിച്ച് കെ.എസ്.ആർ.ടി.സി. ഒരു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷനായി നടത്തിയാൽ സപ്പോർട്ടു ചെയ്യാമെന്നും ഇനിയുള്ള പെൻഷൻ കോൺട്രിബ്യൂട്ടറി പെൻഷൻ ആക്കണമെന്നും ധനകാര്യ വകുപ്പു നിർദ്ദേശിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ എം.പി.-മാർ, എം.എൽ.എ.-മാർ, എക്സ് എം.എൽ.എ.-മാർ,

വികലാംഗർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ വഴിയുണ്ടാകുന്ന ബാധ്യതയും സർക്കാർ ഏറ്റെടുക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2012-13 വർഷത്തേക്ക് കെ.എസ്.ആർ.ടി.സി.-ക്ക് 100 കോടി രൂപയാണ് വായ്പയിനത്തിൽ അനുവദിച്ചിട്ടുള്ളത്. ഡീസൽ വിലവർദ്ധനവ്, ഡി.എ. വർദ്ധനവ്, ശമ്പള പരിഷ്ക്കരണം മുതലായവമൂലം ഈ സാമ്പത്തികവർഷത്തിൽ അധികചെലവ് വരുമെന്നതിനാൽ പ്രവർത്തനമൂലധനമായി അനുവദിച്ച 100 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 300 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കോഴിക്കോട് വിമാനത്താവളം—ശീർഷകം ആരംഭിച്ചിട്ടില്ല**

കോഴിക്കോട് വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനുമായി 134.95 കോടി രൂപ പുതിയ ശീർഷകത്തിൽ 2012-13 സാമ്പത്തികവർഷം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിനായി തുക വകയിരുത്തിയിട്ടില്ലെന്നു സമിതി വിലയിരുത്തി. ആയതിനാൽ, ഇതിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ടോക്കൺ പ്രൊവിഷനായി തുക വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

**വയനാട് വിമാനത്താവള പദ്ധതി—ശീർഷകം ആരംഭിച്ചിട്ടില്ല**

വയനാട് ജില്ലയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനായി സ്ഥലമേറ്റെടുപ്പ് മുതലായവയ്ക്ക് ആവശ്യമായ തുക 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ, പ്രസ്തുത ആവശ്യത്തിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും 50 ലക്ഷം രൂപ ആയതിലേക്ക് അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

**തിരുവനന്തപുരത്തും കോട്ടയത്തും PRT (Personal Rapid Transit)—ഗതാഗതസമ്പ്രദായം—ശീർഷകം ആരംഭിച്ചിട്ടില്ല**

തിരുവനന്തപുരത്തും കോട്ടയത്തും PRT ഗതാഗത സമ്പ്രദായം നടപ്പിലാക്കുന്നതിനായി വ്യക്തമായ നിർദ്ദേശം സമർപ്പിക്കുവാൻ INKEL നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2012-13 വർഷം തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഇതിലേക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും, 50 കോടി രൂപ വീതം അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

**തിരുവനന്തപുരം മോണോറെയിൽ പദ്ധതി—ശീർഷകം ആരംഭിച്ചിട്ടില്ല**

തിരുവനന്തപുരത്ത് മംഗലപുരം മുതൽ നെയ്യാറ്റിൻകര വരെ മോണോറെയിൽ ഗതാഗത സമ്പ്രദായം ഏർപ്പെടുത്തുവാനും അതിനായി KTDFC-യെ നോഡൽ ഏജൻസിയായും NATPAC-നെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുവാനും നിയമിച്ചിട്ടുണ്ട്. NATPAC സമർപ്പിച്ചിട്ടുള്ള കരട് റിപ്പോർട്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് മൊത്തം 479 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ, ടി പദ്ധതിക്കായി ഒരു പുതിയ ശീർഷകം ആരംഭിക്കണമെന്നും ആയതിലേക്ക് 100 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 1.10-ന് പിരിഞ്ഞു.

## 8-5-2012-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V 2012 മേയ് മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ അഭാവത്തിൽ ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

തദവസരത്തിൽ സമിതിയിലെ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ
2. ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ,, കെ. മുരളീധരൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എം. ജോൺമാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ മറ്റുദ്യോഗസ്ഥർ</u> :

1. ശ്രീ. ആർ. കെ. സിംഗ്, സെക്രട്ടറി, തുറമുഖവകുപ്പ്
2. ശ്രീ. എൽ. എസ്. പത്മകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീമതി സി. ആർ. വൽസല, അഡീഷണൽ സെക്രട്ടറി, ഗതാഗതവകുപ്പ്
4. ശ്രീ. പി. കെ. രാജേന്ദ്രൻ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്തുവകുപ്പ്
5. ശ്രീ. ടി. ഭാസ്കരൻ, ഡിസ്ട്രിക്ട് കളക്ടർ, ഇടുക്കി
6. ശ്രീ. കെ. എസ്. ബാലസുബ്രമണ്യൻ, ട്രാൻസ്പോർട്ട് കമ്മീഷണർ
7. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
8. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. കെ. ജി. മോഹൻലാൽ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.
10. ശ്രീമതി ഉഷാദേവി, ബി., മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഫിനാൻസ് കോർപ്പറേഷൻ
11. ശ്രീ. എ. എസ്. സുരേഷ് ബാബു, മാനേജിംഗ് ഡയറക്ടർ, VISL
12. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ ഓഫ് പോർട്ട്സ്

13. ശ്രീ. എ. സന്തോഷ്, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗതവകുപ്പ്

14. ശ്രീ. ശ്രീകുമാർ, എൻ. കെ., ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗതവകുപ്പ്

15. ശ്രീമതി സി. മേരി, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്

16. ശ്രീ. സെയ്ദ് മുഹമ്മദ്, സി. എം., സീനിയർ ഡെപ്യൂട്ടി കമ്മീഷണർ (ട്രാൻസ്പോർട്ട്)

17. ശ്രീ. ജി. വേണുഗോപാൽ, ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി.

18. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, S.W.T.D.

19. ശ്രീമതി പി. കെ. ഗിരിജ, എ.ഡി.എം., തിരുവനന്തപുരം

20. ശ്രീ. വി. പി. മുകുന്ദൻ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), കോഴിക്കോട്

21. ശ്രീമതി ടി. പി. സുമതിക്കുട്ടിയമ്മ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), പാലക്കാട്

22. ശ്രീ. എം. കെ. രവി, സീനിയർ ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, മലപ്പുറം

23. ശ്രീ. പി. മണികണ്ഠൻ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.), മലപ്പുറം.

2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ബഹു. സമിതി ചെയർമാന്റെ അഭാവത്തിൽ, പൊതുമരാമത്തുവകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട പൊതു ശുപാർശ സംബന്ധിച്ച് ചെയർമാൻ നൽകിയ കുറിപ്പിലെ നിർദ്ദേശം സമിതി പരിഗണനയ്ക്കെടുത്തു.

2012-13 വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്തു വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5054-80-800-67—"എം.എൽ.എ.മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ", 5054-80-800-66—"പ്രധാന മൂലധന പദ്ധതികളിലെ നിക്ഷേപം" 5054-80-800-65—"സർക്കാർ ആവശ്യങ്ങൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ" എന്നീ പുതിയ ശീർഷകങ്ങളുടെ നിയന്ത്രണം ധനകാര്യവകുപ്പുപ്രിൻസിപ്പൽ സെക്രട്ടറിക്കും റവന്യൂ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിക്കും നൽകിക്കൊണ്ടുള്ള 9-4-2012-ലെ ജി.ഒ. (ആർടി.) നമ്പർ 4445/2012/ധന. എന്ന ഉത്തരവ് ബഡ്ജറ്റ് മാന്വലിന്റെ ഖണ്ഡിക 64(3)-ന് വിരുദ്ധമാണെന്ന് സമിതി നിരീക്ഷിച്ചു. കൂടാതെ ടി ഉത്തരവ് മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നും സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ ടി ഉത്തരവ് പിൻവലിക്കണമെന്നും പ്രസ്തുത ശീർഷകങ്ങളുടെ നിയന്ത്രണം പൊതുമരാമത്തുവകുപ്പിൽ തന്നെ നിലനിർത്തണമെന്നുമുള്ള പൊതു ശുപാർശ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് സമിതി തീരുമാനിച്ചു.

കൂടാതെ എം.എൽ.എ.-മാർക്കുള്ള മുൻഗണനാമൂലധന പ്രവൃത്തികൾ എന്ന പദ്ധതി അനുസരിച്ച് ഏതെല്ലാം വകുപ്പിൻകീഴിൽ വരുന്ന മൂലധന നിക്ഷേപ പ്രോജക്ടുകൾ നിർദ്ദേശിക്കാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉടനടി പുറപ്പെടുവിക്കണമെന്ന ശുപാർശയും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് സമിതി തീരുമാനിച്ചു.

ഗതാഗതം എന്ന ധനാഭ്യർത്ഥനയിലെ റോഡ്സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട പൊതു ശുപാർശ താഴെപ്പറയും പ്രകാരം മാറ്റുന്നതിന് സമിതി തീരുമാനിച്ചു.

"മോട്ടോർ വാഹന സെസ്" ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുകയും കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കുന്ന തുകയുടെ നിശ്ചിത ശതമാനവുമാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനമൂലധനം. പ്രസ്തുത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് പോകുന്നത്. 2011-12 വർഷം വരെ 135 കോടി രൂപയാണ് ഈയിനത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടത്. 2012-13 സാമ്പത്തികവർഷം 15 കോടി രൂപയാണ് അതോറിറ്റിക്ക് സർക്കാർ വകയിരുത്തിയിട്ടുള്ളത്. റോഡ് സേഫ്റ്റി അതോറിറ്റിക്കു ലഭിക്കേണ്ട ബാക്കി 120 കോടി രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ ആണുള്ളത്. നിലവിൽ ധനവിനിയോഗത്തിലൂടെ ലഭ്യമാക്കുന്ന ഫണ്ട് അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് തികയാതെ വരുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ, റോഡ് സുരക്ഷാആക്ട് 2007-ലെ 10(6), 11 വകുപ്പുകൾ പ്രകാരമുള്ള എല്ലാ വരുമാനവും അതോറിറ്റിയുടെ ഫണ്ടിലേക്ക് നൽകേണ്ടതാണെന്നും, ടി വകുപ്പുകൾ പ്രകാരമുള്ള വരുമാനം നേരിട്ട് അതോറിറ്റിക്കു ലഭ്യമാകുന്ന വിധത്തിൽ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 12-6-2012-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2012 ജൂൺ മാസം 12-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.05 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'Vഎ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. മരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങളായ ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു എന്നിവരും താഴെപ്പറയുന്ന മറ്റു സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ
2. ശ്രീ. കെ. മുരളീധരൻ
3. ശ്രീ. സി. എഫ്. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. ജോൺമാത്യൂ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ

1. ശ്രീ. ജി. ഏലിയാസ്, സെക്രട്ടറി, ഗതാഗതവകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ടി. വസന്തകുമാർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി സി. ആർ. വൽസല, അഡീഷണൽ സെക്രട്ടറി, ഗതാഗതവകുപ്പ്
5. ശ്രീ. കെ. ജി. മോഹൻലാൽ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.
6. ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ട്രാൻസ്പോർട്ട് കമ്മീഷണർ
7. ശ്രീ. കെ. ജയിംസ് ജോസഫ്, ജോയിന്റ് സെക്രട്ടറി നിയമവകുപ്പ്
8. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ഫിഷറീസ് ആന്റ് പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
10. ക്യാപ്റ്റൻ ഹരി അച്യുതവാരിയർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പോർട്ട്സ്
11. ശ്രീ. ശ്രീകുമാർ, എൻ. കെ., ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗതവകുപ്പ്
12. ശ്രീമതി ജെ. എസ്. ലീന, ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ
13. ശ്രീ. ടി. ബാബുരാജ്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
14. ശ്രീ. ബി. മഹേഷ്, അണ്ടർ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
15. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി
16. ശ്രീ. എസ്. സോമശേഖരൻ നായർ, സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
17. ശ്രീ. കെ. രവീന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പോർട്ട്സ് ഡിപ്പാർട്ട്മെന്റ്
18. ശ്രീമതി സി. മേരി, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്.

സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടികൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ഗതാഗത വകുപ്പ്

1. സമിതിയുടെ 24-11-2009-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശയ്ക്കുള്ള (ഫയൽ നമ്പർ 18689/സബ്സിഎ2/2009/ലെജി) മറുപടി സമിതി അംഗീകരിച്ചു.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ (ഫയൽ നമ്പർ 15898/സബ്സിഎ2/09) 14, പൊതു ശുപാർശ (1), 88, പൊതു ശുപാർശ (KSRTCയെ സംബന്ധിച്ച്) എന്നീ ശുപാർശകൾക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും താഴെപ്പറയുംപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

### ശുപാർശ നമ്പർ 14

കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് പ്രകാരം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും പോലീസ് ഡിപ്പാർട്ട്മെന്റും പിരിക്കുന്ന കോമ്പൗണ്ടിംഗ് ഫീ, റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽ വരണമെന്നും ഇപ്രകാരം ലഭിക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ പകുതി സംഖ്യ ഗവൺമെന്റ് ഗ്രാന്റായി അതോറിറ്റിക്കു നൽകണമെന്ന് ആക്ടിൽ പ്രൊവിഷനുള്ളതിനാൽ 2007 മുതൽ 2011 വരെയുള്ള കോമ്പൗണ്ടിംഗ് ഫീയുടെ പകുതി സംഖ്യ റോഡ് സേഫ്റ്റി അതോറിറ്റിക്ക് ഗ്രാന്റായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

### പൊതു ശുപാർശ 1

കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ടിലെ സെക്ഷൻ 10(6), 11(3) എന്നിവ പ്രകാരം റോഡ് സെസ്സും കോമ്പൗണ്ടിംഗ് ഫീയും ഗവൺമെന്റ് നൽകുന്ന ഗ്രാന്റും ഉൾപ്പെടുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും റോഡ് സേഫ്റ്റി അതോറിറ്റിക്കു നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

### പൊതു ശുപാർശ (കെ.എസ്.ആർ.ടി.സി.)

കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ഭൂമിക്ക് കൈവശാവകാശ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

## 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്സിഎ2/2012/ലെജി) ശുപാർശ നമ്പർ 1 മുതൽ 5 വരെയുള്ളവയ്ക്ക് ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 134

**(വേഗത നിയന്ത്രിക്കുന്നതിനുള്ള വയർലസ്സ് സെറ്റുകളും കൈ റഡാറുകളും ആർജിക്കൽ)**

പ്രസ്തുത ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും റഡാറുകൾ റിപ്പയർ ചെയ്യുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയെ ഏൽപ്പിക്കാമെന്നും ഇതിനാവശ്യമായ തുക അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വച്ച് പാസ്സാക്കി ചെലവഴിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. കൂടാതെ മണ്ണുത്തി-ചേർത്തല, ചേർത്തല-പാറശ്ശാല, ചേർത്തല-കാസർഗോഡ് വരെയുള്ള നാഷണൽ ഹൈവേകളിൽ റഡാറുകൾ, ഇന്റർസെപ്റ്ററുകൾ തുടങ്ങിയവ സ്ഥാപിക്കണമെന്നും ഇവയ്ക്കുവേണ്ടി തിരുവനന്തപുരത്തും എറണാകുളത്തുമുള്ള കൺട്രോൾ റൂമുകൾക്കുപുറമേ എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ സ്ഥാപിക്കണമെന്നും ആവശ്യമായ സ്റ്റാഫിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ എല്ലാ ജില്ലകളിലും ഡ്രൈവിംഗ് ടെസ്റ്റിനും വെഹിക്കിൾ ടെസ്റ്റിനും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തണമെന്നും അതിനാവശ്യമായ പണം അതോറിറ്റിയുടെ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ശുപാർശ നമ്പർ 135, 136 എന്നിവയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 137

**മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം**

പ്രസ്തുത ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും ടി വിഷയം സംബന്ധിച്ച് ഗതാഗതവകുപ്പുസെക്രട്ടറിയുടെ വിശദീകരണം സമിതി ആരാഞ്ഞതിന് ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുവേണ്ടി സിവിൽ വർക്കും കൂടി ഉൾപ്പെടുത്തിയാണ് ടെൻഡർ ക്ഷണിച്ചതെന്നും ടെൻഡറിന് വേണ്ടത്ര പ്രതികരണമുണ്ടായില്ലെന്നും സെക്രട്ടറി മറുപടി പറഞ്ഞു.

സിവിൽ വർക്കും ടെക്നിക്കൽ വർക്കും പ്രത്യേകമായി രണ്ടാമത് ടെൻഡർ ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 138

**സ്ഥിരമായ ഡ്രൈവിംഗ് ടെസ്റ്റ്യാർഡ്**

പ്രസ്തുത ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും എല്ലാ ജില്ലകളിലും ഡ്രൈവിംഗ് ടെസ്റ്റ്യാർഡ് സ്ഥാപിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്റെ ചെലവിലേക്ക് ആവശ്യമായി വരുന്ന തുക റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 145

പ്രസ്തുത ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിക്കുകയും ടെക്നിക്കൽ അഡ്വൈസർ തസ്തികയിലേക്കുള്ള നിയമനം നടക്കാത്തതിന്റെ കാരണം ആരായുകയും ചെയ്തു. യോഗ്യതയുള്ളവരില്ലാത്തതിനാലാണ് പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്നും ഡെപ്യൂട്ടേഷൻ മുഖേനയെങ്കിലും നിയമനം നടത്താൻ ശുപാർശ ചെയ്തിട്ടുണ്ടെന്നും ഗതാഗതവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ശുപാർശ നമ്പർ 129, 140, 130, 131, 132, 142, 133, 141 എന്നിവയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

## പൊതുമരാമത്ത്വകുപ്പ്

2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 13724/സബ്സിഎ2/07/ലെജി)

ശുപാർശ നമ്പർ 26,27,28,75 എന്നിവയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

## 8-3-2007-ലെ യോഗനടപടിക്കുറിപ്പ്

(ഫയൽ നമ്പർ 13974/സബ്സിഎ2/07/ലെജി)

ശുപാർശ നമ്പർ 2-നുള്ള മറുപടി സമിതി അംഗീകരിച്ചു.

## തുറമുഖവകുപ്പ്

## 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്സിഎ2/2012/ലെജി)

ശുപാർശ നമ്പർ 91 മുതൽ 93 വരെയുള്ളതിനും 96 മുതൽ 101 വരെയുള്ള തിനും, 106,119 മുതൽ 123 വരെയുള്ളതിനും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

തുറമുഖവകുപ്പിനെ സംബന്ധിച്ച ബാക്കിയുള്ള ശുപാർശകൾക്കുള്ള മറുപടി ഉടനെ സമർപ്പിക്കുന്നതാണെന്ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

### കരടുചട്ടങ്ങളുടെ പരിഗണന

## 2011-ലെ കേരള പോർട്ട് സർവ്വീസ് (ഹൈഡ്രോഗ്രാഫിക് സർവ്വേ ബ്രാഞ്ച്) സ്പെഷ്യൽ റൂൾസ്

2011ലെ കേരള പോർട്ട് സർവ്വീസ് (ഹൈഡ്രോഗ്രാഫിക് സർവ്വേ ബ്രാഞ്ച്) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള കരട് നോട്ടിഫിക്കേഷൻ സമിതി പരിഗണിക്കുകയും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ അസിസ്റ്റന്റ് കാർട്ടോഗ്രാഫർ

തസ്തികയിലേക്ക് പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിന് കാർട്ടോഗ്രാഫിയിൽ ഡെറാഡൂണിലെ നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് നടത്തുന്ന 14 ആഴ്ചത്തെ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണമെന്ന് സ്പെഷ്യൽ റൂൾസിൽ നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും നേവൽ ഹൈഡ്രോഗ്രാഫിക് ഓഫീസ് 14 ആഴ്ചത്തെ പ്രസ്തുത കോഴ്സ് ഇപ്പോൾ നടത്തുന്നില്ലാത്തതിനാൽ പരിശീലനത്തിന് ഒരു പ്രത്യേക കാലയളവ് വ്യവസ്ഥ ചെയ്യേണ്ടതില്ലെന്ന ഭേദഗതി സമിതി അംഗീകരിക്കുകയും ചെയ്തു.

കൂടാതെ കരട് നോട്ടിഫിക്കേഷനിലെ short title amd commencement-ൽ '2011' എന്നതിനു പകരം '2012' എന്നാക്കുന്നതിനും Amendment of Rules-ൽ (ii) In the proviso, the figures and words "for a period of 14 weeks" shall be deleted എന്നത് (ii) In the proviso the figures and words "for a period of 14 weeks" shall be omitted എന്നാക്കുന്നതിനും സമിതി തീരുമാനിച്ചു.

(1) കേരള ജനറൽ സർവ്വീസ് സ്പെഷ്യൽ റൂൾസ്

(2) കേരള പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസ്

കേരള പോർട്ട് സർവ്വീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ പോർട്ട് കൺസർവേറ്റർ, P.A. to Port Officer/സീനിയർ സൂപ്രണ്ട്/Purser എന്നീ തസ്തികകൾ G.O. (P) No. 43/98/F&PD dated 5-11-1998 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസിൽ നിന്നും മാറ്റി G.O. (P) No. 464/66/PD dated 28-11-1966 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജനറൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിനുള്ള കരട് നോട്ടിഫിക്കേഷനുകൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് നോട്ടിഫിക്കേഷനുകളിലെ short title and commencement-ൽ '2010' എന്നത് '2012' എന്നാക്കുന്നതിനും രണ്ടാമത്തെ നോട്ടിഫിക്കേഷനിൽ Amendment of the Rules-ൽ "In the special Rules for the Kerala Port Service" എന്നതിനുപകരം"In the special Rules for the Kerala Port Service Rules 1998" എന്നാക്കുന്നതിനും സമിതി തീരുമാനിച്ചു.

സമിതിയുടെ 1-4-2011 മുതൽ 31-3-2012 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

## 17-7-2012-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V 2012 ജൂലൈ മാസം 17-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം

3.30 മണിക്ക് സമിതി ചെയർമാൻ, ബഹു. മരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
3. ശ്രീമതി കെ. കെ. ലതിക.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എം. ജോൺമാത്യു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. ടോം ജോസ്, എം.ഡി., കൊച്ചി മെട്രോ റയിൽ ലിമിറ്റഡ്.
2. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
3. ശ്രീ. പി. കെ. സതീശൻ, ചീഫ് എൻജിനീയർ, എച്ച്.ഇ.ഡി., തിരുവനന്തപുരം.
4. ശ്രീ. എം. രാജീവ്, എക്സിക്യൂട്ടീവ് എൻജിനീയർ, എച്ച്.ഇ.ഡി., തിരുവനന്തപുരം.
5. ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ, ട്രാൻസ്പോർട്ട് കമ്മീഷണർ.
6. ശ്രീ. അലക്സ് പോൾ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.
7. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ, തുറമുഖ വകുപ്പ്.
8. ശ്രീ. ജെ. എൻ. സത്യപ്രസാദ്, ജോയിന്റ് സെക്രട്ടറി, ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്.
9. ശ്രീ. വി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
10. ശ്രീ. എൻ. പത്മകുമാർ, സീനിയർ എഫ്.ഒ., പി.ഡബ്ല്യു.ഡി.
11. ശ്രീ. കെ. വി. മാത്യു, സീനിയർ എഫ്.ഒ., പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്).
12. ശ്രീ. പി. ചന്ദ്രമോഹനൻ നായർ, സീനിയർ എഫ്.ഒ., പി.ഡബ്ല്യു.ഡി (എൻ.എച്ച്.).

സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച തുടർ നടപടിക്കുറിപ്പുകൾ സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## തുറമുഖ വകുപ്പ്

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.

റഫറൻസ് നമ്പർ 13819/ഇ2/2011/മ.തു.വ.

ശുപാർശ നമ്പർ 94, 95, 102 മുതൽ 118 വരെയും 124 മുതൽ 128 വരെയുമുള്ള ശുപാർശകൾക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

## പൊതുമരാമത്ത് വകുപ്പ്

1. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.

റഫറൻസ് നമ്പർ 22964/പി.എസ്1/2011/പി.ഡബ്ല്യു.ഡി

ശുപാർശ നമ്പർ 6 മുതൽ 65 വരെയും, 67 മുതൽ 88 വരെയുമുള്ളവയ്ക്കു ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

2. 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 15898/സബ്.സി.എ2/2009/ലെജി.

റഫറൻസ് നമ്പർ 20313/ഡി2/2009/പി.ഡബ്ല്യു.ഡി.

ശുപാർശ നമ്പർ 26, 27, 28 എന്നിവയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

എം.ഡി.ആർ.-നുവേണ്ടി 250 കോടി രൂപ അധികം ആവശ്യപ്പെടുന്നതിന് സമിതി തീരുമാനിച്ചു.

കൂടാതെ പൊതുമരാമത്തു വകുപ്പിന് ബജറ്റിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ സറണ്ടർ ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാവർഷവും ജനുവരി മാസം ആദ്യ ആഴ്ചയിൽ എക്സ്പെന്റിച്ചറിനെക്കുറിച്ച് വകുപ്പുതലത്തിൽ അവലോകനം നടത്തണമെന്നും ചെലവഴിക്കാൻ സാധിക്കാതെ വരുന്ന തുക, ഫണ്ട് ആവശ്യമായ മറ്റു വർക്കുകൾക്ക് നൽകുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

എം.എൽ.എ.-മാരുടെ അസറ്റ് ക്രിയേഷൻ ഡെവലപ്മെന്റ് ഫണ്ട് പൊതുകാര്യ ങ്ങൾക്കുവേണ്ടിവരുന്ന ലാന്റ് അക്വിസിഷനുകൂടി ഉപയോഗിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതിനു സമിതി തീരുമാനിച്ചു.

## ഗതാഗത വകുപ്പ്

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

ഫയൽ നമ്പർ 4930/സബ്.സി.എ2/2011/ലെജി.

റഫറൻസ് നമ്പർ 10639/ഡി3/2012/ഗതാ.

റഫറൻസ് നമ്പർ 14201/ഡി3/2011/ഗതാ.

ശുപാർശ നമ്പർ 143, 144

പ്രസ്തുത ശുപാർശകൾ പ്രകാരമുള്ള തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഗതാഗത വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ 2011-12 വർഷത്തെ 1-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതി യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## 13-12-2012-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2012 ഡിസംബർ മാസം 13-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IVA' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബെന്നി ബെഹനാൻ, എം.എൽ.എ.
2. ശ്രീ. ജോസ് തെറ്റയിൽ, ,,
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ,,
4. ശ്രീ. കെ. രാജു. ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റുദ്യോഗസ്ഥർ

1. ശ്രീ. വി. ജെ. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
3. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീ. ജി. പി. പ്രദീപ് കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി & സെക്രട്ടറി, കെ.എസ്.ആർ.ടി.സി.
5. ശ്രീ. കെ. ജി. മോഹൻലാൽ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.
6. ശ്രീ. ജേക്കബ് തോമസ്, ഡയറക്ടർ, തുറമുഖ വകുപ്പ്
7. ശ്രീ. എം. ഗിരീഷ് കുമാർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, (എഫ്.ആർ.), ധനകാര്യവകുപ്പ്
8. ശ്രീ. ജി. വേണുഗോപാൽ, ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി.
9. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിംഗ്
10. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ (ഡിസൈൻ ആന്റ് അഡ്മിനിസ്ട്രേഷൻ) പൊതുമരാമത്ത് വകുപ്പ്
11. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
12. ശ്രീമതി കെ. പി. രമാദേവി, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
13. ശ്രീ. എൻ. കെ. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഗതാഗതവകുപ്പ്
14. ശ്രീ. സണ്ണി ജോൺ, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
15. ശ്രീ. എ. ഹാഷിം, ജോയിന്റ് സെക്രട്ടറി, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
16. ശ്രീ. സി. എം. സെയ്ത് മുഹമ്മദ്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
17. ശ്രീ. പി. സി. ഹരികേശ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്
18. ശ്രീ. ആർ. സുകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്) പൊതുമരാമത്ത് വകുപ്പ്.

844/2013.

2011-12 വർഷത്തെ ബഡ്ജറ്റിൽ, പൊതുമരാമത്ത്, തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച് പ്രസ്തുത വകുപ്പുകൾ തയ്യാറാക്കി സമർപ്പിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിൻമേൽ തയ്യാറാക്കിയ കുറിപ്പ്, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിൻമേൽ ലഭിച്ച തുടർനടപടിക്കുറിപ്പുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. പൊതുമരാമത്ത്, തുറമുഖം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുടെ 2011-12 വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളിലെയും ടി വർഷത്തെ ബജറ്റിലെയും തുകകൾ തമ്മിൽ പൊരുത്തക്കേടുകൾ ഉള്ളതായി സമിതി നിരീക്ഷിക്കുകയും ഇതുസംബന്ധിച്ച് വിശദമായ ചർച്ച ആവശ്യമാണെന്നതിനാൽ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളുടെ പരിഗണനയ്ക്കായി പ്രത്യേക യോഗം ചേരുന്നതിന് സബ്ജക്ട് കമ്മിറ്റികളുടെ ഇന്റേണൽ വർക്കിംഗ് റൂളിലെ ചട്ടം 13 പ്രകാരം ബഹു. സ്പീക്കറുടെ അനുമതി തേടുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

II. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിന്മേൽ ലഭിച്ച തുടർനടപടിക്കുറിപ്പുകളുടെ പരിഗണന.

## 1. ധനകാര്യ വകുപ്പ്

(i) 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

റഫ. നമ്പർ 63882/ബ.വി.കെ.1/12/ധന.

പൊതുശുപാർശ നമ്പർ 4, 5 എന്നിവയ്ക്ക് ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.

(ii) പൊതുശുപാർശ നമ്പർ 6

റഫ. നമ്പർ 55329/എൻ.സി.3/2012/ധന.

എം.എൽ.എ.-മാർക്കുള്ള മുൻഗണനാ മൂലധന പ്രവൃത്തികൾ എന്ന പദ്ധതി സംബന്ധിച്ച പ്രസ്തുത ശുപാർശയിൻമേൽ ലഭ്യമാക്കിയ മറുപടിയും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച ജി.ഒ. (പി) 332/2012/ധന., ജി.ഒ. (പി) 337/12/ധന., ജി.ഒ. (പി) 419/2012/ധന. എന്നീ സർക്കാർ ഉത്തരവുകളും സമിതി പരിഗണിക്കുകയും പ്രസ്തുത പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടുള്ള ഉത്തരവ് എത്രയുംവേഗം പുറപ്പെടുവിക്കണമെന്ന് ധനകാര്യവകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

## 2. കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

(i) 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

റഫ. നമ്പർ 863/എ2/2012/സി.എസ്.ഐ.എൻ.

പ്രസ്തുത റിപ്പോർട്ടിലെ 121, 128, 129 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(ii) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15898/സബ്.സി.എ2/2009/ലെജി.)

റഫ. നമ്പർ 92/എ2/2012/സി.എസ്.ഐ.എൻ.

പ്രസ്തുത റിപ്പോർട്ടിലെ 97, 98 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 3. ഗതാഗത വകുപ്പ്

(i) 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3057/സബ്.സി.എ2/2012/ലെജി.)

റഫ. നമ്പർ 9608/എ1/2012/ഗതാഗതം.

പ്രസ്തുത റിപ്പോർട്ടിലെ 127, 130 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലും ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട (2), (3) എന്നീ പൊതുശുപാർശകളിന്മേലും ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(ii) 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി.)

റഫ. നമ്പർ 8528/ബി1/2008/ഗതാഗതം.

പ്രസ്തുത റിപ്പോർട്ടിലെ 20-ാം ഖണ്ഡികയിലെ ശുപാർശയ്ക്കുള്ള മറുപടി സമിതി അംഗീകരിച്ചു.

## 4. പൊതുമരാമത്ത് വകുപ്പ്

പൊതുമരാമത്ത് വകുപ്പിൽനിന്നും താഴെപ്പറയുന്ന റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശുപാർശകളിൻമേൽ 1875/പി.എസ്.1/2012/പൊ.മ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(i) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15898/സബ്.സി.എ2/2009/ലെജി.)

15 മുതൽ 25 വരെയും 29 മുതൽ 42 വരെയും 44 മുതൽ 82 വരെയുമുള്ള ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി.

(ii) 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15927/സബ്.സി.എ2/2008/ലെജി.)

28 മുതൽ 36 വരെയും 44 മുതൽ 80 വരെയും 84 മുതൽ 89 വരെയും 91 മുതൽ 93 വരെയും 95 മുതൽ 97 വരെയുമുള്ള ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി.

(iii) 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13724/സബ്.സി.എ2/2007/ലെജി.)

15 മുതൽ 25 വരെയും 29 മുതൽ 31 വരെയും 33 മുതൽ 37 വരെയും 40 മുതൽ 58 വരെയും 63 മുതൽ 72 വരെയും 74, 76 മുതൽ 79 വരെയുമുള്ള ഖണ്ഡികകളിലെ ശുപാർശകളിൻമേലുള്ള മറുപടി.

(iv) 2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12482/സബ്.സി.എ2/2006/ലെജി.)

1, 3, 4 എന്നീ ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി.

(v) 2005-06 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5942/സബ്.സി.എ2/2005/ലെജി.)

1 മുതൽ 6 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി.

(vi) 9-4-2008-ലെയോഗനടപടിക്കുറിപ്പിലെ ശുപാർശ.

(ഫയൽ നമ്പർ 12880/സബ്.സി.എ2/2008/ലെജി.)

റോഡുകളുടെ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പും റവന്യൂവകുപ്പും സംയുക്തമായി നടപ്പാക്കുന്നതിനും റോഡുകളുടെയും പാലങ്ങളുടെയും പേര് രേഖപ്പെടുത്തിയിട്ടുള്ള ഫലകങ്ങൾ വ്യക്തമായി വായിക്കത്തക്ക രീതിയിൽ വൃത്തിയായി സംരക്ഷിക്കുന്നതിനുമുള്ള ഫണ്ട് ഉചിതമാർഗ്ഗത്തിൽക്കൂടി അനുവദിക്കണമെന്ന സമിതി ശുപാർശയിൻമേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

(vii) 18-12-2007-ലെ യോഗനടപടിക്കുറിപ്പിലെ ശുപാർശ.

(ഫയൽ നമ്പർ 13985/സബ്.സി.എ2/2007/ലെജി.)

ഒ.ഡി.ആർ.-ൽ വരുന്ന 13000 കിലോമീറ്റർ റോഡ് ടാർ ചെയ്യുന്നതിന് 120 കോടി രൂപ ആവശ്യമായതിനാൽ, ഇതിനായി ധനകാര്യവകുപ്പ് ഫണ്ട് ലഭ്യമാക്കുന്നതിനും, ഒരു കോടി രൂപയുടെ വർക്കിൽ എടുത്തിട്ടുള്ള എല്ലാ റോഡുകളും എം.ഡി.ആർ.-ആയി കൺവെർട്ട് ചെയ്തുകൊണ്ട് പ്രവൃത്തി നടപ്പാക്കുമെന്ന് നിയമസഭയിൽ സർക്കാർ നൽകിയിരുന്ന ഉറപ്പ് പ്രാവർത്തികമാക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന സമിതി ശുപാർശകളിൻമേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

III. 23/11, 24/11 എന്നീ നമ്പർ ഗസറ്റ് വിജ്ഞാപനങ്ങൾ ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ചും മത്സ്യബന്ധന-തുറമുഖ (ഇ) വകുപ്പ് ലഭ്യമാക്കിയ മറുപടിയിൻമേൽ തയ്യാറാക്കിയ കുറിപ്പ്.

(ഫയൽ നമ്പർ 6543/സബ്.സി.എ2/2011/ലെജി.)

(ഗവ. റഫ. നമ്പർ 4959/ഇ1/2010/മ.തു.വ. തീയതി 3-11-2012)

തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലെ ഇംപോർട്ട് ആന്റ് എക്സ്പോർട്ട് ഡ്യൂസ് പുതുക്കി നിശ്ചയിക്കുന്നതിനായുള്ള The Berthing of vessels for the making of Cargo Boats and Tugs and the use of Peirs and Government godowns at the Ports of Travancore Cochin State (Amendment) Rules, 2011 സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. 23/2011, 24/2011 എന്നിവ ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും കരടുചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ചും മത്സ്യബന്ധന-തുറമുഖ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

വൈകുന്നേരം 4.45-ന് സമിതി യോഗം പിരിഞ്ഞു.

## 13-2-2013-ലെ യോഗനടപടിക്കുറിപ്പ്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2013 ഫെബ്രുവരി മാസം 13-ാം തീയതി ബുധനാഴ്ച രാത്രി 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ, 'IVഎ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
4. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
5. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. സുരേഷ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. സി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്)
4. ശ്രീ. സണ്ണി ജോൺ, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
5. ശ്രീ. വി. ദിനേശ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

In clause 1 of the Bill, for sub-clause (2), the following shall be substituted, namely:—

"(2) Clause (ii) of section 2 shall come into force at once and the remaining provisions of this Act shall be deemed to have come into force on the 28th day of November, 2011."

For Clause 2 of the Bill, the following clause shall be substituted, namely:—

"2. *Amendment of section 2.*— In the Kerala Tolls Act, 1976 (6 of 1977) (hereinafter referred to as the principal Act), in section 2,—

(i) in clause (a), for the words "one hundred lakhs rupees" the words "five hundred lakhs rupees" shall be substituted;

(ii) in clause (c), after the words "two wheeler" the words "or a three wheeler" shall be inserted.".

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെയും കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിലെയും ചില വ്യവസ്ഥകളിന്മേൽ താഴെപ്പറയുന്ന സമിതി അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
4. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
5. ശ്രീ. കെ. രാജു, എം.എൽ.എ.

രാത്രി 11.25-ന് സമിതി യോഗം പിരിഞ്ഞു.